**ധനകാര്യം:**

## 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9 കോടി രൂപയുടെയും നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,52,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാർഷികാദായനികുതിയും വില്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42 ലക്ഷം രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം ധഭ്യർത്ഥനയുടെ പേരിൽ 20,00,03,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 59,17,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, വിദ്യാഭ്യാസം, കായിക വിനോദം കലാ-സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 180,40,20,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,22,66,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗരവികസനം എന്ന XXII-ാം എന്ന നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,57,67,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2 കോടി രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം എന്ന നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,35,28,000/- രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക-ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,06,82,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,05,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 326,13,90,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്ബ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,00,02,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുതി പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏതാനും വർഷങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് എന്നോട് ചോദിച്ച ഒരു ചോദ്യം ആവർത്തിച്ചുകൊണ്ട് ഈ ചർച്ച ആരംഭിക്കാൻ ആഗ്രഹിക്കുകയാണ്. പണം ചെലവഴിക്കാത്ത ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എന്തിനാണ് ഈ സഭ കൂടുതൽ പണം അനുവദിക്കുന്നത്? അന്ന് ഇത് ചോദിച്ചപ്പോൾ എനിക്ക് ഒരു പരുങ്ങൽ ഉണ്ടായി. കാര്യമെന്താണെന്നുവച്ചാൽ, പദ്ധതിച്ചെലവ് ഏകദേശം 80-85% വന്നിട്ടും ഇത്രയും വലിയൊരു തുക ചെലവഴിക്കാതെ എങ്ങനെ വന്നു എന്നുള്ളതാണ്; കാര്യം പിന്നീട്

വ്യക്തമായി. Ways and means എടുത്തത് തിരിച്ചടയ്ക്കാൻ വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക ways and means എടുക്കാതിരുന്നതിനാൽ തിരിച്ചടയ്ക്കേണ്ടി വന്നില്ല. പക്ഷെ, ഇപ്പോഴുള്ള സ്ഥിതി അങ്ങനെയല്ല. 2014-15-ൽ പദ്ധതി അടങ്കൽ 23,319 കോടി രൂപയായിരുന്നെങ്കിൽ ചെലവാക്കിയത് 13,699/- കോടി രൂപയാണ്; അതായത് 58 ശതമാനമാണ് ചെലവായത്. അതിൽ പബ്ലിക് അക്കൗണ്ടിൽ ഇട്ടിരിക്കുന്ന പണവും കൂടി മാറ്റിക്കഴിഞ്ഞാൽ പദ്ധതി തുകയുടെ പകുതിപോലും ചെലവാക്കുന്നതിന് നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. 2013-14-ൽ പദ്ധതി അടങ്കൽ 16,000-ൽപരം കോടി രൂപയായിരുന്നെങ്കിൽ ചെലവാക്കിയത് 11,000 കോടി രൂപയാണ്; അതായത് 69 ശതമാനം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ ഓരോരുത്തരും അവർക്കുവേണ്ട അധിക ഡിമാൻഡ് പറയുകയുണ്ടായി; അതെല്ലാംകൂടി 800 കോടി രൂപയാണ്. ആര്യാടൻ സാർ ചിരിക്കുന്നുണ്ട്; പക്ഷെ, അങ്ങേയ്ക്ക് എന്താണ് പറ്റിയതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. 113 കോടി രൂപ പദ്ധതിയിൽ ഉണ്ടായിട്ടും അങ്ങ് 21 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അനുവദിച്ചതിന്റെ നാലിലൊന്ന് മാത്രമേ ചെലവഴിച്ചുള്ളൂ; ഇന്നിപ്പോൾ അധികം ചോദിച്ചിരിക്കുന്നു. വേണമെങ്കിൽ ഓരോ മന്ത്രിയുടെയും കാര്യം പറയാം. വിദ്യാഭ്യാസം- 2,130 കോടി രൂപ അനുവദിച്ചതിൽ ചെലവഴിച്ചത് 1433 കോടി

രൂപ (65 ശതമാനം), ആരോഗ്യവകുപ്പ് - അനുവദിച്ചത് 1284 കോടി രൂപയാണെങ്കിൽ ചെലവഴിച്ചത് 844 കോടി രൂപയാണ്. നഗരവികസന വകുപ്പുമന്ത്രി ഇവിടെയില്ല, നഗരവികസനത്തിന് വകയിരുത്തിയത് 1304 കോടി രൂപയാണെങ്കിൽ ചെലവഴിച്ചത് 309 കോടി രൂപയാണ്; അതിന്റെ നാലിലൊന്നുപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മി ഇവിടെയില്ല, പട്ടികജാതി-പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റേതുകൂടി ചേർത്താൽ, രണ്ടു വിഭാഗങ്ങൾക്കുംകൂടി 2286 കോടി രൂപ വകയിരുത്തിയതിൽ 1494 കോടി രൂപയേ ചെലഴിച്ചിട്ടുള്ളൂ. ഏതു വകുപ്പെടുത്താലും കാര്യങ്ങൾ ഇതുപോലെയാണ്. തുറമുഖ വകുപ്പിന്റെ കാര്യമെടുത്താൽ, ബഹുമാനപ്പെട്ട കെ. ബാബു ഇവിടെയുണ്ടല്ലോ; 104 കോടി രൂപ വകയിരുത്തിയിട്ട് ചെലവഴിച്ചത് 49 കോടി രൂപയാണ്. എന്താണ് അതിനുള്ള കാരണമെന്നത് ഈ സഭയോട് നിങ്ങൾ പറയണം. പഞ്ചായത്ത്, ഗ്രാമവികസനം തുടങ്ങി ഏത് വകുപ്പിലും ഇതുപോലെയാണ്. കുടിവെള്ളത്തിന് ചെലവഴിച്ചത് 66 ശതമാനമാണെങ്കിൽ ജലസേചനത്തിന് 19 ശതമാനം മാത്രമേയുള്ളൂ; പദ്ധതി തുക ഏറ്റവും കുറച്ച് ചെലവഴിച്ചത് ജലസേചനത്തിനാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഡോ. ടി. എം. തോമസ് ഐസക്, എന്തുകൊണ്ട്

ചെലവഴിച്ചില്ല എന്ന് ഞങ്ങൾ പറയണമെന്ന് അങ്ങ് പറയുന്നു. ഞങ്ങൾ മറുപടി പറയുന്നത് കേൾക്കാൻ അങ്ങ് തയ്യാറാണോ; മറുപടി പറയുമ്പോൾ ഇവിടെ ഇരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസംഗിക്കുന്നില്ലെങ്കിൽ നമുക്ക് ചർച്ച ചെയ്യാം. ഞങ്ങളുടെ നിലപാട് നിങ്ങൾക്ക് അറിയാവുന്നതല്ലേ; ഇവിടെ പറയാൻ പറ്റിയില്ലെങ്കിൽ സഭയ്ക്ക് പുറത്തെങ്കിലും നിങ്ങൾക്ക് ഇത് പറയേണ്ടിവരും, അതിന് സംശയം വേണ്ട. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അക്കൗണ്ടിലില്ലാത്ത ധാരാളം പ്രഖ്യാപനങ്ങൾ നടത്തുന്നതിനാൽ വലിയ കയ്യടികിട്ടും. 2013-14-ലെ ബഡ്ജറ്റിൽ അക്കൗണ്ടിലില്ലാത്ത 228 പുതിയ പ്രഖ്യാപനങ്ങളാണ് നടത്തിയത്. വർഷാവസാനമായപ്പോൾ അതിൽ എത്രയെണ്ണത്തിനാണ് ധനകാര്യവകുപ്പ് അനുമതി കൊടുത്തത്? ബഡ്ജറ്റിൽ സപ്ലിമെന്ററി ഡിമാന്റ്സിൽ പണം നീക്കിവച്ചത് 126 എണ്ണത്തിനാണ്. പൂർണ്ണമായും ചെലവഴിച്ചത് 30 പദ്ധതികൾക്കാണ്. ഇത് ഈ സഭയിൽ കിട്ടിയിട്ടുള്ള ഉത്തരമാണ്. ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനം, ഇപ്പോൾ പ്രഖ്യാപിച്ച 228 പുതിയ പദ്ധതികൾക്കുള്ള ചെലവെന്നുപറഞ്ഞ് സഭയോട് ആവശ്യപ്പെട്ടത് 1145 കോടി രൂപയാണ്.

അവസാനം ബഡ്ജറ്റിലെ സപ്ലിമെന്ററി ഡിമാന്റ്സിൽ വന്നത് 236 കോടി രൂപ. അതിൽ ചെലവാക്കിയത് 110 കോടി രൂപ. ഇതിന് കാരണക്കാർ ആരാണ്? ഞാൻ ഈ പദ്ധതികളിലെ ഓരോ സ്കീമുകളുടേയും പേര് പറയുന്നില്ല. കൃഷിക്കാർക്കുള്ള ഇൻകം ഗ്യാരണ്ടി സ്കീം എവിടെ; കുടുംബനാഥൻ മരിച്ചുപോയാൽ കടംമുഴുവൻ ഏറ്റെടുക്കുമെന്നുപറഞ്ഞിട്ട് എന്തുചെയ്തു; കർഷക കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മുഴുവൻ ലാപ്ടോപ് കൊടുക്കുമെന്ന് പറഞ്ഞിട്ട് എവിടെ? ഇങ്ങനെയുള്ള 228 പ്രഖ്യാപനങ്ങൾ....., അതെല്ലാം പറഞ്ഞ് ഞാൻ നിങ്ങളെ വിഷമിപ്പിക്കുന്നില്ല. ഞങ്ങളില്ലെങ്കിലും ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി പ്രസംഗത്തിൽ ഇതിന് കാരണക്കാർ ആരാണെന്ന് വ്യക്തമാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് നിങ്ങളാണ് കാരണക്കാരെന്നാണ്. നിയമസഭയിൽ എഴുതിത്തന്നിട്ടുള്ള ഉത്തരത്തിൽ പറയുന്നതാണ്. അദ്ദേഹം ബഡ്ജറ്റിൽ പദ്ധതികൾ സുലഭമായി പ്രഖ്യാപിച്ചു. അവ നടപ്പാക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾക്കുമാണ്. അത് നിങ്ങൾ നടപ്പാക്കിയില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ഭരണാനുമതിക്കുവേണ്ടി നിങ്ങൾ ഫയൽ ധനകാര്യവകുപ്പിന് കൊടുത്തില്ലെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഏതാണ് സത്യം; നിങ്ങളുടെ കഴിവുകേടാണോ അതോ സംസ്ഥാന

സർക്കാരിന്റെ ഖജനാവിൽ പണമില്ലാതെ വന്നതാണോ കാരണം? അത് അങ്ങ് വ്യക്തമാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇതേ പ്രശ്നം ഞങ്ങൾ ഉന്നയിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഭരണയന്ത്രം തുരുമ്പിച്ചതായതിനാൽ സാധിച്ചില്ലെന്നാണ്. ആ നിലപാട് ഇപ്പോഴുമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയല്ല ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി എന്റെ ആദ്യത്തെ വാചകം കേട്ടില്ല. Ways and means-ന് 5000 കോടി രൂപ ഈ വർഷം എടുക്കേണ്ടിവരുമെന്നും അത് ഈ വർഷംതന്നെ തിരിച്ചുകൊടുക്കണമെന്നും ബഡ്ജറ്റ് ചെലവിൽ എഴുതിയിരുന്നു. അത് എടുക്കാത്തതിനാൽ തിരിച്ചുകൊടുക്കേണ്ടി വന്നില്ല. അതാണ് വ്യത്യാസം. നടപ്പാക്കാതെ പോയതിനുള്ള കാരണം പ്രതീക്ഷിച്ച വരുമാനമുണ്ടായില്ല എന്നതാണ്. കഴിഞ്ഞ വർഷം 64000 കോടി രൂപ റവന്യൂ വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും 55000 കോടിരൂപ മാത്രമേ വരുമാനമുണ്ടായിട്ടുള്ളൂ. കേന്ദ്രസർക്കാർ തരുന്നത് കുറച്ചതല്ല, 52000 കോടി രൂപ നികുതി കിട്ടുമെന്ന്

പറഞ്ഞു, പിരിച്ചത് 43000 കോടി രൂപ മാത്രം. ഇനി ഞാൻ പറയുന്ന കണക്ക് കേട്ടാൽ നിങ്ങൾ ഞെട്ടും. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എപ്പോഴും 10-ഉം 12-ഉം ശതമാനം വർദ്ധനവ് നികുതി വരുമാനത്തിലുണ്ടാകുന്നുവെന്നല്ലേ പറയുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ നികുതികളും നിരക്കുകളും ഏർപ്പെടുത്തിയിട്ട് എത്ര തുക അധികം പിരിച്ചു എന്നു ചോദിച്ചതിന് ഉത്തരം പറഞ്ഞിരിക്കുന്നത്, 2011-12-ൽ 753 കോടി രൂപ, 2012-13-ൽ 1512 കോടി രൂപ, 2013-14-ൽ 1138 കോടി രൂപ, 2014-15-ൽ 1556 കോടി രൂപ എന്നാണ്. ഇതിനുപുറമേ 7000 കോടി രൂപ അധിക നികുതി അടിച്ചേല്പിച്ച സർക്കാരാണിത്. ഈ പറഞ്ഞ തുകകൾ ഓരോ വർഷവും ഉണ്ടായ നികുതിവർദ്ധനവിൽനിന്ന് കിഴിച്ചാൽ എത്രശതമാനം നികുതി വരുമാനം കൂടിയെന്ന് അറിയണോ; അധിക വരുമാനം മാറ്റിയാൽ മാത്രമല്ലേ നമുക്ക് യഥാർത്ഥ വർദ്ധനവ് മനസ്സിലാക്കാൻ സാധിക്കൂ? 2011-12-ൽ 11.6 ശതമാനവും 2012-13-ൽ 11.1 ശതമാനവും 2013-14-ൽ 2.6 ശതമാനവും 2014-15-ൽ അതായത് കഴിഞ്ഞവർഷം യഥാർത്ഥ നികുതി വരുമാന വർദ്ധനവ് 1.5 ശതമാനവുമാണ്. ഒരുവർഷത്തെ നികുതി വരുമാന വർദ്ധനവിന്റെ കണക്കാണ് ഞാൻ പറയുന്നത്. എന്നിട്ടും ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുകയാണ്. അങ്ങനെ പ്രഖ്യാപിച്ചതിനുശേഷം

മന്ത്രിമാരുടെ പിടിപ്പുകേടുകൊണ്ട്, അവർക്ക് ഭരണനിർവ്വഹണ പുരോഗതിയില്ലാത്തതുകൊണ്ട് പണം നൽകാൻ പറ്റിയില്ലെന്ന് പറയുകയാണ്. എന്താണ് യഥാർത്ഥ പ്രശ്നം? ഒന്നാമതായി, കുടിശ്ശിക പിരിക്കുന്നില്ല. വാറ്റ് നികുതി കുടിശ്ശിക 3591 കോടി രൂപ, വില്പനനികുതി കുടിശ്ശിക 2741 കോടി രൂപ, മോട്ടോർവാഹന നികുതി കുടിശ്ശിക 1279 കോടി രൂപ. രണ്ടാമത്തെ പ്രശ്നം, ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതുപോലെ എന്തെല്ലാം നികുതി ചോർച്ചകളാണ് ഉണ്ടാകുന്നത്; 65 കോടി രൂപയുടെ കോഴി നികുതി വെട്ടിപ്പ്. അത് അംഗീകരിക്കുന്നതിനുവേണ്ടി അപ്പീൽ. ഡി.സി.-യെവരെ മാറ്റിക്കൊടുത്തതിന്റെ കണക്ക് പറഞ്ഞപ്പോൾ പറഞ്ഞു, നമ്മൾ ട്രിബ്യൂണലിൽ അപ്പീൽ കൊടുക്കുന്നുണ്ടെന്ന്. എവിടെ അപ്പീൽ? ദേഹപുഷ്ടിക്ക് കഴിക്കുന്ന മുസ്‌ലി പവർ ഫുഡ് ടോണിക് ആണെന്നുള്ള നിർവ്വചനം മാറ്റി അത് മരുന്നാണെന്ന് പറഞ്ഞുകൊണ്ട് നികുതി 14 ശതമാനത്തിൽനിന്ന് 4 ശതമാനം ആക്കിയതിന്റെ ഫലമായി എത്ര കോടി രൂപയാണ് പോയിട്ടുള്ളത്? കോഴിയുടെ നികുതി വരുമാനം പകുതിയായി. അതിനു കാരണം അവിടത്തെ മന്ത്രിയുടെ പാർട്ടിയുടെ ഒരു നേതാവാണ് ഇന്ന് നടുപുണി ഭരിക്കുന്നത്. 5 കോഴിവണ്ടി പോയാൽ 2 എണ്ണത്തിന് മാത്രം നികുതി, ഇതല്ലേ ഇന്ന് നടക്കുന്നത്? സ്ഥലംമാറ്റം മുഴുവൻ

അഴിമതിയുടേതാണ്. കമ്മീഷണറുടെ ഓഫീസിൽനിന്ന് ഏതെങ്കിലും സ്ഥലംമാറ്റമുണ്ടോ; സ്ഥലംമാറ്റത്തിന് എന്തെങ്കിലും നോംസ് ഉണ്ടോ; മന്ത്രിയുടെ ഓഫീസിൽനിന്ന് കൊടുക്കുന്ന ലിസ്റ്റനുസരിച്ചല്ലാതെ എതെങ്കിലും സ്ഥലംമാറ്റമുണ്ടായിട്ടുണ്ടോ; ഡി.സി.യുടെ സ്ഥലംമാറ്റത്തിലൊക്കെ ഇടപെടുന്നത് മനസ്സിലാക്കാം. എന്നാൽ പ്യൂണിന്റേയും ഡ്രൈവറുടേയുമടക്കം സ്ഥലംമാറ്റത്തിൽ അഴിമതിയാണ്. ഞാൻ ഇത് ഗൗരവമായി പറയുകയാണ്. മറ്റ് അഴിമതിയാരോപണങ്ങളൊന്നും ഞാൻ പറയുന്നില്ല, നാണമുണ്ടെങ്കിലല്ലേ പഞ്ഞിട്ട് കാര്യമുള്ളൂ. ഈ രീതിയിൽ അഴിമതിക്കാശ് വാങ്ങി ഓരോ ഉദ്യോഗസ്ഥരും ഖജനാവ് കട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി വരുമാനമില്ല, പ്രഖ്യാപനങ്ങളും പദ്ധതി ചെലവുമുണ്ട്. കമ്മി കൂടി. കഴിഞ്ഞവർഷം 14437 കോടിരൂപയാണ് റവന്യൂ കമ്മി. അതായത് മൂന്ന് ശതമാനം. 14000 കോടി രൂപയെ നമുക്ക് വായ്പയെടുക്കാൻ അനുവാദമുള്ളൂ. ഇതിന്റെ ഫലമായി ആ പണം മുഴുവൻ റവന്യൂ കമ്മിക്കുവേണ്ടി കൊടുക്കുകയാണ്. അനാമത്ത് വായ്പ പബ്ലിക് അക്കൗണ്ടുകൾവഴി എടുത്താൽപോലും 76 ശതമാനം കടമെടുത്തത് മുഴുവൻ റവന്യൂ ചെലവിന് വേണ്ടിവരികയാണ്. സ്വാഭാവികമായും ഇവർക്ക് കുടിശ്ശിക വരുന്നു. ഇത്തരത്തിലുള്ള ഓരോരോ പ്രശ്നങ്ങളുടെ പ്രത്യാഘാതത്തെക്കുറിച്ച് ഞാൻ കൂടുതൽ

വിവരിക്കുന്നില്ല. ഇപ്രകാരം ഇന്നിനെ തകർക്കുക മാത്രമല്ല കേരളത്തിന്റെ സാമ്പത്തിക ഭാവിയെ നിങ്ങൾ തുരങ്കം വയ്ക്കുകയാണ്. ഇന്ന് എല്ലാം ശുഭമാണെന്നാണല്ലോ ഭരണപക്ഷം കരുതുന്നത്; 4000 കോടി രൂപയാണ് കേന്ദ്രത്തിൽനിന്ന് കമ്മി നികത്താൻവേണ്ടി കിട്ടുന്നത്. ഇതിനുപുറമെ, നികുതി വിഹിതം 42 ശതമാനമാക്കിയതിലൂടെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചുരുങ്ങിയത് 3000 കോടി രൂപ കൂടുതൽ കിട്ടി. ഈ പണം ഇപ്പോൾ എന്താണ് ചെയ്യുന്നത്; കോൺട്രാക്ടർമാർക്ക് കൊടുത്തോ? തന്നിരിക്കുന്ന ഉത്തരം ഡിസംബർ മാസത്തിൽ കൊടുക്കുമെന്നാണ്. ഈ പണമെടുത്ത് ദീവാളി കുളിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ റവന്യൂ ചെലവിന് കൊടുക്കുന്നതിന്റെ പ്രത്യാഘാതം എന്താണെന്ന് സഭ മനസ്സിലാക്കണം. കാരണം ധനകാര്യ കമ്മീഷൻ അധിക ഗ്രാന്റ് നൽകിയപ്പോൾ ഒരു fiscal consolidation path പറഞ്ഞിട്ടുണ്ട്.

മി. ചെയർമാൻ: യെസ് പ്ലീസ് കൺക്ലൂഡ്...പ്ലീസ് . . .

ഡോ. ടി. എം. തോമസ് ഐസക്: അതുപ്രകാരം അടുത്ത വർഷം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ റവന്യൂ കമ്മി പൂജ്യം ആയിരിക്കണം. കേരളത്തിന് ഇന്നുള്ളതുപോലെയാണ് നികുതിയും ചെലവും വരുന്നതെങ്കിൽ റവന്യൂ കമ്മി എത്രയായിരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നൽകിയിട്ടുള്ള

എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. 2015-16 ൽ 2.5 ശതമാനവും 2020 ആകുമ്പോൾ അത് 2.4 ശതമാനവും ആയിരിക്കും. ഇന്ന് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ചെയ്തികളുടെ ഫലമായി ഈ പറയുന്ന അധികവരുമാനം അടുത്ത വർഷമില്ലെന്നാണ് ഞാൻ പറയുന്നത്. Fiscal consolidation path-ന്റെ അടിസ്ഥാനത്തില്ലല്ലേ നിങ്ങൾക്ക് അധിക പണം റവന്യൂ കമ്മി നികത്താൻ വേണ്ടി ലഭിക്കുന്നത്. അതും കൂടി ഇല്ലാതായാൽ കേരളത്തിന്റെ സ്ഥിതി എന്താകും? കൊട്ടയിലെടുത്തുകൊണ്ട് പോകേണ്ടി വരും. നിങ്ങളുടെ ധനനയങ്ങൾ കേരളത്തിന്റെ ഭാവിയുടെ നേരേ കതകടച്ച് പൂട്ടുകയാണ്. ഇത് ഗൗവമായിട്ടുള്ള കാര്യമാണ്. കേരളത്തിൽ സർക്കാരുകൾ മാറി വരും. പക്ഷേ ഇന്നു ഭരിക്കുന്നവർ ഈ വർഷമാണ് ലോകാവസാനം, ഇതുകൊണ്ടു തീർന്നു, എന്നുള്ള രീതിയിൽ ഇത് കൈകാര്യം ചെയ്യരുത്. മിനിമം കോൺട്രാക്ടർമാർക്കെങ്കിലും കൊടുക്കാനുള്ള തുക കൊടുക്കണം. അത്രയെങ്കിലും ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ബുക്കിൽ വരുമല്ലോ. കോൺട്രാക്ടർമാക്ക് തുക കൊടുക്കാതിരിക്കുന്നതിന്റെ ഫലമായി 40 ശതമാനം ടെണ്ടർ എക്സസ്സിലല്ലേ പോകുന്നത്. അങ്ങനെ എന്തു നഷ്ടമാണ് കേരളത്തിന് ഉണ്ടാകുന്നത്?

മി. ചെയർമാൻ : സീനിയർ മെമ്പർമാർ മാതൃക കാണിക്കണം. ഇന്ന്

പ്രത്യേക സാഹചര്യമാണുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ നീട്ടുന്നില്ല. ഇത് ഗൗരവമായ കാര്യങ്ങളാണ്. മേശക്ക് അപ്പുറവും ഇപ്പുറവും നിന്നു കൊണ്ടു ബഡ്ജറ്റ് ചർച്ച വേണ്ടായെന്നാണ് പറയുന്നത്. അനൗപചാരികമായിട്ടാണെങ്കിലും ഇന്നത്തെ ധനകാര്യ അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാം. പറയാൻ ഏറെ കാര്യങ്ങളുണ്ട്. ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഈ ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ മന്ത്രിമാർ മുന്നോട്ടുവച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് കുറെ കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം ധനകാര്യവകുപ്പുമന്ത്രി കെ. എം മാണി സാറിനുനേരെ കുറെ ചോദ്യങ്ങൾ എറിഞ്ഞു. കഴിഞ്ഞ ഒരു മാസമായി പ്രതിപക്ഷത്തുനിന്നുമുള്ള അംഗങ്ങൾ ഇതുപോലെ മന്ത്രിമാരുടെ നേരെ ചോദ്യങ്ങൾ എറിഞ്ഞ് മുദ്രാവാക്യം വിളിച്ച് പുറത്തോട്ട് പോകുന്നതാണ് കാണാറുള്ളത്. നിങ്ങൾ അറിയാൻ വേണ്ടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ബഹുമാന്യരായ അംഗങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുള്ള സംശയങ്ങൾക്കും ആവലാതികൾക്കും കൃത്യമായ മറുപടി കൊടുത്തിട്ടു തന്നെയാണ് എല്ലാ വകുപ്പുകളിലെയും മന്ത്രിമാർ പോയിട്ടുള്ളത്.

അവരവരുടെ വകുപ്പുകളിൽ ധനാഭ്യർത്ഥന നടത്തുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ പോകുന്നതെന്നും അതാത് വകുപ്പുകളുടെ ധനസ്ഥിതിയും എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ടെന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതൊന്നും കേൾക്കാനോ മനസ്സിലാക്കാനോ സംശയമുണ്ടെങ്കിൽ അപ്പോൾതന്നെ ചോദ്യം ചോദിക്കാനോ തയ്യാറാകാതെ ഇവിടെ വന്നു വീണ്ടും വിണ്ടും ആരോപണങ്ങളും സംശയങ്ങളും ഉന്നയിച്ചുപോകുന്നത് ശരിയായ കാര്യമല്ല. നിരവധി പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ച ആളാണ് ശ്രീ. കെ. എം. മാണി. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രഗത്ഭനായ ധനകാര്യ മന്ത്രിമാരിൽ ഒരാളാണ്. ധനകാര്യവകുപ്പ് കൈകാര്യം ചെയ്യുമ്പോൾ അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ സാമ്പത്തിക ദർശനങ്ങളും നിലപാടുകളുമുണ്ട്. ഡോ. ടി. എം. തോമസ് ഐസക്കിനും വ്യത്യസ്തമായ നിലപാടുകൾ ഉണ്ട്. ഡോ. ടി. എം. തോമസ് ഐസകിന്റെ നിലപാടുകൾ ശരിയല്ല എന്നുള്ളതുകൊണ്ടാണ് അദ്ദേഹത്തെ മാറ്റി കേരളത്തിലെ ജനങ്ങൾ മാണി സാറിനെ ധനകാര്യവകുപ്പ് ഏൽപ്പിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്, അദ്ദേഹത്തിന്റെ കയ്യിലുള്ള കണക്കുകൾ വച്ച് അവതരിപ്പിക്കുമ്പോൾ അതിന് മാണി സാറിന്റെ മറുപടി കേൾക്കാനുള്ളൊരു

സന്നദ്ധത അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. നേരത്തെ ശ്രീ. കെ. സി. ജോസഫ് അക്കാര്യം ചോദിച്ചപ്പോൾ ഞങ്ങൾ അതിനെക്കുറിച്ച് ആലോചിക്കാമെന്ന് പറഞ്ഞു. ഏതായാലും വലിയൊരു രാഷ്ട്രീയ മാറ്റം പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്നുവെന്നുള്ളതിൽ എനിക്ക് വളരെ സന്തോഷം ഉണ്ട്. പ്രതിപക്ഷം കേരളത്തിൽ ഒരുപാട് സമരങ്ങൾ നടത്തിയതാണ്. എല്ലാ സമരങ്ങളും പാളിപ്പോയി. നിയമസഭയ്ക്കകത്തും പരാജയപ്പെട്ടുപോകുന്ന ഒരു സമരമാർഗ്ഗമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. മാണി സാറിനെ ബഹിഷ്ക്കരിക്കുമെന്ന് പറഞ്ഞു പോയി, അതിനുവേണ്ടി എന്തുമാത്രം പെടാ പാടാണ് ഓരോ ദിവസവും നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ ദിവസവും ഏറ്റവും അവസാനം പ്രസംഗിക്കുന്ന ആൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് പുറത്തേയ്ക്ക് പോകുക, എന്തെല്ലാം കാര്യങ്ങളാണ് നടത്തുന്നത്. എന്തായാലും പതിമൂന്നാം കേരളാ നിയമസഭയുടെ പതിനാലാം സമ്മേളനം അതിന്റെ അവസാന ദിവസങ്ങളിലേയ്ക്ക് പോകുകയാണ്. ഇവിടെ വച്ച് നമുക്ക് അവസാനിപ്പിക്കാം. നിങ്ങൾക്കും ഒരു നല്ല അവസരമാണ്. എവിടെയെങ്കിലും വച്ച് അവസാനപ്പിക്കേണ്ടേ? നടക്കാത്ത കാര്യത്തിന്റെ പേര് പറഞ്ഞ്..... മാണി സാറിനെ സംബന്ധിച്ചിടത്തോളം കേരള നിയമസഭയിൽ ഒരേ നിയോജക മണ്ഡലത്തിൽ നിന്നും അൻപതുവർഷം തുടർച്ചയായി

തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ അംഗത്വത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ നടക്കുകയാണ്. ഗോൾഡൽ ജൂബിലി ആഘോഷം നടക്കുന്ന ഈ മാണിസാറിനെതിരെ സ്ഥിരമായി ഒരു ഗീബൽസ് തന്ത്രം ഉപയോഗിച്ച് കള്ളം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു കള്ളം പലതവണ ആവർത്തിച്ചാൽ അത് സത്യമാകുമെന്ന ഗീബൽസിന്റെ തീയറി പലപ്പോഴും നമ്മൾ എല്ലാം ചർച്ച ചെയ്തിട്ടുള്ളതായതുകൊണ്ട് ഞാൻ അത് വിശദീകരിക്കുന്നില്ല. പക്ഷേ കേരളത്തിന്റെ മണ്ണിലത് ചെലവാകുന്നില്ലായെന്ന് ബോധ്യപ്പെട്ടപ്പോൾ.... പരാജയപ്പെട്ടൊരു സമര മാർഗ്ഗം നിങ്ങളുടെ മുന്നിൽ നിൽക്കുമ്പോൾ അത് പിൻവലിച്ച് സമസ്ത അപരാധങ്ങൾക്കും മാപ്പ് പറയണമെന്ന് ഞാൻ പറയുന്നില്ല. എന്നാലും മനസ്സിലെങ്കിലും ഒരു കുറ്റബോധം അക്കാര്യത്തിൽ ഉണ്ടായി എന്ന വികാരത്തിൽ നിങ്ങൾ പോകണ്ടേ; അരുവിക്കര തെരഞ്ഞെടുപ്പിൽ നിങ്ങളെ ജനങ്ങൾ തള്ളി ക്കളഞ്ഞില്ലേ? കഴിഞ്ഞ പ്രാവശ്യത്തെക്കാൾ ഭൂരിപക്ഷത്തോടെ ഞങ്ങൾ വിജയിച്ചു. ഒരു ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ, ഗവൺമെന്റിനെ അനുകൂലിച്ച് ജനങ്ങൾ വർദ്ധിത ഭൂരിപക്ഷത്തോടെ നിൽക്കുകയെന്നുള്ളത് കേരള ചരിത്രത്തിൽ വളരെ ചുരുക്കമാണ്. കേരള ചരിത്രത്തിൽ പത്തു മുപ്പത്തിയഞ്ച് വർഷമായി ഓരോ അഞ്ചു വർഷം കഴിയുന്തോറും ഗവൺമെന്റുകൾ മാറി മാറി വന്നുകൊണ്ടിരിക്കുന്ന

കാഴ്ചയാണ് കാണുന്നത്. ഓരോ ഗവൺമെന്റിന്റെയും അവസാന കാലമാകുമ്പോൾ ഗവൺമെന്റിനെതിരെ Anti incumbency factor വളരെ സജീവമായി വരാറുണ്ട്. പക്ഷേ ഈ ഗവൺമെന്റിനെ സംബന്ധിച്ച് Anti incumbency വരുന്നില്ലായെന്നുമാത്രമല്ല എല്ലാ തെരഞ്ഞെടുപ്പിലും ഭൂരിപക്ഷം കൂടുകയും ചെയ്യുന്നു. അത് ഒരു പുതിയ ദിശാബോധം കേരള രാഷ്ട്രീയത്തിന് നൽകുന്നു. കേരളത്തിലെ ഇടതുപക്ഷത്തെ സംബന്ധിച്ച് എനിക്ക് ദു:ഖമുണ്ട്. ഐക്യ കേരളമുണ്ടായതിനുശേഷം അവരുടെ സംഭാവനകളെ ഞാൻ ഒരിക്കലും ചെറുതായി കാണുന്നില്ല. കേരള രാഷ്ട്രീയത്തിൽ ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുള്ള ഒരു പ്രസ്ഥാനമാണ് കമ്മ്യൂണിറ്റ് പ്രസ്ഥാനം. നിർഭാഗ്യവശാൽ പരിതാപകരമായ അവസ്ഥയിലേയ്ക്ക് ആ പ്രസ്ഥാനം പോകുകയാണ്. അങ്ങനെ ഉണ്ടാകാൻ പാടില്ലാത്തതാണ്. സ്വയം കൃതാർത്ഥമാണെങ്കിൽ പോലും അങ്ങനെ ഉണ്ടാകരുതെന്നുള്ള പ്രാർത്ഥനയും ഞങ്ങൾക്കുണ്ട്. കാരണം ആ പ്രസ്ഥാനം ഇവിടെ നിലനിൽക്കേണ്ടതാണ്. സ്വന്തം കയ്യിലിരിപ്പുകൊണ്ട് അത് അതിന്റെ അവസാനത്തിലേയ്ക്ക് പോകുന്ന കാഴ്ചയാണ് കാണുന്നത്. ബഹുമാനപ്പെട്ട കെ. എം. മാണി കേരള രാഷ്ട്രീയത്തിൽ റിക്കോർഡുകളുടെ രാജകുമാരനെന്ന് ഞാൻ പറയും. ഒരേ മണ്ഡലത്തിൽ നിന്നും 50 വർഷം ജനങ്ങൾ വീണ്ടും വീണ്ടും തെരഞ്ഞെടുത്തു.

അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ ഒരു വോട്ടറായതിൽ എനിക്ക് അഭിമാനമുണ്ട്. അദ്ദേഹത്തിന്റെ നാട്ടിൽ ജനിച്ച ആളാണ് ഞാൻ. ഇനിയെങ്കിലും നിങ്ങൾ അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങൾ അവസാനിപ്പിച്ചുകൊണ്ട് പ്രത്യേകിച്ചും ഈ സമ്മേളനത്തിലെ അവസാനത്തെ ദിവസങ്ങളായ ഇന്നും നാളെയും നിയമസഭയിൽ പൂർണ്ണമായും സഹകരിക്കണം. ധനകാര്യ വിഷയത്തിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ കാര്യങ്ങളിൽ ആശങ്കയുണ്ടെങ്കിൽ ആ ആശങ്കകൾ തീർച്ചയായിട്ടും ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുമായി ചർച്ച ചെയ്ത് അതിൽ വ്യക്തത വരുത്താനുള്ള ശ്രമം നടത്തണമെന്നാണ് എനിക്ക് വിനയപൂർവ്വം പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ എല്ലാ മന്ത്രിമാരും അവരുടെ ഉപധനാഭ്യർത്ഥന മുന്നോട്ടുവച്ചപ്പോൾ ചില മേഖലകളിൽകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കൃഷി വകുപ്പിന്റെ കാര്യത്തിൽ, പ്രകൃതി ദുരന്തങ്ങളെ നേരിടാൻ വളരെ കുറച്ച് പണം മാത്രമാണ് മാറ്റിവച്ചിട്ടുള്ളത്. പ്രകൃതിദുരന്തത്തിൽ കാർഷികവിഭവങ്ങൾ നഷ്ടപ്പെട്ടാൽ വളരെ കുറച്ച് തുകമാത്രമേ കൃഷിവകുപ്പിൽ നിന്നും നൽകുന്നുള്ളൂ. കേന്ദ്രഗവൺമെന്റിന്റെ പുതിയ മാനദണ്ഡങ്ങൾ വന്നപ്പോൾ, പ്രത്യേകിച്ച് കാർഷികവിളകൾക്ക് നഷ്ടമുണ്ടായാൽ വളരെ കുറച്ച് തുകമാത്രമേ

മാറ്റിവച്ചിട്ടുള്ളൂ. പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ ഒരു കർഷകനെ സംബന്ധിച്ചിടത്തോളം അവന്റെ സർവ്വസ്വവും നഷ്ടപ്പെടുകയാണ്. പകച്ചുനിൽക്കുന്ന കർഷകന് ധനസഹായം നൽകാൻ കൂടുതൽ പണം മാറ്റിവയ്ക്കണമെന്ന ഒരു അഭ്യർത്ഥന എനിക്കുണ്ട്.

എല്ലാ രാജ്യങ്ങളിലും ഒരു പക്ഷേ, പോലീസിനെക്കാൾ കൂടുതൽ പ്രാധാന്യം ഫയർഫോഴ്സിന് കൊടുക്കാറുണ്ട്. കാരണം ദുരന്തങ്ങളുണ്ടാകുമ്പോൾ ഓടിയെത്തുകയും അവിടെ സഹായങ്ങൾ എത്തിക്കുകയും ചെയ്യുന്നത് ഫയർഫോഴ്സാണ്. അവരെ well-equipped ആക്കണം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും വലിയ ഗതികേട്, ഇവിടെ ഇഷ്ടംപോലെ ഫ്ലാറ്റുകൾ ഉയരുന്നുണ്ടെന്നുള്ളതാണ്. മൂന്ന് നിലയ്ക്ക് മുകളിലേയ്ക്കുള്ള ഫ്ലാറ്റുകളിൽ ദുരന്തമോ തീപിടിത്തമോ ഉണ്ടായാൽ അത് കെടുത്താൻ വേണ്ടിയുള്ള സ്കൈ ലിഫ്റ്റുകൾ നമ്മുടെ സംസ്ഥാനത്തില്ല. ഇത് വലിയൊരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. പത്തും പതിനെട്ടും ഇരുപതും മുപ്പതും നിലകളുള്ള വലിയ ഫ്ലാറ്റുകൾ നമ്മുടെ സംസ്ഥാനത്ത് ഉയരുകയാണ്. നമുക്ക് ഭൂമി വളരെ കുറവായതുകൊണ്ട് നമ്മുടെ വാസസ്ഥലങ്ങൾ ആകാശത്തേയ്ക്ക് കെട്ടിപ്പൊക്കേണ്ടി വരും. അപ്പോൾ ഫ്ലാറ്റുകൾ അനിവാര്യമായ ഘടകമായതുകൊണ്ട് അത് കൂടുതൽ മുന്നോട്ടുവരും. ഇപ്പോൾ സ്കൈ ലിഫ്റ്റുകൾ

അടിയന്തരമായി ആവശ്യമുള്ളതാണ്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ എത്രയും വേഗം ഓടിയെത്താവുന്ന സംവിധാനത്തിൽ കൂടുതൽ സ്കൈ ലിഫ്റ്റുകൾ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ സംസ്ഥാനത്ത് അതില്ല. നാഷണൽ ബിൽഡിംഗ് ഗ്രിഡിന്റെ നിയമമനുസരിച്ച് സ്കൈ ലിഫ്റ്റുകളില്ലാതെ പുതിയ കെട്ടിടങ്ങൾക്ക് അനുമതിപോലും കൊടുക്കാൻ പാടില്ലെന്നുള്ളതാണ്. പക്ഷെ ലിഫ്റ്റ് വരാതെ അനുമതി കൊടുക്കാതിരുന്നാൽ അത് വലിയ പ്രശ്നമാണ്. അതിനാൽ ഇതിന് അനുമതി കൊടുത്തേ പറ്റുകയുള്ളൂ. അക്കാര്യത്തിൽ കൂടുതൽ പണം വകവയ്ക്കുവാനും അനുവദിക്കുവാനുമുള്ള സന്മനസ്സുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പതിനാലാം ധനകാര്യ കമ്മീഷനിലൂടെ കേന്ദ്രഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പിന് പദ്ധതിവിഹിതം പത്തുശതമാനം വർദ്ധിപ്പിച്ചുവെന്നാണ് പറയുന്നത്. പദ്ധതിവിഹിതം പത്തുശതമാനം വർദ്ധിച്ചപ്പോൾ സംഭവിച്ചിരിക്കുന്നത്, കേന്ദ്ര ആവിഷ്കൃതപദ്ധതികൾക്കുള്ള മുഴുവൻ സബ്സിഡിയും വെട്ടിക്കുറച്ചിരിക്കുകയാണ്. എൺപത്തിയഞ്ച് ശതമാനമുണ്ടായിരുന്നത് അമ്പതുശതമാനമാക്കിയിരിക്കുന്നു. നിരവധി പദ്ധതികൾക്ക് 90 ശതമാനം വരെ സബ്സിഡി കിട്ടിക്കൊണ്ടിരുന്നതെല്ലാം 50 ശതമാനത്തിന് താഴേയ്ക്ക് പോയിരിക്കുന്നു. പത്ത്

ശതമാനം നമുക്ക് തരികയും, ഇരുപത്തിയഞ്ച് ശതമാനം സംസ്ഥാനത്തിന് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന തുകകൾ ഇല്ലാതാക്കുകയും ചെയ്യുന്ന പുതിയ ധനകാര്യ സംവിധാനം, കേരളത്തിന് ഒട്ടും ഗുണകരമല്ല. നമുക്ക് വലിയ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇക്കാര്യം അങ്ങ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ജി.എസ്.ടി നടപ്പാക്കുന്നത് സംബന്ധിച്ച ഇന്ത്യയിലെ ധനകാര്യമന്ത്രിമാരുടെ സമിതിയിലെ ചെയർമാനാണ് അങ്ങ്. അത്തരം കാര്യങ്ങൾക്ക് അവസരം കിട്ടുമ്പോൾ കെ. എം. മാണിസാർ ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിക്കണം. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്കുവേണ്ടി എൻ.ആർ.എച്ച്.എം ഉൾപ്പെടെയുള്ള ക്ഷേമപ്രവർത്തന പദ്ധതികൾക്കും വിദ്യാഭ്യാസ വകുപ്പിന്റെ ജനക്ഷേമകരമായ എസ്.എസ്.എ. പോലെയുള്ള പദ്ധതികൾക്കുമൊക്കെയുള്ള ധനസഹായങ്ങൾ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ബി.ആർ.സി-കളിൽ പതിനായിരം രൂപ ശമ്പളത്തിന് റിസോഴ്സ് ടീച്ചേഴ്സായി പ്രവർത്തിക്കുന്നവർ ഭിന്നശേഷിയുള്ള, ട്രീറ്റ്മെന്റ് നടത്തികൊണ്ടിരിക്കുന്ന കുട്ടികളെ സ്കൂളുകളിൽ പോയി പരിശീലിപ്പിക്കുകയും അവർക്കുവേണ്ട വിദ്യാഭ്യാസ സംവിധാനങ്ങളും മറ്റുകാര്യങ്ങളും

ചെയ്തുകൊടുക്കുന്നുണ്ട്. അവർ വളരെ വലിയ സേവനമാണ് ചെയ്യുന്നത്. അവരെയിപ്പോൾ പിരിച്ചുവിട്ടിരിക്കുകയാണ്. കേരളാ ഗവൺമെന്റ് അവരെ സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. കാരണം കേന്ദ്രഗവൺമെന്റിന്റെ ധനസഹായം വെട്ടിക്കുറച്ചതുകൊണ്ട് സംഭവിച്ചതാണിത്. അവരെ സംരക്ഷിക്കുന്നതിന് കൂടുതൽ ധനസഹായം നൽകേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് കൂടുതൽ പണം മാറ്റിവയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

PWD-യുടെ ലാന്റ് അക്വിസിഷന് കൂടുതൽ പണം മാറ്റിവയ്ക്കണം. ഇതിലേയ്ക്ക് പണം മാറ്റിവയ്ക്കാത്തതുകൊണ്ട് നമ്മുടെ പല വികസനപദ്ധതികളും പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ്. അതിനും വളരെക്കുറച്ച് തുക മാത്രമാണുള്ളത്. നമ്മൾ വികസനരംഗത്ത് വൻകുതിപ്പ് നടത്തുന്നുണ്ട്. ആ കുതിപ്പിനൊപ്പം നമ്മുടെ പ്രവർത്തനങ്ങൾ അതിവേഗതയിൽ മുന്നോട്ടുപോകാൻ ലാന്റ് അക്വിസിഷന് കൂടുതൽ പണം മാറ്റിവയ്ക്കണമെന്നുകൂടി ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളാണ് ഓരോ വകുപ്പിലെയും മന്ത്രിമാർ ഉന്നയിച്ചിരിക്കുന്നത്. ഇത്രയും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിലെ മന്ത്രിമാരെന്ന നിലയിൽ അതിനെ പൂർണ്ണമായും ഞാൻ അനുകൂലിക്കുന്നു. അതോടൊപ്പം ചില മേഖലകൾ നമ്മൾ

കുറച്ചുകൂടി ശ്രദ്ധിക്കണം. നികുതി പിരിവിന്റെ കാര്യം വരുമ്പോൾ നമ്മൾ ഇടപെടേണ്ട പല മേഖലകളിലും ഇടപെടുന്നില്ലെന്നുള്ള കാര്യത്തിൽ എനിക്കൊരു പരാതിയുണ്ട്.

കുറച്ച് മേഖലകളെ കൂടി ടാക്സ് നെറ്റ്‌വർക്കിനകത്ത് കൊണ്ടുവരാനായി കാര്യക്ഷമമായ പ്രവർത്തനമുണ്ടാകണം. വൻതോക്കുകളൊക്കെ tax evasion നടത്തിക്കൊണ്ട് രക്ഷപ്പെട്ടുപോകുന്നു. പാവപ്പെട്ടവനിൽ നിന്നുമാത്രം ടാക്സ് പിരിക്കുന്ന സംവിധാനം പല മേഖലകളിലും അറിഞ്ഞോ അറിയാതെയോ സംഭവിക്കുന്നുണ്ട്. അത് മനഃപൂർവ്വമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കൂടുതൽ മേഖലയെ ടാക്സേഷന്റെ പരിധിയിൽ കൊണ്ടുവരണം. Tax evasion അനുവദിക്കാൻ പാടില്ല. നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികളുണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ : സർ, ഞാൻ ഈ സർക്കാരിന്റെ നയങ്ങളെ എതിർക്കുകയാണ്. അഴിമതി നടത്തുകയും അത് മൂടിവയ്ക്കുന്നതിന് അധികാര ദുർവിനിയോഗം നടത്തുകയും കേരളത്തിൽ ലൈംഗിക അരാജകത്വം സംഭാവന ചെയ്യുകയും ചെയ്തതാണ് ഈ സർക്കാരിന്റെ മുഖമുദ്രയായി കാണാൻ കഴിയുന്നത്.

അഴിമതിയിൽ ജനിച്ച്, അഴിമതിയിൽ വളർന്ന്, അഴിമതിയിൽ ഒടുങ്ങുന്ന ഭരണമായി മാറുകയാണ് യു.ഡി.എഫ്-ന്റെ ഭരണം. 'നാണം കെട്ടും പണം നേടിയെന്നാൽ, നാണക്കേട് ആ പണം തീർത്തുകൊള്ളും' എന്ന് പറയുന്ന മുദ്രാവാക്യമാണ് ഭരണകർത്താക്കൾ സൂക്ഷിക്കുന്നത്. ഇവിടെ പ്രതിപക്ഷം ഉയർത്തുന്ന ആവശ്യങ്ങൾ പ്രസക്തമാണെന്ന രീതിയിൽ തന്നെയാണ് ഭരണകകക്ഷി എം.എൽ.എ മാരുടെ പ്രസംഗത്തിലും നമുക്ക് കേൾക്കാൻ കഴിയുന്നത്. ആദ്യം പ്രശംസിച്ച് വസ്തുതാവിരുദ്ധമായി സംസാരിക്കുമ്പോഴും പ്രതിപക്ഷം ഉയർത്തുന്ന യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഭരണകക്ഷി മെമ്പർമാർ വരുന്നതിന്റെ പ്രതിഫലനമാണ് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ജോസഫ് വാഴയ്ക്കൻ ഉൾപ്പെടെയുള്ള മെമ്പർമാർ പറഞ്ഞത്. നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിൽ വീഴ്ചവരുന്നു, കുറേക്കൂടി സൂക്ഷിക്കേണ്ടതുണ്ടെന്നുപറയുന്ന ആ ശൈലിതന്നെയാണ് കേരളത്തിന്റെ ധനകാര്യ സ്ഥിതിയുടെ തകർച്ചയുമായി ബന്ധപ്പെട്ട് ഇവിടെ പ്രതിപക്ഷ മെമ്പർമാരും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുന്നത്. കൂടാത്ത നിയമസഭയിൽ, അവതരിപ്പിക്കാത്ത ബഡ്ജറ്റിൽ കൂടി 1556 കോടി രൂപയുടെ അധികനികുതിയും ബഡ്ജറ്റിന് പുറത്ത് 2500 കോടി രൂപയുടെ അധിക നികുതിയും ജനങ്ങളിൽ അടിച്ചേൽപ്പിച്ച്, വൻകിടക്കാർക്ക് ആനുകൂല്യങ്ങൾ നൽകി, സാധാരണ ജനങ്ങളുടെ

ചുമലിൽ അധികഭാരം കെട്ടിവയ്ക്കുന്ന ഒരു ഗവൺമെന്റ് സമീപനത്തിനെതിരായിട്ടാണ്, ആ നയത്തിനെതിരായിട്ടാണ്, ഞങ്ങൾ പ്രതികരിക്കുന്നത്. കേരളത്തിൽ വേണ്ടപ്പെട്ടവർ നേരിട്ട് വേണ്ടതുപോലെ കാര്യങ്ങൾ ചെയ്താൽ വൻകിടക്കാർക്ക് നികുതിയിളവും മറ്റ് ഇളവുകളും അനുവദിക്കുമെന്നുള്ളത് ആ രംഗത്തുള്ളവർ തന്നെ പറയുന്നു. പിരിച്ചെടുക്കാനുള്ള നികുതി പിരിച്ചെടുക്കാനും, അത്തരം വാഗ്ദാനങ്ങൾ കേരളത്തിൽ നിലനിൽക്കുന്നതായി പറയുന്നു. കേരളത്തിന്റെ ധനകാര്യസ്ഥിതി വളരെ ദയനീയമായിക്കൊണ്ടിരിക്കുകയാണ്. റവന്യൂ വരുമാനത്തിൽ വലിയ ചോർച്ച വരുത്തുന്ന അഴിമതി ഭരണക്കാർ സാധാരണ ജനങ്ങളുടെ മേൽ കുതിര കയറുകയാണ്. കേരളത്തിലെ കാർഷിമേഖലയും വ്യാവസായികമേഖലയും ഏറെക്കുറേ നിശ്ചലമായി. പരമ്പരാഗത വ്യവസായങ്ങൾ ചരമഗീതം പാടുകയാണ്. റബ്ബറിന്റെ വിലത്തകർച്ച പരിഹരിക്കാൻ ഫലപ്രദമായ നടപടികളെടുക്കാൻ റബ്ബറിന്റെ നാട്ടിൽ നിന്നുള്ള മുഖ്യമന്ത്രിയോ ധനമന്ത്രിയോ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കാർഷിക മേഖലയിലേയും നിർമ്മാണമേഖലയിലേയും തളർച്ച അതുമായി ബന്ധപ്പെട്ട് നിരവധി മേഖലകളെ തകർക്കുകയാണ്. ജനങ്ങളുടെ സർവ്വതും കവർന്നെടുത്ത് അവരെ വഴിയാധാരമാക്കുന്ന ഭരണാധികാരികളുടെ ധിക്കാരത്തിനെതിരെ അതിശക്തമായ

ജനവികാരം ഉയരുകയാണ്. കേരളത്തിലെ സാമ്പത്തിക തകർച്ചയുടെ കാരണം ഭരണകൂടത്തിന്റെ പ്രതിബദ്ധതയില്ലായ്മയാണെന്ന് ബോധ്യമായിരിക്കുകയാണ്. ട്രഷറി അടച്ചുപൂട്ടാ തിരിക്കാനുള്ള ചില ട്രിക്കുകളുമായാണ് ഇപ്പോൾ കേരളം മുമ്പോട്ട് പോകുന്നത്. ധനകാര്യനിഘണ്ടുവിൽപോലുമില്ലാത്ത ഇലക്ട്രോണിക് ലെഡ്ജർ എന്ന പുതിയ സംവിധാനത്തിലൂടെ ചെലവഴിക്കാത്ത തുക ഇലക്ട്രോണിക് ലെഡ്ജറിൽ രേഖപ്പെടുത്തിക്കൊണ്ടുപോകുന്ന വകുപ്പുകൾ ട്രഷറിയുടെ മുമ്പിൽ പൈസക്കുവരാത്ത ഒരവസ്ഥ സൃഷ്ടിച്ചുകൊണ്ട്, ചില ഗിമ്മിക്കുകൾ കാട്ടിയാണ് കേരളത്തിലെ ട്രഷറി പൂട്ടാതെ മുന്നോട്ട് പോകുന്നതെന്ന സത്യം ഈ നാട് തിരിച്ചറിയുകയാണ്. ഖജനാവിൽ ഏറ്റവും കൂടുതൽ തുക എത്തുന്ന വിൽപ്പന നികുതിയുമായി ബന്ധപ്പെട്ട് താരതമ്യം ചെയ്ത് പരിശോധിക്കാൻ മുൻകാലഗവൺമെന്റുകളുണ്ട്. എൽ.ഡി.എഫ് സർക്കാർ ഭരണത്തിലിരിക്കുമ്പോൾ വരുമാനം വർദ്ധിപ്പിക്കാൻ വിൽപ്പന നികുതിയടക്കം തിരിച്ചടക്കാൻ നിശ്ചയിച്ചത്, ടാർജറ്റിനെക്കാൾ കൂടുതൽ തുക പിരിച്ചെടുക്കുന്ന സംവിധാനമാണുണ്ടായിരുന്നതെങ്കിൽ....., ഉദാഹരത്തിന് 2010-11 ൽ 15125 കോടി രൂപ വിൽപ്പന നികുതിയിത്തിൽ പ്രതീക്ഷിച്ചുവെങ്കിൽ 15831 കോടി രൂപ പിരിച്ചതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതൊക്കെയാണ് വരുമാന

വർദ്ധനവുമായി ബന്ധപ്പെട്ടുള്ള ചർച്ചകളിൽ കടന്നുവരുന്നത്. ഇത് ഭരണപക്ഷ പ്രതിപക്ഷ വാദമായിട്ടു മാത്രം കാണേണ്ടതല്ല. നമ്മുടെ രാജ്യത്തിന്റെ, സംസ്ഥാനത്തിന്റെ ധനസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള ഇടപെടലുകളെ സംബന്ധിച്ചുള്ള ചർച്ചകളാണ്. യു.ഡി.എഫ് ഗവൺമെന്റ് വന്നപ്പോൾ 2011-12 ൽ 19,427 കോടി രൂപ പ്രതീക്ഷിച്ച മതിപ്പ് കിട്ടിയത് 18,938 കോടി രൂപ. 2012-13 ൽ 23,450 പ്രതീക്ഷിച്ച 22,511 കിട്ടി. 2013-14 ൽ 28,000 പ്രതീക്ഷിച്ച 24,000 കിട്ടി. അങ്ങനെ സംസ്ഥാനത്തിന്റെ പൊതുകടം തന്നെ ഏതാണ്ട് 1,30,000 കോടി രൂപയോളമായി വളരുകയാണ്. കേരളത്തിന്റെ GDP 2013-14-ൽ 6.27 ശതമാനമാണ്. തൊട്ടടുത്ത് തമിഴ്നാട്ടിൽ 7.48 ശതമാനമാണ് കാണിക്കുന്നത്. 2009-2010-ൽ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 9.17 ശതമാനമായിരുന്നു. അതാണിപ്പോൾ 6.27 ശതമാനമായി താഴേയ്ക്ക് പോയത്. കാർഷിക രംഗത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. 2013-14 ൽ -1.36 ശതമാനമാണ് ഇക്കണോമിക് റിവ്യൂവിൽ കാണിക്കുന്നത്. റബ്ബറിന്റെയും നാളികേരത്തിന്റെയും മറ്റ് നാണ്യവിളകളുടെയും വിലയിടിവും അതുമൂലമുണ്ടായിട്ടുള്ള ഉത്പാദനക്കുറവുമെല്ലാം കാർഷികാദായ വളർച്ചയെ -2.8 ശതമാനമാക്കി കുറച്ചിരിക്കുകയാണ്. വായ്പാ നിക്ഷേപ അനുപാതത്തിൽ വന്ന ഇടിവുകാരണം ഈ രംഗത്തുനിന്ന് ആളുകൾ

പുറകോട്ട് പോകുകയാണ്. 2013-ൽ 82 ശതമാനമായിരുന്നത് 2014-ൽ 67 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. നമ്മുടെ ധനസ്ഥിതി തകരുകയാണ്. നമ്മുടെ സാധ്യതകൾ നമ്മൾ വിനിയോഗിക്കുന്നില്ല. സാധ്യതകൾ പരിശോധിക്കുമ്പോൾ ഈ സ്വർണ്ണബഞ്ചിലിരുന്ന് പിച്ച തെണ്ടുന്ന സംസ്ഥാനമാണ് കേരളം എന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. സാധ്യതകളൊന്നും പരിശോധിക്കുന്നില്ല. കേരളത്തിലെ സ്വർണ്ണവ്യാപാരവുമായി ബന്ധപ്പെട്ട് 80,000 കോടി രൂപയുടെ വ്യാപാരം നടക്കുമ്പോൾ സ്വർണ്ണനികുതി കിട്ടുന്നത് 302 കോടി രൂപ മാത്രമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 4 ശതമാനം കിട്ടിയാൽ പോലും 1,200 കോടി രൂപ നമുക്ക വരുമാനം കിട്ടുന്ന ഒരു വിഭാഗമാണ്. അതുപോലെ 54,000 കോടി രൂപയുടെ കെട്ടിട നിർമ്മാണ രംഗത്തു നിന്നു കിട്ടുന്നത് രണ്ടര ശതമാനം നികുതി മാത്രമാണ്. സാധ്യതകൾ വിനിയോഗിക്കാതെ, വിവിധ ആശങ്കകൾ ഈ ധനകാര്യ മാനേജ്മെന്റിൽ ഉയർന്നു വരുന്നൊരു സ്ഥിതിയുണ്ട്. ഇതിന്റെയെല്ലാം ഫലമായി തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിക്കുകയാണ്. തൊഴിൽരഹിതരുടെ കാര്യമെടുത്ത് പരിശോധിച്ചാൽ കേരളത്തിൽ നൂറിൽ ഏഴ് പേർ തൊഴിൽരഹിതരാണ്. തൊഴിലില്ലായ്മ തമിഴ്നാട്ടിൽ കേരളത്തിന്റെ മൂന്നിലൊന്ന്

മാത്രമാണ്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി ആയിട്ടാണ് തൊഴിലില്ലായ്മ വർദ്ധിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ സംബന്ധിച്ച് മന്ത്രി തന്നെ നിയമസഭയിൽ നേരത്തേ പറഞ്ഞതാണ്. ഉള്ള തൊഴിൽ തന്നെ ഇല്ലാതാവുകയാണ്. സർക്കാർ നിയമനങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ ഇരുപതിനായിരം വേക്കൻസിയുണ്ട്. അതു നികത്തേണ്ടതില്ലെന്ന് ധനകാര്യവകുപ്പ തന്നെ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾ, കശുവണ്ടി, കയർ, കൈത്തറി, തുടങ്ങിയവയുടെയൊക്കെ ചരമഗീതം പാടുകയാണ്. പാവപ്പെട്ടവർക്ക് ജീവിക്കാൻ നിവൃത്തിയില്ല. ഒരു നാടിന്റെ വളർച്ചയ്ക്ക് ഏറ്റവും അനിവാര്യമായിട്ടുള്ള വിദ്യാഭ്യാസ രംഗത്തിന്റെ സ്ഥിതി നാഥനില്ലാ കളരിയായി മാറിയിരിക്കുകയാണ്. പാഠപുസ്തകമില്ല, ഹാന്റ്ബുക്കില്ല, ഉന്നതവിദ്യാഭ്യാസ മേഖലയെല്ലാം മുതലാളിമാർക്കെഴുതികൊടുക്കുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എല്ലാത്തിനും പറയുന്നത് സാമ്പത്തിക പരിമിതിയാണ്. സമ്പത്ത് ഉണ്ടാക്കാൻ ശ്രമിക്കുന്നില്ല. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരില്ല, സ്റ്റാഫുകളില്ല, കേരളമാണെങ്കിൽ രോഗത്തിന്റെ പിടിയിലേയ്ക്ക് പോകുന്നു. എല്ലാത്തിനും ധനകാര്യ സ്ഥിതിയുടെ മോശം എടുത്ത് ഉയർത്തിക്കാട്ടുമ്പോൾ ആ സാധ്യതകൾ എന്തുകൊണ്ട് ഈ സംസ്ഥാനം പരിഗണിക്കുന്നില്ല എന്നുള്ളതാണ്

കേരളത്തിലുയരുന്ന ചോദ്യം. വൈദ്യുതി രംഗവുമായി ബന്ധപ്പെട്ട് പാവപ്പെട്ട ഒരാൾക്ക് ഇന്ന് ഒരു പോസ്റ്റ് ഇട്ട് കറന്റ് കിട്ടാനുള്ള വ്യവസ്ഥയില്ല. പൊതുഗതാഗതസംവിധാനത്തിന്റെ കാര്യമെടുത്തു പരിശോധിച്ചാൽ കെ.എസ്.ആർ.ടി.സി.-ക്ക് കാശില്ലെന്നാണ് പറയുന്നത്. ഗവൺമെന്റ് നമ്മുടെ നാടിന്റെ സാധ്യതകൾ സംബന്ധിച്ച് പരിശോധിക്കുന്നില്ല. കേരളത്തിലെ സാധാരണ ജനങ്ങൾ വലിയ ആശങ്കയിലാണ്. ജനങ്ങളോടൊപ്പം നിൽക്കേണ്ടുന്ന സർക്കാർ സാധാരണ ജനങ്ങളുടെ അന്ധകന്മാരായി മാറുന്ന ദയനീയവും ഭയാനകവുമായ ഒരു സ്ഥിതിയാണ് ഇന്നിപ്പോൾ കേരളം കാണുന്നത്. ഭരണാധികാരികൾ കോർപ്പറേറ്റ് മുതലാളിമാരുടെ ഉദരത്തിലാണ് ജീവിക്കുന്നത്. ഈ ജനവിരുദ്ധ നയങ്ങളെ എതിർക്കാതിരിക്കാൻ നിവർത്തിയില്ല. ഞാൻ ഈ നയങ്ങളെ എതിർക്കുകയാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. വളരെ പ്രശസ്തമായ ഒരു നിലപാടിലാണ് ഈ സർക്കാർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. പ്രവർത്തന നിരതമായ ഒരു സർക്കാർ എന്ന നിലയിൽ എല്ലാ മേഖലകളിലും വളർച്ചയുടെ സൂചനയുണ്ടായിട്ടുണ്ട്. ഇതിന്റെ രഹസ്യം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു ടീം വർക്കാണ്. അരങ്ങിൽ

നിറഞ്ഞ കയ്യടിയുടെ ആരവം ഉയരവേ അപസ്വരമില്ലാതെ നടക്കുന്ന ഒരു സംഘഗാനത്തിന്റെ സ്വീകാര്യതയാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ അടിസ്ഥാനം എന്നതാണ് അരുവിക്കരയിൽ തെളിയിച്ചത്. ഇവിടെ ഇതുവരെ നടന്ന വിമർശനങ്ങൾ ശ്രദ്ധിച്ചാൽ അറിയാം ഈ പ്രതിസന്ധിയിലും ട്രഷറി പൂട്ടാതെ പോകാൻ കഴിയുന്ന ഒരു സർക്കാർ, ആ സർക്കാരിനെതിരെ വിമർശനങ്ങളുടെ ശരമുയർത്താൻ കഴിയാത്തവരുടെ ഒരു വിലാപ കാവ്യം എന്നതിനപ്പുറം കേരളത്തിലെ ജനങ്ങൾ ഈ വിമർശനങ്ങളെ മുഖവിലക്ക് എടുക്കും എന്ന് ഞാൻ വിചാരിക്കുന്നില്ല. പ്രവർത്തനങ്ങൾക്ക് എല്ലാം ഒരു ഏകോപന ഭാവമുണ്ടായിരുന്നു. ആസ്തി വികസന ഫണ്ട്, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ്, എല്ലാ മണ്ഡലങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജ്, കാരുണ്യ ബനവലന്റ് ഫണ്ട്, താലൂക്കുകളുടെ പുന:സംഘടന, കോർപ്പറേഷൻ/മുൻസിപ്പൽ ടൗണുകളുടെയും പഞ്ചായത്തുകളുടെയും പുന:സംഘടന, ബ്ലോക്കു പഞ്ചായത്തുകളുടെ പുന:ക്രമീകരണം എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ, പി.എച്ച്.സി., സ്റ്റാർട്ട്-അപ്പ് വില്ലേജസ്, യുവ നവ സംരംഭകർക്ക് ലഭിച്ച പ്രോത്സാഹനം, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനം അങ്ങനെ എല്ലാ മേഖലകളിലും സർവ്വസ്പർശിയായ ഒരു ഭരണ സാന്നിദ്ധ്യം കഴിഞ്ഞ നാലു വർഷക്കാലം കേരളം

അനുഭവിച്ചു എന്നത് ജനങ്ങൾ അംഗീകരിക്കുക തന്നെ ചെയ്യും. എന്നാൽ എനിക്ക് ഒരു പരാതിയുണ്ട്, അത് എല്ലാവരും പരിഗണിക്കേണ്ട ഒന്നാണ്. മുൻഗണനാ ക്രമത്തിൽ നമ്മൾ ഒന്ന് ശ്രദ്ധിക്കേണ്ടതുണ്ട്. പ്രാദേശികമായ സംന്തുലിത തത്ത്വം പാലിച്ചേ മതിയാവൂ. അടിയന്തര ആവശ്യങ്ങൾ പരിഹരിച്ചിട്ടു വേണം ആവശ്യങ്ങൾക്കും ആഡംബരങ്ങൾക്കും പിന്നാലെ പോകാൻ. അതുകൊണ്ട് കുറ്റൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന രംഗത്ത് പ്രാദേശികമായ സംന്തുലിത തത്ത്വം ഉണ്ടാവണം. അക്കാര്യത്തിൽ വേണ്ടത്ര കരുതലും ശ്രദ്ധയും ഉണ്ടാകണമെന്ന് ഞാൻ ഇവിടെ പ്രത്യേകം പറയുകയാണ്. നമുക്ക് അടിയന്തരമായി ശ്രദ്ധ പതിപ്പിക്കേണ്ട ചില മേഖലകൾ ഉണ്ട്. ഒന്ന്, ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ തുടങ്ങാനുള്ള സൗകര്യങ്ങൾ ഉടനെ സ്റ്റാർട്ട് ചെയ്യേണ്ടതുണ്ട്. രണ്ടാമത്തേത്, സൗരോർജ്ജ ഉൽപ്പാദനം മെച്ചപ്പെടുത്താൻ മതിയായ ഫണ്ട് അലോക്കേഷൻ ഉണ്ടാവണം. കുടിവെള്ള പദ്ധതികൾക്ക് മുൻഗണന ലഭിക്കണം. ചെക്ക് ഡാമുകൾ ധാരാളമായി നിർമ്മിച്ച് നമ്മുടെ ജലസ്രോതസ്സുകൾ കൃഷിക്കും അനുബന്ധ കാര്യങ്ങൾക്കും പ്രയോജനപ്പെടും വിധം സംഘടിപ്പിക്കേണ്ടതുണ്ട്. പി.എച്ച്.സി. കളും അവയുടെ സബ് സെന്ററുകളും സി.എച്ച്.സി.-യും ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ഫണ്ട് ലഭിക്കേണ്ടതുണ്ട്. അതുപോലെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം,

ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെന്റിന്റെ കയ്യിലുള്ള സ്ഥലം മറ്റൊരു ഡിപ്പാർട്ട്മെന്റിന്റെ അടിയന്തരമായ ആവശ്യത്തിനു വേണ്ടി ഫയൽ നീക്കുമ്പോൾ രണ്ടും മൂന്നും കൊല്ലക്കാലം കാലതാമസമുണ്ടാകുന്നത് നമ്മുടെ വികസന പ്രക്രിയയെ പ്രതികൂലമായി ബാധിക്കും എന്നുള്ളതുകൊണ്ട് ജനകീയ വിരുദ്ധമായ നിലപാട് അവസാനിപ്പിക്കുന്നതിന് നമ്മൾ പ്രോത്സാഹനം കൊടുക്കേണ്ടതുണ്ട്. അതുപോലെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് റെയിൽവേയുടെ വികസനം. ഇപ്പോൾ ഹിന്ദു പത്രത്തിൽ വലിയ ഒരു വാർത്ത വന്നു. സർവ്വേ പൂർത്തിയാക്കിയ പന്ത്രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറല്ലെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നു. നമ്മുടെ നാട്ടിന്റെ പ്രത്യേകമായ പരിസ്ഥിതി കണക്കിലെടുത്ത് പശ്ചിമഘട്ടം മലനിരകളും നമ്മുടെ കടൽത്തീരവും തമ്മിലുള്ള അകലം നമുക്ക് എല്ലാവർക്കും അറിയാം. ഈ പരിമിതി ഇവിടെ ഉണ്ടായിരിക്കെ കേരളക്കരയുടെ വികസനത്തിന് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നേട്ടം മഞ്ചേശ്വരം മുതൽ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന ഈ റെയിൽവേ പാതയുടെ സമഗ്രമായ ഉപയോഗമാണ്. രണ്ടുസൈഡിലും ബാക്കിയുള്ള സ്ഥലങ്ങൾ എത്രയെന്ന് റെയിൽവേ വകുപ്പുമായി ആലോചിച്ച് തിട്ടപ്പെടുത്തി സ്പീഡ് ട്രെയിൻ ഓടിക്കാനുള്ള ട്രാക്കുണ്ടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാനും നിലവിലുള്ള രണ്ട് പാതകൾ കുറഞ്ഞത്

മൂന്നുപാതകളാക്കിയെങ്കിലും മാറ്റാനും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തര നടപടിയുണ്ടാകണം. കേന്ദ്രസർക്കാരിന്റെ തറവാട്ട് സ്വത്തല്ല കേരളത്തിന്റെ വികസനപ്രവർത്തനം എന്നുള്ളതുകൊണ്ട് കേരളത്തിൽ കംപ്ലീറ്റ് ചെയ്ത 12 സർവ്വേകൾക്കനുസൃതമായി, ശബരിമലപ്പാതയും അങ്ങാടിപ്പുറത്തുനിന്ന് കോഴിക്കോട് വരെയുള്ള പാതയും അങ്ങാടിപ്പുറത്തുനിന്ന് ഒറ്റപ്പാലം വരെയുള്ള പാതയും അതിൽ ഉൾപ്പെടും. ആലപ്പുഴ പാത വന്നപ്പോൾ നമ്മൾ അതിന്റെ സൗകര്യം കണ്ടവരാണ്. ആലപ്പുഴ പാത വന്നപ്പോൾ തീരദേശ റെയിൽവേയായതുകൊണ്ട് കായംകുളത്ത് ഒരു ഡിവിഷൻ ലഭിക്കുന്ന സാഹചര്യമുണ്ടായി. തീരദേശം മുഴുവൻ വികസനത്തിന്റെ വഴിയിൽ വന്നു. അതുകൊണ്ട് ചരക്കുഗതാഗതം ഉണ്ടാകാനും യാത്രാസൗകര്യം വർദ്ധിപ്പിക്കാനുമായി നിലവിലുള്ള റെയിൽവേ പാതകളുടെ എണ്ണം വർദ്ധിപ്പിക്കാനും ഒരു ട്രാക്കെങ്കിലും സ്പീഡ് ട്രെയിൻ ഓടിക്കാനുള്ള ട്രാക്ക് ആക്കി മാറ്റാനും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ കഴിയുന്ന വിധത്തിലുള്ള രാഷ്ട്രീയനീക്കങ്ങൾ നമ്മുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയം കൂടി ഈ ചർച്ചയിൽ ഞാൻ ഉയർത്താൻ ആഗ്രഹിക്കുകയാണ്. KS&SSR നിയമത്തിന്റെ ഒരു പ്രശ്നം ഡോ. പൽപ്പു

തുടങ്ങിവച്ച ഒരു സമരമാണ്. ഡോക്ടർ പൽപ്പുവിന്റെ നാമം കേൾക്കുമ്പോൾ ഒരു മലയാളി അഭിമാനം കൊണ്ട് തല ഉയർത്തിനിൽക്കും. മഹാനായ ഡോ. പി. പൽപ്പു തുടങ്ങിവച്ച ആ സമരം ഏറ്റെടുക്കാൻ കേരളത്തിൽ ആർ. ശങ്കറും സി.എച്ച്. മുഹമ്മദ് കോയ സാഹിബും ഉണ്ടായിരുന്നു. ആ നേതാക്കൾ ഒറ്റയ്ക്കായില്ല. അവരെ പിന്തുണയ്ക്കാൻ കേരളക്കരയിലെ ജനങ്ങൾ മുന്നോട്ടുവന്നു. മാതൃഭൂമിയും കേരളകൗമുദിയും ചന്ദ്രികയുമടക്കമുള്ള കേരളത്തിലെ മാധ്യമങ്ങൾ ഈ സാമൂഹ്യ നീതിക്കും തുല്യാവസരത്തിനുംവേണ്ടി ഡോ. പി. പൽപ്പു തുടങ്ങിവച്ച ഈ സമരം ഏറ്റെടുക്കാൻ മുന്നോട്ടുവന്നു. അതിന്റെ ഫലമായിട്ടാണ് ഇവിടെ സംവരണങ്ങൾ നിലനിൽക്കുന്നത്. ജസ്റ്റിസ് നരേന്ദ്ര കമ്മീഷനെ നമ്മൾ നിയമിച്ചു. അദ്ദേഹത്തിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് 2006-ൽ KS&SSR-ൽ സ്റ്റാറ്റ്യൂട്ടറി അമെന്റ്മെന്റ് വരുത്തിയത്. 14, 15 വകുപ്പുകളിലാണ് ആ മാറ്റം വരുത്തിയത്. ആ മാറ്റമനുസരിച്ച് No Candidate Available (NCA) നികത്തുന്നതിന് ഒരു പ്രത്യേക തീരുമാനമെടുത്തു. ആ തീരുമാനമനുസരിച്ച് ചില പരിമിതികളുണ്ടെന്ന് പി.എസ്.സി. പറഞ്ഞപ്പോൾ നമ്മുടെ സർക്കാർ അക്കാര്യത്തിൽ ഉചിതമായ തീരുമാനമാണ് എടുത്തത്. 08-03-2006-ൽ ഇറക്കിയ സ്റ്റാറ്റ്യൂട്ടറി അമെന്റ്മെന്റിനുശേഷം അതിലെ 15(A) വകുപ്പിൽ 'If after re-notification repeatedly for not less than two times'

എന്ന സാങ്കേതികത്വം പറഞ്ഞ് മൂന്നും നാലും അവസരങ്ങൾ ഉണ്ടാക്കുക വഴി സംവരണ സമുദായങ്ങൾക്ക് സാമൂഹ്യനീതി നിഷേധിക്കുന്ന അവസരങ്ങൾ ഉണ്ടായി. ആ സമയത്താണ് പി.എസ്.സി.യുടെ ഒരു പ്രത്യേക യോഗം 08-06-2009-ൽ കൂടിയത്. പി.എസ്.സി. അസൗകര്യങ്ങൾ ചൂണ്ടിക്കാണിച്ച് ഗവൺമെന്റിന് എഴുതിയപ്പോൾ ഗവൺമെന്റ് വ്യക്തമായി 2013-ൽ മറുപടി കൊടുത്തു. ഒരു അവ്യക്തതയുമില്ലെന്നും Less than two times എന്നത് ഒഴിവാക്കി not less tan two times എന്ന് 15 (A)-യിൽ ഉൾപ്പെടുത്തി രണ്ടുപ്രാവശ്യമായി നിജപ്പെടുത്തുന്ന തീരുമാനം ഗവൺമെന്റ് പി.എസ്.സി.-ക്ക് അയച്ചുകൊടുത്തിരുന്നു. അതുപോലെ തന്നെ ഈ വർഷം സെലക്ഷൻ ഇയറാണ് അതിന്റെ മാനദണ്ഡമായി സ്വീകരിക്കേണ്ടത്. ആറുമാസത്തിലൊരിക്കൽ വേണം ഇതിന്റെ വിജ്ഞാപനം നടത്താനെന്നും ഗവൺമെന്റ് ആ നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ളതാണ്. നിർഭാഗ്യവശാൽ അടുത്ത ദിവസം പി.എസ്.സി. ഇറക്കിയ ഒരു നിർദ്ദേശത്തിൽ പറയുന്നത് 2006-ലെ സർക്കാർ ഉത്തരവനുസരിച്ച് കാര്യങ്ങൾ നടക്കണമെങ്കിൽ No Candidate Available (NCA)-യുടെ നിയമനകാര്യത്തിൽ ആറ് മാസത്തിലൊരിക്കൽ ആ സെലക്ഷൻ ഇയറിൽത്തന്നെ രണ്ടുപ്രാവശ്യം പരസ്യപ്പെടുത്തി കാൻഡിഡേറ്റ് ഇല്ലെങ്കിൽ മറ്റ് സാദ്ധ്യതകൾ ആരായേണ്ടതാണ്.

അതേസമയം ഇതൊഴികെയുള്ള പി.എസ്.സി.യുടെ പുതിയ നിർദ്ദേശങ്ങൾ യാതൊരു കാരണവശാലും ഈ സർക്കാർ അംഗീകരിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. SNDP, MES, MECCA-യെപ്പോലെയുള്ള മറ്റ് പിന്നോക്കസമുദായ സംഘടനകളിലെ ആളുകളുമായി കൂടിയാലോചന നടത്തിയല്ലാതെ പി.എസ്.സി.യുടെ ഇത്തരം നിർദ്ദേശങ്ങൾ സ്വീകരിച്ചാൽ കേരളക്കര മഹാനായ ഡോ.പി. പൽപ്പുവിനോടും ആർ.ശങ്കറിനോടും സി.എച്ച്. മുഹമ്മദ് കോയയോടും കാണിക്കുന്ന നന്ദികേടായിരിക്കും. അതുകൊണ്ട് ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ തലവനായ സൂസപാക്യം, എസ്.എൻ.ഡി.പി. പ്രസിഡന്റ് വെള്ളാപ്പള്ളി നടേശൻ, വിശ്വകർമ്മ സഭപോലുള്ള മറ്റ് സംഘടനകൾ, MECCA, MES എന്നിവരുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ടുവേണം ഇക്കാര്യത്തിലൊരു തീരുമാനമെടുക്കേണ്ടത്. അതുകൊണ്ട് ഇതിലൊരു വ്യക്തത വേണം. ഒന്നാമതായി No Candidate Available (NCA) ക്വാട്ടയിൽ രണ്ടുപ്രാവശ്യം മാത്രമേ നോട്ടിഫിക്കേഷൻ വരാൻ പാടുള്ളൂ. അതിൽ നിർബന്ധമുണ്ടാകണം. അതിൽ യാതൊരു മാറ്റവുമുണ്ടാകാൻ പാടില്ല. അത് നികത്തുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(ശ്രീ. വി. ചെന്താമരാക്ഷൻ)

പി. 29-07-2015 ജെ.എം.-എസ്.പി.-1 11.30-11.40

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ സാമ്പത്തിക കടം 1,35,000 കോടി രൂപയായി വർദ്ധിച്ച വർഷമാണ് 2015. നികുതിപിരിവിൽ കുറവുവരുത്തി ധൂർത്തും അനാവശ്യച്ചെലവും നടത്തി കേരളത്തെ സാമ്പത്തിക തകർച്ചയിലേക്ക് നയിച്ച ഗവൺമെന്റ്, പദ്ധതി ചെലവ് 50 ശതമാനം പോലും നടത്താതെ വൻസാമ്പത്തിക ബാദ്ധ്യതയാണ് നമ്മുടെ നാടിനുണ്ടാക്കിവച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് വിശദമായി കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. 4 വർഷം കേരളത്തിൽ യു.ഡി.എഫ്-ന്റെ നേതൃത്വത്തിൽ അഴിമതി മാത്രമാണ് നടന്നത്. ഭരണാധികാരികൾ സംശയത്തിന് അതീതരായിരിക്കണം. എന്നാൽ കേരളത്തിൽ ആരോപണങ്ങളുടെ ഘോഷയാത്രയാണുണ്ടായത്. കേരളീയ സമൂഹത്തെയാകെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സോളാർ വിവാദം, ബാർക്കോഴ വിവാദം..... സോളാർ കേസ്സിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെ ശക്തമായ രൂപത്തിലുള്ള ആക്ഷേപം ഉയർന്നുവന്നു. മൂന്ന്

സ്റ്റാഫുകളെ ഒഴിവാക്കി. ഇപ്പോൾ കമ്മീഷൻ അന്വേഷണം നടത്തുകയാണ്. കേരളത്തിലെ മുഖ്യമന്ത്രിക്ക് സമൻസ് അയച്ച് കമ്മീഷൻ തെളിവെടുപ്പിനുവേണ്ടി വിളിച്ചിരിക്കുകയാണ്. ഇത്തരമൊരു സ്ഥിതിവിശേഷം കേരളത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല. എന്നാൽ ഇതൊന്നും ഒരു പ്രശ്നമല്ല എന്ന സമീപനമാണ് കേരളം ഭരിക്കുന്ന സർക്കാരിന് നേതൃത്വം കൊടുക്കുന്ന ആളുകൾക്കുള്ളത്. ബാർക്കോഴ കേസ്സിൽ ശ്രീ. കെ. എം. മാണി ഒരു കോടി രൂപ വാങ്ങി എന്ന ആക്ഷേപം കേരളീയസമൂഹം ഗൗരവമായി ചർച്ച ചെയ്തതാണ്. 20 കോടി രൂപയാണ് പിരിച്ചത്. കേവലം ഒരുകോടി രൂപ മാത്രമാണ് കെ. എം. മാണിസാറിന് ലഭിച്ചത്. 19 കോടി രൂപ എവിടെ എന്നാണ് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്നത്. അതിനെക്കുറിച്ചെല്ലാം ബഹുമാന്യനായ കെ. എം. മാണിസാറിന് അറിയാം. അതുകൊണ്ടുതന്നെയാണ് അദ്ദേഹം രാജിവയ്ക്കുന്ന പ്രശ്നമില്ലെന്ന നിലപാട് സ്വീകരിച്ചത്. ശ്രീ. കെ. എം. മാണിക്കെതിരെ നടപടിയില്ല, ഏതാണ്ട് എല്ലാം ശുഭം എന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ ഉണ്ടായത്. ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയും ഇതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അക്കാര്യവും അന്വേഷിച്ച് സമ്പൂർണ്ണമായി കുറ്റവിമുക്തനാക്കുന്ന സമീപനമാണ് കേരളത്തിലെ ഗവൺമെന്റ്

സ്വീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറി മുതൽ താഴെ വില്ലേജ് ഓഫീസർവരെ അഴിമതി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ഒന്നും ചെയ്യാനാവുന്നില്ല. കേരളത്തിലെ ഒരു എസ്.പി. രാഹുൽ നായർ, ഐ.എ.എസ്. ഉദ്യോഗസ്ഥൻ ടി.ഒ. സൂരജ്, പരീക്ഷയ്ക്ക് കോപ്പിയടിച്ചതിനെത്തുടർന്ന് പിടിയിലായ ഐ.ജി. - കേരളത്തിൽ നടക്കുന്ന കാര്യങ്ങളാണിതെല്ലാം. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഇതുപോലെ വല്ല സംഭവങ്ങളുമുണ്ടായിട്ടുണ്ടോ; പണം വാങ്ങുന്ന ഉദ്യോഗസ്ഥരുടെ അടുത്ത് പണവുമായി ചെന്നാൽ കാര്യം നടക്കും. സത്യസന്ധരായ ജീവനക്കാർക്ക് ഒരു സ്ഥാനവുമില്ല, അവരെല്ലാം പുറത്താണ്. യു.ഡി.എഫ്. ഭരണത്തിൽ യു.ഡി.എഫ്. പ്രവർത്തകർ അഴിമതിയുടെ ഏജന്റുമാരായി മാറിയിരിക്കുകയാണ്. കേരളീയസമൂഹമാകെ അഴിമതിയിൽ മുങ്ങിയിരിക്കുന്നു. അഴിമതി എല്ലാ മേഖലയിലും നടന്നുകൊണ്ടിരിക്കുകയാണ്. പട്ടികജാതി കുട്ടികൾക്ക് കൊടുക്കുന്ന സ്റ്റൈപന്റിൽ ഉൾപ്പെടെ അഴിമതി ഉണ്ടായി എന്നുപറഞ്ഞാൽ അതിന്റെ ഒരു ഭീകരാവസ്ഥ നമുക്ക് ആലോചിക്കാവുന്നതാണ്. പോക്കറ്റ് മണിയും സ്റ്റൈപന്റും വിതരണം ചെയ്യുതിന് നിശ്ചിതശതമാനം കമ്മീഷൻ വേണമെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ബന്ധപ്പെട്ട കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുകയാണ്. പട്ടികജാതി കുട്ടികൾക്കുള്ള സ്റ്റൈപന്റിൽ വരെ

കയ്യിട്ടുവാരുന്ന ഉദ്യോഗസ്ഥരെ സമ്മതിക്കണം. അത്തരം ഒരു സ്ഥിതിവിശേഷത്തിലേക്ക് കേരളമെത്തിയത് കേരളം ഭരിക്കുന്ന ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ആളുകളുടെ അഴിമതിമൂലമാണ്. 'കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി' എന്നതാണ് കേരളത്തിന്റെ ഇന്നത്തെ അവസ്ഥ.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, കേരളത്തിലെ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ നാലുവർഷമായി ഫിക്സേഷൻ നടന്നിട്ടില്ല. ചർച്ച ചെയ്ത് അതിന്റെ ഓർഡർ ഇറങ്ങുമെന്ന് മുഖ്യമന്ത്രി വലിയ പ്രഖ്യാപനം നടത്തുകയുണ്ടായി. ഇന്നുവരെ ഓർഡർ ഇറങ്ങിയില്ലെന്നുള്ളത് താങ്കൾക്കറിയാമോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കാർഷികമേഖല ഗുരുതരമായ തകർച്ചയിലാണ്. ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. ആത്മഹത്യയാണ് നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. 2013-14 സാമ്പത്തികവർഷം 250 കോടിരൂപ, കർഷക ആത്മഹത്യ തടയാനുള്ള കേന്ദ്രഗവൺമെന്റിന്റെ സഹായം നഷ്ടപ്പെടുത്തിയെന്നുള്ള വാർത്ത ഇന്നത്തെ പത്രത്തിലുണ്ട്. കൃഷിനാശം, കാർഷികോൽപ്പന്ന വിലത്തകർച്ച, കടക്കെണി എന്നിവ മൂലം കർഷകർ ആത്മഹത്യ ചെയ്യുന്നു. റബ്ബർ, നാളികേരം, നെല്ല്, പച്ചക്കറി തുടങ്ങിയവയ്ക്ക് വിലത്തകർച്ചയാണ്. എന്റെ മണ്ഡലത്തിലെ അയിലൂർ പഞ്ചായത്തിലെ കോഴിക്കാട് കുറുമ്പൂർ വീട്ടിൽ രാധാകൃഷ്ണൻ ഇന്നലെ

ആത്മഹത്യ ചെയ്തു. കർഷകർ ദുരിതമനുഭവിക്കുകയാണ്. അതുപോലെയാണ് രൂക്ഷമായ വിലക്കയറ്റം. വിലക്കയറ്റം തടയാൻ യാതൊരു നടപടിയുമില്ല. ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ ഇന്ത്യാരാജ്യത്ത് ഏറ്റവും കുറഞ്ഞ വിലക്കയറ്റമുള്ള സംസ്ഥാനം ഏതെന്നു എന്നുചോദിച്ചാൽ അത് കേരളമായിരുന്നു. എന്നാൽ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ ഭരണംകൊണ്ട് ഏറ്റവും രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലേയ്ക്ക് കേരളം വന്നു. നിത്യോപയോഗ സാധനങ്ങൾക്ക് തോന്നിയ വിലയാണ്. പൊതുവിതരണ സംവിധാനം തകർത്തു. മാവേലി, നീതി, നന്മ സ്റ്റോറുകളിൽ മാവേലി സ്റ്റോറിനെ വാമനൻ സ്റ്റോറും നീതി സ്റ്റോറിനെ അനീതി സ്റ്റോറും നന്മ സ്റ്റോറിനെ തിന്മ സ്റ്റോറുമാക്കിയെന്നതാണ് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണം. പച്ചക്കറി ഉത്പാദിപ്പിക്കുന്ന കർഷകർക്ക് വില ലഭിക്കുന്നില്ലെങ്കിലും പച്ചക്കറിക്ക് യാതൊരു വിലക്കുറവുമില്ല. പത്ര-ദൃശ്യ മാധ്യമങ്ങൾ ഇതിനെക്കുറിച്ച് നിരവധി വാർത്തകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. 'വിലക്കയറ്റത്തിൽ ആർക്കാണ് ദു:ഖം; സാധാരണക്കാരുടെ ജീവതം നിലയില്ലാക്കയത്തിൽ, പൊതു വിപണിയിൽ തീവില;

വില പൊള്ളുന്നു; വിപണിയിൽ നിന്ന് സർക്കാർ പിന്മാറി; ഹോട്ടൽ സാധനങ്ങൾക്ക് വൻവില, ഇരട്ടിയും മൂന്നിരട്ടിയുമായി - എന്നിങ്ങനെയാണ് പ്രമുഖമായ പത്രങ്ങളുടെ തലക്കെട്ടുകൾ. ഇതുസംബന്ധിച്ച് ഏഷ്യാനെറ്റ് ഒരു വാർത്ത പുറത്തുകൊണ്ടുവരികയുണ്ടായി. പൊരിച്ച അയലയ്ക്ക് കണ്ണൂർ പട്ടണത്തിലെ ഒരു കടയിൽ 45 രൂപ, അടുത്ത കടയിൽ 55 രൂപ, അതിന്റടുത്ത കടയിൽ 65 രൂപ, പിന്നൊരിടത്ത് 75 രൂപയുമാണ്. അതുമായി ബന്ധപ്പെട്ട് ഒരു വാർത്താശകലം ഏഷ്യാനെറ്റ് പുറത്തുവിട്ടു. പൊതുവിതരണ വകുപ്പുമന്ത്രിയും മറ്റുള്ളവരും എന്താണ് ചെയ്യുന്നത്; കേരളത്തിൽ വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അരുവിക്കരയിലെ വിജയത്തിൽ യു.ഡി.എഫ്.-ന് ആശ്വാസമാണ്. അണയാൻ പോകുന്ന യു.ഡി.എഫ്. വിളക്കിന്റെ ആളിക്കത്തലാണ് അരുവിക്കര. യഥാർത്ഥത്തിൽ വർഗ്ഗീയതയുടെ വളർച്ചയാണ് ഇവിടെ കണ്ടത്. ഒളിഞ്ഞും തെളിഞ്ഞും വർഗ്ഗീയത വളരുന്നത് യു.ഡി.എഫ്.-ന്റെ തെറ്റായ നടപടി മൂലമാണ്. മതനിരപേക്ഷ ജനാധിപത്യ ബോധത്തിലേയ്ക്കാണ് വർഗ്ഗീയത കടന്നുകയറുന്നത്. ശരിയായ നിലപാട് സ്വീകരിക്കുന്നതിന് പകരം സി.പി.ഐ.(എം.)-നെ ആക്രമിക്കുന്നു. മുസ്ലീം ലീഗാണ് സി.പി.ഐ.(എം.)-നെ മതേതരത്വത്തെപ്പറ്റി പഠിപ്പിക്കുന്നത്. വാസവദത്ത ഉപഗുപ്തനെ സദാചാരം

പഠിപ്പിക്കുന്നതുപോലെ അപഹാസ്യമാണത്. വിളക്കുകൊളുത്തി മതേതരത്വം തെളിയിക്കേണ്ട അവസ്ഥയിലാണ് ഇന്ന് മുസ്ലീം ലീഗ്. എന്റെ മനസ്സിൽ തോന്നുന്ന മുഴുവൻ കാര്യങ്ങളും ഞാൻ ഇവിടെ പറയുന്നില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്, സി.പി.ഐ.(എം.)-ന് മതേതരത്വത്തെ സംബന്ധിച്ച് കൃത്യമായ കാഴ്ചപ്പാടുണ്ട്. ശ്രീ. കെ. എം. ഷാജിയും ശ്രീ. പി. കെ. ബഷീറുമൊക്കെയാണ് സി.പി.ഐ.(എം.)-നെ മതേതരത്വത്തെക്കുറിച്ച് പഠിപ്പിക്കാൻ വരുന്നത്. കോൺഗ്രസ് ഭരിച്ചുഭരിച്ച് രാജ്യത്ത് ബി.ജെ.പി.യെ വളർത്തി. അതുതന്നെയാണ് കേരളത്തിലും ആരംഭിച്ചിട്ടുള്ളത്. കേരളത്തിൽ യു.ഡി.എഫും ബി.ജെ.പി.യും ചേർന്ന അഴിമതിയാണ് വിഴിഞ്ഞം പദ്ധതി. ശ്രീ. ഗൗതം അദാനി ആരാണെന്ന് എല്ലാവർക്കുമറിയാം. അഴിമതിയുടെ കാര്യത്തിൽ കോൺഗ്രസ്സ് മൂർഖൻ പാമ്പാണെങ്കിൽ ബി.ജെ.പി. രാജവെമ്പാലയാണ്. ഇത് രണ്ടും കൂടിച്ചേർന്നാലുള്ള അവസ്ഥയെന്താണ്? ഞാൻ ആശങ്കയിലാണ്. ഉദാഹരണമായി, മലയാളം വാരിക വിഴിഞ്ഞത്തെക്കുറിച്ച് പറഞ്ഞത്, ചിങ്ങം 1 വിഴിഞ്ഞം വിൽക്കുന്ന ദിവസം എന്നാണ്; ചിങ്ങം 1-ന് കരാർ ഒപ്പിടുകയാണ്, വിഴിഞ്ഞം തുറമുഖത്തെ അദാനി ഗ്രൂപ്പിന് നൽകുന്ന കരാർ; പദ്ധതിയെക്കുറിച്ച് സർക്കാർ ജനങ്ങളോട് പറഞ്ഞിരുന്നതെല്ലാം നുണയാണെന്ന് രേഖകൾ തെളിയിക്കുകയാണ്; സർക്കാരിന്

ഒരിക്കലും തിരിച്ചുകിട്ടാത്ത വിധം കടുകട്ടിയായ നിബന്ധനകളോടുകൂടിയ വിഴിഞ്ഞം കരാർ ഒരു തീറാധാരത്തിന്റെ സ്വഭാവമാണ് കാണിക്കുന്നത് - മലയാളം വാരികയിൽ വന്ന റിപ്പോർട്ടാണിത്. ശ്രീ. ഗൗതം അദാനിയുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ പുറത്തുപറയാനാവില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രി കെ. ബാബുവും നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത് എന്താണെന്ന് ആർക്കും അറിയില്ല. വികസന പദ്ധതികൾ നടപ്പിലാക്കണം. അതിൽ ആർക്കും തർക്കമില്ല. പക്ഷേ അതുംപറഞ്ഞ് വൻ തട്ടിപ്പ് നടത്തരുത്. മലയാളം വാരികയിൽ അക്കമിട്ട് പറഞ്ഞിട്ടുണ്ട്. വസ്തുതാപരമായി ഇതിനെക്കുറിച്ച് വിശദീകരിക്കണം. മലയാളിയുടെ വികസന സ്വപ്നങ്ങളുടെ മറവിൽ അഴിമതി നടത്തരുതെന്നാണ് എന്റെ അഭിപ്രായം. വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് മാതൃഭൂമിയിൽ ഇന്ന് പറഞ്ഞിട്ടുണ്ട് - തലസ്ഥാനത്തിന് വൻ വികസന സാധ്യതയുണ്ടെന്ന് വിലയിരുത്താവുന്ന, അന്താരാഷ്ട്ര പ്രാധാന്യം കൈവരിക്കാവുന്ന വിഴിഞ്ഞം പദ്ധതി ഇത്തവണയും കപ്പിനും ചുണ്ടിനും ഇടയ്ക്കുള്ള നിർണ്ണായക നിമിഷങ്ങളിലാണെന്ന്. ഒരുവശത്ത് വിലപേശൽ, മറുവശത്ത് എതിർപ്പ്. ഇതാണ് വിഴിഞ്ഞം പദ്ധതി ഇപ്പോൾ അകപ്പെട്ടിരിക്കുന്ന പ്രതിസന്ധി. ഇപ്പോൾ കരാർ ഒപ്പുവച്ചിരിക്കുകയാണ്. എന്തൊക്കെയാണ് നടന്നതെന്നതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിൽ ബ്ലേഡ് കമ്പനികളെ നിയന്ത്രിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നതാണ് ഓപ്പറേഷൻ കുബേര. എന്താണ് യഥാർത്ഥത്തിൽ നടന്നത്; പണം പിരിക്കാൻ ചില ആളുകൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനപ്പുറം ഈ പരിപാടി കേരളീയ സമൂഹത്തിന് യാതൊന്നും സംഭാവന ചെയ്തില്ല. പോലീസ് അന്വേഷിച്ച് ചെന്നപ്പോൾ വലിയ കോൺഗ്രസ്സ് നേതാക്കന്മാരാണെന്ന് കണ്ടപ്പോൾ അതോടുകൂടി ഗവൺമെന്റ് ഈ പരിപാടി നിർത്തി. കുബേര കുചേലയായി. വൻസമ്പന്നരെ രക്ഷിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

കേരളത്തിൽ കൊണ്ടുവന്നിട്ടുള്ള മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് നെൽവയൽ നികത്തൽ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് നിയമംമൂലം നെൽവയൽ നികത്തുന്നത് തടഞ്ഞതാണ്. 8.75 ലക്ഷം ഹെക്ടർ കൃഷിഭൂമി ഉണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ കേവലം 2.5 ലക്ഷം ഹെക്ടർ മാത്രമാണുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി നെൽവയൽ സംരക്ഷണത്തിനുവേണ്ടി നിലകൊണ്ടവരാണ്. എന്നാൽ വെട്ടിനിരത്തൽ സമരമെന്ന് പറഞ്ഞ് ആക്ഷേപിച്ചവർപോലും ഇപ്പോൾ നെൽവയൽ സംരക്ഷിക്കണമെന്ന അഭിപ്രായത്തിലാണ്. നിയമം കൊണ്ടുവന്ന് മാറ്റുന്നതിന് പകരം കൃഷിഭൂമി നികത്തുന്നതിനാവശ്യമായ എല്ലാ പിന്തുണയും സഹായവും

ചെയ്തുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. എം.എൽ.എ.-മാരിൽ ചിലർ ഹരിത എം.എൽ.എ.-മാരാണ്. അവർക്ക് ഇതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന ആകാംക്ഷ എനിക്കുണ്ട്. ഇന്ന് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് സാമ്പത്തിക തകർച്ച നമ്മുടെ രാജ്യത്തിന് സമ്മാനിക്കുകയാണ്. കോൺഗ്രസ് നടപ്പിലാക്കിയ ഗുരുതരമായ രാജ്യദ്രോഹ സാമ്പത്തിക നയം ഏറ്റവും ശക്തമായ രൂപത്തിൽ ബി.ജെ.പി. ഗവൺമെന്റ് ഇന്ന് രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റേതായ ഒട്ടേറെ പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം ഉയർന്നുവന്നിട്ടുള്ള അഴിമതി ആക്ഷേപങ്ങൾ - വ്യാപം അഴിമതി, ശ്രീ. ലളിദ് മോഡിയെ സഹായിച്ച വിഷയം, ശ്രീ. രമൺസിങ് നടത്തിയ വൻതട്ടിപ്പ് തുടങ്ങി അധികാരത്തിലേറി ഒരു വർഷം കഴിയുന്നതിന് മുമ്പ് ഇന്ത്യാ രാജ്യം കണ്ട രൂക്ഷമായ അഴിമതിയാണ് ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസിനേക്കാൾ ഒട്ടും മോശക്കാരല്ല ഞങ്ങൾ എന്ന് തെളിയിക്കുന്ന ഭരണമാണ് രാജ്യത്ത് ബി.ജെ.പി. നടത്തുന്നത്. 2025 ആകുമ്പോഴേയ്ക്കും ഇന്ത്യയിൽ എല്ലാ ആളുകളും ഹിന്ദുക്കളാകണമെന്നാണ് ഇപ്പോൾ അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിന്റെ പേരിൽ കലാപങ്ങൾ ഉണ്ടാക്കുകയും ഘർവാപസി, ലൗജിഹാദ്, ബീഫ്

നിരോധനം എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു. കേരളമുൾപ്പെടെയുള്ള ഇന്ത്യാ രാജ്യത്തെ കോടിക്കണക്കിന് സാധാരണ മനുഷ്യർ എന്ത് കഴിക്കണമെന്ന് തീരുമാനിക്കുന്നത് ബി.ജെ.പി. ആണോ; ഇത്തരമൊരു സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് ഉയർന്നുവരുമ്പോൾ ഇതിനെതിരെ ശരിയായ രൂപത്തിൽ പ്രതികരിക്കുന്നത്, ജനങ്ങളെ അണിനിരത്തിക്കൊണ്ട് വലിയ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനമാണ്. ആദർശ ഭാരതത്തിന് ദേശവ്യാപകമായ പ്രക്ഷോഭത്തിന് സി.പി.ഐ.(എം.)-ഉം ഇടതുപക്ഷ പാർട്ടികളും ആഹ്വാനം ചെയ്തിരിക്കുകയാണ്. സെപ്റ്റംബർ 2-ന് ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ അഖിലേന്ത്യാ പണിമുടക്കിനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പരിമിതമായ നിയമപരിരക്ഷപോലും അട്ടിമറിക്കുന്ന തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും യോജിച്ചുകൊണ്ടുള്ള ദേശവ്യാപകമായ പണിമുടക്ക് നടക്കുകയാണ്.

<u>മി. ചെയർമാൻ:</u> യെസ്...... പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ഈ നിലയിൽ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് ശരിയായ നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷ

ജനാധിപത്യ പ്രസ്ഥാനം കേരളീയ സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിലും ശരിയായ നിലപാടെടുത്തുകൊണ്ട് മുന്നോട്ടുപോകും. ആ നിലയിൽ ഇടതുപക്ഷത്തിന് വലിയ മുന്നേറ്റം ഈ കേരളത്തിൽ സാധ്യമാകുമെന്ന പ്രതീക്ഷയാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ആ നിലയിൽ ഈ ഗവൺമെന്റ് കൊണ്ടുവന്ന, കേരളത്തെ നശിപ്പിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രിയപ്പെട്ട ശ്രീ. വി. ചെന്താമരാക്ഷനും ശ്രീ. ജി. എസ്. ജയലാലുമെല്ലാം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് സംസ്ഥാനത്ത് ധനകാര്യ മാനേജ്മെന്റിന്റെ രംഗത്ത് എന്തൊക്കെയോ വീഴ്ചകളുണ്ടായിയെന്ന രൂപത്തിലാണ് അവർ സംസാരിച്ചത്. ബഹുമാന്യനായ ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് നിരവധി പ്രതിസന്ധികൾക്കിടയിലും ദേശീയ പ്രതിസന്ധികൾക്കിടയിലും നിന്നുകൊണ്ട് ഫലപ്രദമായി നിർവ്വഹിച്ചു പോകാൻ കഴിയുന്നു എന്നുള്ളത് രാജ്യത്തിന് മുഴുവൻ മാതൃകയാണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവർ ഇവിടെ

ചൂണ്ടിക്കാണിച്ച കണക്കുകൾ അടിസ്ഥാനരഹിതമാണ്. ആഭ്യന്തര ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഇന്ന് ദേശീയ ശരാശരി പതിനൊന്നിൽ കൂടുതലാണ്. എന്നാൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം പതിനഞ്ചിൽ കൂടുതലാണ് എന്നുള്ളത് എക്കണോമിക് റിവ്യൂ അടക്കം സാക്ഷ്യപ്പെടുത്തുകയാണ്. ദേശീയ ശരാശരിയേക്കാൾ ആഭ്യന്തര ഉൽപ്പാദനത്തിൽ കേരളത്തിൽ വർദ്ധനവുണ്ടായി എന്നുപറയുന്നത്, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ കേരളം മുൻപന്തിയിൽ വന്നു എന്നു പറയുന്നത് യു.ഡി.എഫ്. ഗവൺമെന്റ് ഫലപ്രദമായി ഭരണരംഗത്ത് പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. ടാക്സ് കളക്ഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അടക്കം ഇവിടെ ചൂണ്ടിക്കാണിച്ചതിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. കഴിഞ്ഞ രണ്ട് വർഷക്കാലം പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് ടാക്സ് കളക്ഷന്റെ കാര്യത്തിൽ വ്യക്തമായ വർദ്ധനവ് കാണുവാൻ കഴിയും. ഇവിടെ സംസ്ഥാന നികുതി ഇനത്തിൽ 2014-15-ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെ 92 ശതമാനം പിരിച്ചെടുക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് കണക്കുകൾ വ്യക്തമാക്കുകയാണ്. 2014-15 ൽ തനത് നികുതി വരുമാനത്തിൽ 10 ശതമാനത്തിന്റെ വളർച്ചയുണ്ടായിട്ടുണ്ട്. ഇത് നിർവ്വഹിക്കപ്പെടുന്നു എന്നുപറയുന്നത്

നിരവധി പ്രതിസന്ധികൾക്കിടയിലാണ്. നമ്മുടെ സംസ്ഥാനത്തുതന്നെ ഒരുപാട് സഹായങ്ങൾ കൊടുക്കേണ്ടതായി വരുന്ന സാഹചര്യങ്ങൾ, പെട്രോളിയം ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവ്, റബ്ബർ ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവ്, ഏറ്റവും വലിയ വരുമാന സ്രോതസ്സായിരുന്ന മദ്യവ്യാപാര രംഗത്തുണ്ടായ കുറവ്, ഭൂമി ക്രയവിക്രയത്തിലുണ്ടായ  ഇടിവ്, ഇത്തരം നിരവധി പ്രശ്നങ്ങൾക്കിടയിലാണ് സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ, സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോഴും അതിന് അതീതമായി കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള സാഹചര്യം ഉണ്ടാകുന്നു എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എപ്പോഴും ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യമാണ് വികസനത്തിന്റെ ടാപ്പ് എപ്പോഴും തുറന്നിടണമെന്നത്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത് എന്താണ്; വസ്തുതാപരമായി പരിശോധിക്കുമ്പോൾ  വികസനത്തിന്റെ ടാപ്പ് നാല് വർഷക്കാലം ജനങ്ങൾക്കുവേണ്ടി, സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി, പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതുൾപ്പെടെ സ്വീകരിച്ചുകൊണ്ട് തുറന്നിടാനുള്ള മനസ്സ് കാണിച്ചു എന്നുപറയുന്നത് വികസനോന്മുഖമായി കേരള സംസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ

യു.ഡി.എഫ്. ഗവൺമെന്റ് ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. ഇവിടെ രാഷ്ട്രീയത്തിന് അതീതമായി ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് സ്വീകരിച്ചല്ലോ. രാഷ്ട്രീയ പ്രേരിതമായ നിലപാടാണ് സ്വീകരിച്ചതെങ്കിൽ ഇവിടെ 5 കോടി രൂപ വീതം ഭരണകക്ഷി പ്രതിപക്ഷ ഭേദമെന്യേ ഓരോ വർഷവും എല്ലാ എം.എൽ.എ.മാർക്കും എന്ന പദ്ധതി കേരളത്തിൽ ആദ്യമായി കൊണ്ടുവന്നത് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാറാണ്. ഇപ്പോൾ പ്രതിപക്ഷം ചെയ്യുന്നത് എന്താണ്; ഈ ബഡ്ജറ്റിനെ മുഴുവൻ എതിർക്കുന്നു. ഇതിനെതിരായി സംസാരിക്കുന്നു. രാഷ്ട്രീയപരമായിട്ട് അത് ചെയ്യേണ്ടതായിട്ട് വരും. പക്ഷേ യഥാർത്ഥത്തിൽ നിങ്ങൾ ചെയ്യുന്നത് ഈ ഒരു നടപടി നിങ്ങൾ സ്വീകരിക്കുമ്പോഴും നിങ്ങൾക്ക് 5 കോടി രൂപയും ഞങ്ങൾ പാസ്സാക്കി തരികയാണ്. പ്രതിപക്ഷത്തുനിന്ന് എതിർത്തു സംസാരിക്കുന്ന, ബഡ്ജറ്റിനെ വിമർശിക്കുന്ന, ആക്ഷേപങ്ങൾ ഉന്നയിക്കുന്ന എല്ലാവർക്കും 5 കോടി രൂപ കോംപ്ലിമെന്റായി കിട്ടുന്ന വിധത്തിലുള്ള ഒരു ഭരണക്രമീകരണം ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കുമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ധനകാര്യ വകുപ്പുമന്ത്രി മാണിസാറിന്റെയും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെയുമടക്കം യു.ഡി.എഫ്. ഗവൺമെന്റിന്റെ രാഷ്ട്രീയ മാന്യതയാണെന്നുള്ളത് ബഹുമാനപ്പെട്ട

പ്രതിപക്ഷ അംഗങ്ങൾ ഉൾക്കൊള്ളണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വികസനത്തിന്റെ പാതയിലൂടെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടി എത്രയോ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. വിഴിഞ്ഞം പദ്ധതിയുടെ കരാർ ഒപ്പുവയ്ക്കാൻ പോകുന്നു എന്നുവന്നപ്പോൾ, അത് നടപ്പാകാൻ പോകുന്നു എന്നുവന്നപ്പോൾ അതിനെ വിമർശിച്ചുകൊണ്ട് അഴിമതിയാരോപണമാണ് അല്ലെങ്കിൽ അത് നടക്കാൻ പാടില്ലെന്നൊരു നിലപാട് എടുക്കുന്നത് എന്തൊരു രാഷ്ട്രീയ അന്ധതയാണെന്ന് പ്രതിപക്ഷം പരിശോധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. വിഴിഞ്ഞം പദ്ധതി നടപ്പാകണമെന്ന് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. അവസാനം വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് വന്നപ്പോൾ, അതിലെന്തെങ്കിലും പരാതികളുണ്ടെങ്കിൽ, പരിഹരിക്കേണ്ടതുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കേണ്ടത് ആവശ്യമാണ്. പക്ഷേ അത് നടക്കാൻ പാടില്ലെന്നുള്ള നിലയിൽ, പദ്ധതിയെ തന്നെ തകിടം മറിക്കുന്ന വിധത്തിലേയ്ക്ക് കൊണ്ടുവരുന്നതിൽ വല്ല രാഷ്ട്രീയ ധാർമ്മികതയുമുണ്ടോ, അത് വികസനത്തിന് എതിരല്ലേ എന്നുള്ളതിനെക്കുറിച്ച് സത്യത്തിൽ പ്രതിപക്ഷം പരിശോധിക്കേണ്ടതാണ്. കൊച്ചി മെട്രോ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്, സ്മാർട്ട്സിറ്റി അടക്കം കേരളത്തിന്റെ പ്രധാനപ്പെട്ട

പദ്ധതികളെല്ലാം ഇന്ന് ട്രാക്കിലായത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ വിജയമായിത്തന്നെയാണ് കാണുവാൻ കഴിയുക. അത് ധനകാര്യ മന്ത്രിയുടെ ഭാഗത്തുനിന്ന്, ഗവൺമെന്റുമായി ബന്ധപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് വന്ന വികസന പ്രവർത്തനങ്ങൾക്ക് കൊടുക്കുന്ന മുൻഗണനയായി തന്നെ കാണുവാൻ കഴിയും. അടിസ്ഥാന സൗകര്യ വികസന രംഗത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ മുതൽമുടക്ക് കൊടുത്ത കാലഘട്ടമാണ് ഇത്. റോഡ് വികസന രംഗത്ത് കേരളത്തിൽ എല്ലാ പ്രദേശങ്ങൾക്കും പരിഗണന കൊടുത്തുകൊണ്ട് വളരെയേറെ മുന്നോട്ടുവരാൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിരിക്കുന്നു. PMGSY പദ്ധതി, ബഹുമാന്യനായ മന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ നേതൃത്വത്തിൽ അതിനുവേണ്ടി നടത്തിയ ശ്രമങ്ങൾ നമുക്ക് എല്ലാവർക്കുമറിയാം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അധിക തുക കൊടുക്കുന്ന ഒരു നടപടിയിലേയ്ക്ക് വന്നിരുന്നെങ്കിൽ എത്രയോ പദ്ധതികൾ നമുക്കന്ന് പൂർത്തിയാക്കാൻ കഴിയുമായിരുന്നു. ഇവിടെ നിർഭാഗ്യവശാൽ.....

ശ്രീ. കെ. രാജു: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ എതിർത്തു എന്ന് അങ്ങ് പറയുന്നത് വസ്തുതകൾക്ക് വിരുദ്ധമല്ലേ; വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഭരണകക്ഷിയേക്കാൾ ആത്മാർത്ഥതയോടുകൂടി

നടപടികൾ സ്വീകരിച്ചത് അങ്ങുൾപ്പെടെയു ണ്ടായിരുന്ന ഇടതുപക്ഷ സർക്കാരിന്റെ കാലത്തായിരുന്നില്ലേ. അത് അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ; എപ്പോഴെങ്കിലും ഇടതുപക്ഷം എതിർത്തു പറഞ്ഞിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. കെ. രാജു. ഞാൻ ചോദിക്കട്ടെ. ഇവിടെ വിഴിഞ്ഞം പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കേരളത്തിൽ തന്നെയാണ് ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് വിഴിഞ്ഞം പദ്ധതിക്കുവേണ്ടിയുള്ള ഉദ്ഘാടനം നടന്നു. ഞാനും ആ ചടങ്ങിൽ പങ്കെടുത്ത അന്നത്തെ ഒരു മന്ത്രിയായിരുന്നു. പക്ഷേ കാര്യങ്ങൾ മുന്നോട്ടു പോയില്ല. ഉദ്ഘാടനം കൊണ്ട് അത് അവസാനിച്ചു. അതിന് ഞങ്ങൾ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ശ്രീമതി ജമീലാ പ്രകാശം ഞാനൊന്ന് ചൂണ്ടിക്കാണിക്കട്ടെ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അന്ന് നിർവ്വഹിക്കാൻ പറ്റാതെ പോയ കാര്യങ്ങളെ ഇവിടെ ആരും കുറ്റപ്പെടുത്തുന്നില്ല. അന്ന് ചെയ്ത നല്ല കാര്യങ്ങളെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഞാനൊന്ന് ചോദിക്കട്ടെ. ഇപ്പോൾ....

ശ്രീ. ബെന്നി ബെഹനാൻ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് വിഴിഞ്ഞത്ത് നടത്തിയത് കേവലമൊരു റോഡിന്റെ ഉദ്ഘാടനമായിരുന്നു. തുറമുഖത്തിന്റെ ഉദ്ഘാടനമല്ല. രണ്ട് കിലോമീറ്റർ റോഡിന്റെ

ഉദ്ഘാടനമാണ് നടത്തിയത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഏതായാലും... (ബഹളം) ... പി.ഡബ്ല്യൂ.ഡി.യുടെ റോഡല്ല. ശ്രീമതി ജമീലാ പ്രകാശത്തിന് പ്രസംഗിക്കാൻ അവസരം കിട്ടുമ്പോൾ പ്രസംഗിച്ചാൽ മതി. എന്നെ പ്രസംഗിക്കാൻ അനുവദിക്കണം. ഞാൻ അന്നത്തെ പി.ഡബ്ല്യൂ.ഡി. മന്ത്രിയായിരുന്നെന്ന് ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തേയ്ക്ക് അന്ന് ഒരു പി.ഡബ്ല്യൂ.ഡി. റോഡ് എങ്കിലും ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞതിൽ അന്നത്തെ പി.ഡബ്ല്യൂ.ഡി. മന്ത്രിക്ക് അഭിമാനമുണ്ട്. പക്ഷേ അതിനപ്പുറത്തേയ്ക്ക് ഒരിഞ്ചുപോകാൻ ശ്രീ. മാത്യു റ്റി. തോമസിന്റെ എൽ.ഡി.എഫ്.ന് കഴിഞ്ഞില്ലെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പരാജയം. അത് വസ്തുതയായി നിൽക്കുകയാണ്. പക്ഷേ അതിനെ ഞങ്ങൾ വിമർശിക്കുന്നില്ല. അത് വേറൊരു കാര്യം. പക്ഷേ ഇവിടെ ചെയ്യുന്നതെന്താണ്; ഇപ്പോൾ വിഴിഞ്ഞം പദ്ധതി നടപ്പിലാകുന്ന നിലയിലേയ്ക്ക് വന്നപ്പോൾ അതിനെതിരെ നിൽക്കുന്നത് ശരിയാണോ; എതിർക്കുന്നില്ലെങ്കിൽ വളരെ സ്വാഗതം. നമുക്കൊന്നിച്ചുനിന്ന് നടപ്പാക്കാം. ഞാൻ ചൂണ്ടിക്കാണിക്കുന്നത് അതാണ്. കേരളത്തിന്റെ പൊതുതാൽപര്യത്തിനുവേണ്ടി ഇത്തരം പദ്ധതികളിൽ ഒന്നിച്ചുനിന്ന് മുന്നോട്ടുപോകാൻ നമ്മുടെ സംസ്ഥാനത്ത് എൽ.ഡി.എഫ്. - യു.ഡി.എഫ്.

വ്യത്യാസമില്ലാതെ കഴിയണം. അതിലൂടെ കേരളത്തിന്റെ പ്രധാന പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിയണം. ബഹുമാനപ്പെട്ട ചെയർ എന്നോടു ക്ഷമിക്കണം. എന്റെ സമയം ഇവിടെ എല്ലാവരും കവർന്നെടുക്കുകയാണ് ചെയ്തത്. ഇടപെടലുകൾ ആവശ്യമാണ്. അതിനുള്ള മറുപടി പറഞ്ഞുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പരാമർശിക്കുന്നതിന് എനിക്ക് അവസരം തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: അതിന് പ്രത്യേക സമയം ഉണ്ടാവില്ല. That's from your time.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ഇതുപോലെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾക്ക് പരിഗണന കൊടുത്തതോടൊപ്പം ഇവിടത്തെ പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്കുവേണ്ടി ഏറ്റവും വലിയ പരിഗണന കൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 'കാരുണ്യ' പദ്ധതിയിലൂടെ 800 കോടി രൂപ ഈ രംഗത്ത് കൊടുത്തപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏറ്റവുമധികം പ്രയാസപ്പെടുന്ന എത്രയോ പാവങ്ങൾക്കാണ് അതിന്റെ അനുഗ്രഹം കിട്ടിയത്. ഇവിടെ കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന സ്കീം വന്നപ്പോൾ ജനിച്ചുവീഴുന്ന ബധിരും മൂകരുമായ കുഞ്ഞുങ്ങൾക്കടക്കം 6.50 ലക്ഷം രൂപ ഗവൺമെന്റ് കൊടുക്കുന്ന 'ശ്രുതിതരംഗം'

എന്ന പദ്ധതി, 504 കുട്ടികളിൽ ഇത് വിജയകരമായി ഇന്ന് നടപ്പാക്കിയിരിക്കുകയാണ്. ഇത്തരത്തിലുള്ള പദ്ധതികളെകുറിച്ച് ചിന്തിക്കുവാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് പാവപ്പെട്ടവരും സാധാരണക്കാരുമായ പാർശ്വവൽക്കരിക്കപ്പെട്ടവരായ ജനങ്ങളുടെ പക്ഷത്ത് യു.ഡി.എഫ്. ഗവൺമെന്റ് നിൽക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. ആദരണീയനായ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാമിനെ ഞാൻ ഈ അവസരത്തിൽ സ്മരിക്കുകയാണ്. അദ്ദേഹം വികസനത്തെകുറിച്ച് കൊടുത്ത വലിയ കാഴ്ചപ്പാട്. ആ കാഴ്ചപ്പാട് കേരള സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി നമ്മുടെ നിയമസഭയിലടക്കം അദ്ദേഹം സംസാരിച്ചതാണ്. അദ്ദേഹം മുന്നോട്ടുവച്ചൊരു നിർദ്ദേശമാണ്, കേരളത്തിന്റെ നാളികേര സാധ്യതകളെ നമ്മുടെ സംസ്ഥാനം പ്രയോജനപ്പെടുത്തണമെന്നത്. അദ്ദേഹം മുന്നോട്ടുവച്ച പദ്ധതി ഇന്ന് യു.ഡി.എഫ്. ഗവൺമെന്റ് 'നീര' എന്ന പദ്ധതിയിലൂടെ നടപ്പാക്കുമ്പോൾ 10 തെങ്ങുള്ള ഒരു കർഷകന് 15,000 രൂപ വരെ ഒരു മാസം ലഭിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് ആ പദ്ധതിയെ കൊണ്ടുവരാൻ കഴിയുന്നു. അത് വിജയകരമാക്കണം. അതിന്റെ അപാകതകൾ പരിഹരിക്കണം. ഞാൻ പറയുന്നത് ആ പദ്ധതിയുടെ നന്മയാണ്. നീര കിട്ടുന്ന തെങ്ങ് നമുക്ക് ഉപയോഗപ്രദമാക്കി മാറ്റാൻവേണ്ടിയുള്ള ഒരു

പരിശ്രമത്തിന് കേരളത്തിൽ തുടക്കം കുറിക്കാൻ കഴിഞ്ഞു.

ഇപ്പോൾ റബ്ബർ കർഷകരുടെ പ്രശ്നം വന്നു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 150 രൂപയ്ക്ക് റബ്ബർ സംഭരിക്കുന്ന ഒരു സ്കീം മുന്നോട്ടുവച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആ പദ്ധതി നടപ്പാക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇപ്പോൾ രജിസ്ട്രേഷൻ നടക്കുന്നു. 300 കോടി രൂപ അതിനുവേണ്ടി മാറ്റി വച്ചു. റബ്ബർ കർഷകരെ സംബന്ധിച്ചിടത്തോളം അത് ആശ്വാസകരമാണ്. അതിൽ കർഷകർക്ക് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ വരുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഹെൽപ്പ് ഡെസ്ക് എന്ന സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഞങ്ങളൊക്കെ നിയമസഭയിൽ നിർദ്ദേശം മുന്നോട്ടുവച്ചു. ഹെൽപ്പ് ഡെസ്ക് നടപ്പാക്കാൻ കഴിയണം. അതിനുള്ള നോഡൽ ഓഫീസർ അതിന്റെ ചുമതലയേറ്റുകൊണ്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. റബ്ബർ കർഷകർക്കുവേണ്ടി പ്രഖ്യാപിച്ച ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് ഗവൺമെന്റ് ഇച്ഛാശക്തി കാണിക്കണം. അതിലൂടെ വലിയൊരു പുരോഗതിയിലേയ്ക്ക് സംസ്ഥാനത്തെക്കൂടി കൊണ്ടുവരാൻ കഴിയണമെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇതുപോലെയുള്ള നിരവധി നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ്

മുന്നോട്ടുപോകുമ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ സപ്ലിമെന്ററി ഡിമാന്റിനെയും ബഡ്ജറ്റിന്റെ പരിധിക്കെല്ലാം അപ്പുറത്തുനിന്നുകൊണ്ട് വികസന കാര്യങ്ങൾ ഏറ്റെടുക്കാൻ കാണിക്കുന്ന ഗവൺമെന്റിന്റെ ആത്മാർത്ഥതയേയും ഞാൻ അനുകൂലിക്കുകയാണ്. "കണ്ണുള്ളവർ കാണട്ടെ, ചെവിയുള്ളവർ കേൾക്കട്ടെ" എന്ന് ബൈബിളിൽ പറയുന്നതുപോലെ ഈ കേരളത്തിൽ ഇത്രയും നല്ലനിലയിൽ കാര്യക്ഷമമായി ജനങ്ങൾക്കുവേണ്ടി രാഷ്ട്രീയഭേദമെന്യേ പ്രവർത്തിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു. സർക്കാരിന്റെ നയപരിപാടികളെക്കുറിച്ച് എനിക്കുമുൻപ് സംസാരിച്ച ശ്രീ. മോൻസ് ജോസഫ് ഉൾപ്പെടെയുള്ള സ്നേഹിതൻമാർ ഇവിടെ വിവരിച്ചിട്ടുണ്ട്. ഈ ചർച്ചകൾക്ക് ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്ന മറുപടി കേൾക്കാൻ തയ്യാറാകുന്നില്ല എന്നതാണ് പ്രതിപക്ഷത്തിന്റെ സമീപനം. ശത്രുക്കളെ കാണുമ്പോൾ മണലിൽ തലപൂഴ്ത്തി ഒളിച്ചോടാൻ ശ്രമിക്കുന്ന ഒട്ടകപക്ഷികളുടെ സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം ഈ നിയമസഭയ്ക്കകത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ട്

ആക്ഷേപങ്ങൾ ഉന്നയിക്കുന്ന ആളുകൾക്ക് ജനാധിപത്യപരമായി അതിന്റെ മറുപടി എന്താണ്, വിശദീകരണമെന്താണെന്ന് കേട്ടിരിക്കാനുള്ള ക്ഷമയും സഹനശക്തിയും ഇല്ലാത്തത്? മുഖ്യമന്ത്രിയാണെങ്കിലും, മറ്റ് ഏതു മന്ത്രിയാണെങ്കിലും പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പ്രതിപക്ഷത്തെപ്പോലും തൃപ്തിപ്പെടുത്തുന്ന മറുപടികളും ന്യായീകരണങ്ങളും പറയാറുണ്ട് എന്ന് നന്നായിട്ട് അറിയാം. ഈ നാലു വർഷക്കാലംകൊണ്ട് നമുക്കറിയാം, ഈ സർക്കാർ ചലിക്കുന്ന ഗവൺമെന്റ് ആണ്, പ്രവർത്തിക്കുന്ന ഗവൺമെന്റ് ആണ്. ഏറ്റവും ശക്തമായ ടീം വർക്ക് എന്ന് ശ്രീ. അഹമ്മദ് കബീർ ഇവിടെ പറഞ്ഞു. ടീം വർക്കും അതോടൊപ്പം ഹാർഡ് വർക്കും നടത്തിയ ഒരു ഗവൺമെന്റ് ആണ് കേരളത്തിലെ ഗവൺമെന്റ് എന്ന് എല്ലാപേരും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ടീം വർക്കിന്റേയും ഹാർഡ് വർക്കിന്റേയും ഫലമായിട്ടാണ് ഇവിടെ കേരളത്തിന് നഷ്ടമാകും എന്ന അവസ്ഥയിൽ മുടങ്ങിക്കിടന്ന വികസന പദ്ധതികൾ വീണ്ടെടുക്കാൻ സാധിച്ചത്. വിഴിഞ്ഞത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് അവസാനം വിവാദം ഉണ്ടായത്. വിഴിഞ്ഞത്ത് ഉൽഘാടനം ചെയ്തത് റോഡാണ് എന്ന് ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞപ്പോൾ അത് സമ്മതിക്കേണ്ടിവന്നു. കണ്ണൂരിലെന്താണ്, അന്നത്തെ മുഖ്യമന്ത്രി, ഇന്നത്തെ പ്രതിപക്ഷ നേതാവ് വിമാനത്താവളത്തിന് തറക്കല്ലിട്ടു. അവസാനം ഞങ്ങൾ

നിയമസഭയിൽ ചോദിച്ചപ്പോൾ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾക്കായിരുന്നില്ല, ടെർമിനലിനായിരുന്നില്ല, അതിന്റെ ചുറ്റുമതിലിന് ആയിരുന്നു എന്നാണ് പറഞ്ഞത്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് മട്ടന്നൂരിൽ തറക്കല്ലിട്ടത്, വിമാനത്താവളത്തിന്റെ ചുറ്റുമതിലിനായിരുന്നു. ഈ സർക്കാർ വന്ന് 2015 -ൽ ഇപ്പോൾ കണ്ണൂരിൽ വിമാനം ഇറങ്ങുന്നു. കൊച്ചി സ്മാർട്ട് സിറ്റിയെക്കുറിച്ച് എന്താണ് പറഞ്ഞത്; അത് കേവലം ഒരു റിയൽ എസ്റ്റേറ്റ് സംവിധാനമാണെന്നാണ് അന്ന് കളിയാക്കിയത്, അത് ഒരു യാഥാർത്ഥ്യമാക്കി. കേരളത്തിലെ ഐ.ടി. മേഖലയ്ക്ക് തൊഴിൽ ദായകമായ ഒരു വലിയ സ്വപ്നപദ്ധതിയായിട്ട് അത് നടപ്പിലാക്കാൻ സാധിച്ചിരിക്കുന്നു. മെട്രോ റെയിൽ യാഥാർത്ഥ്യമാക്കാൻ സാധിച്ചിരിക്കുന്നു. വൻകിട പദ്ധതികൾ മാത്രമല്ല, കേരളത്തിന്റെ വികസന സാദ്ധ്യതകൾ, ഗ്രാമതലത്തിൽ, വികേന്ദ്രീകരണ വികസന പദ്ധതികൾക്ക് അതിശക്തമായിട്ടുള്ള നേതൃത്വം നൽകിയ ഗവൺമെന്റാണ് ഇത്. അതിന്റെ വിശദാംശങ്ങളാണ് ഇവിടെ പറഞ്ഞത്.

എല്ലാ സ്ഥലത്തും സന്തുലിതമായിരിക്കണം വികസനം. അതുകൊണ്ടാണ് എല്ലാ എം.എൽ.എ.മാർക്കും പരിഗണനനൽകിക്കൊണ്ട് നിയോജകമണ്ഡല ആസ്തിവികസനം, എല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജ്, എല്ലാ

പഞ്ചായത്തുകളിലും ഹയർ സെക്കന്ററി സ്കൂൾ, എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസുകൾ, അതുപോലെതന്നെ 12 പുതിയ താലൂക്കുകൾ ആരംഭിച്ചു. അതുമാത്രമല്ല, താലൂക്കിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അനുബന്ധ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന്റെ ഭാഗമായി 12 സ്ഥലങ്ങളിലും പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ ആരംഭിച്ചു. റേഷൻ കാർഡ് പുതുക്കുന്നതിനും ബി.പി.എൽ. കാർഡ് കിട്ടാൻവേണ്ടിയും സാധാരണക്കാരൻ ഏറ്റവും കൂടുതൽ പോകുന്ന സർക്കാർ ഓഫീസാണ് താലൂക്ക് സപ്ലൈ ഓഫീസുകൾ. അവ പുതിയതായി 12 സ്ഥലത്ത് അനുവദിക്കുവാൻ സാമ്പത്തിക പ്രതിസന്ധി ഉള്ളപ്പോഴും ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. കണ്ണൂർ ഉൾപ്പെടെ പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിച്ചിരിക്കുന്നു. വളരെ ശാസ്ത്രീയമായി പഠനം നടത്തിയിട്ടുതന്നെ പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചിരിക്കുന്നു. പുതിയ പഞ്ചായത്ത് രൂപീകരിച്ചതിനെ ശ്രീ. ഇ. പി. ജയരാജൻ കഴിഞ്ഞദിവസം ഇവിടെ എതിർത്ത് സംസാരിച്ചു. മന്ത്രി കെ.സി. ജോസഫ് ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞില്ല. കണ്ണൂർ ജില്ലയിൽ ചെറിയ ഭൂപ്രദേശം, ജനസംഖ്യ, വിസ്തൃതി, വോട്ടർമാരുടെ എണ്ണം ഈ മാനദണ്ഡങ്ങൾ വച്ച് ഏറ്റവും ചെറിയ സ്ഥലത്ത്, മലപ്പട്ടം സി.പി.എം.ന്റെ പോക്കറ്റിൽ ഒരു പഞ്ചായത്തുണ്ടാക്കിയവരാണ്. തില്ലങ്കേരി

സി.പി.എം.ന്റെ പോക്കറ്റിൽ ഏറ്റവും ചെറിയ  പഞ്ചായത്തുണ്ടാക്കിയവരാണ്. ഇന്ന് ശാസ്ത്രീയ മാനദണ്ഡങ്ങൾ,  ജനസംഖ്യ, വിസ്തൃതി, വോട്ടർമാരുടെ എണ്ണം, വാർഡുകളുടെ എണ്ണം  ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, സാമ്പത്തിക ശാക്തീകരണത്തിന്റെ സാധ്യതയുടെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചതിനെയാണ് എതിർക്കുന്നത്. ആ എതിർപ്പുകൾക്ക്  യാതൊരു അടിസ്ഥാനവുമില്ല.

ആരോഗ്യരംഗത്ത് നമുക്കറിയാം, മെഡിക്കൽ കോളേജുകൾ, കേരളത്തിലെ ജനങ്ങളുടെ ആരോഗ്യപ്രശ്നം പരിഹരിക്കുവാൻ, ഡോക്ടർമാരുടെ ഒഴിവ് ഏറ്റവും വലിയ പ്രശ്നം തന്നെയാണ്. കണ്ണൂർ ജില്ലയിൽ ഡി.ഡി.സി.യിൽ നിരവധി ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്.  മന്ത്രിയോട് ചോദിച്ചപ്പോൾ അതിനെല്ലാംതന്നെ അഡ്വൈസ് മെമ്മോ അയച്ചു എന്നു പറഞ്ഞു,  കുറച്ചു ഡോക്ടർമാർ വന്നുചേർന്നിട്ടുണ്ട്, കുറച്ചുപേർ ഇനിയും വന്നുചേരാൻ ബാക്കിയുണ്ട്. പുതിയ തലമുറയിൽ ആവശ്യമായ ഡോക്ടർമാരെ സൃഷ്ടിക്കാൻ സാധിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ സൗകര്യം പട്ടികജാതി വിഭാഗത്തിനുപോലും സംവരണം ചെയ്തുകൊണ്ട് മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ  സാധിച്ചു. സങ്കുലിതമായ വികസന പ്രക്രിയ  ഒരു ഭാഗത്തു നടക്കുന്നു.  അതുപോലെ ജനങ്ങളുടെ ക്ഷേമ

പ്രവർത്തനത്തിൽ സാധാരണക്കാരെ സഹായിക്കുന്ന നിരവധിയായ പദ്ധതികൾ, കാരുണ്യ പദ്ധതി എത്ര പറഞ്ഞാലും അത് ആവർത്തന വിരസമാകുകയില്ല, കാരണം, കാരുണ്യപദ്ധതി നിരവധിപേർ ഇന്ന് അനുഭവിക്കുന്ന ഏറ്റവും ശക്തമായിട്ടുള്ള ഒരു ആനുകൂല്യമാണ്. എന്റെ ഡ്രൈവറുടെ ഒരു ബന്ധു, അദ്ദേഹം സാധാരണക്കാരനാണ്. കുട്ടിയെ സ്കൂളിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് പെട്ടെന്ന് ഹാർട്ട്അറ്റാക്ക് ഉണ്ടായി. പെരിയാരം മെഡിക്കൽ കോളേജിൽ അദ്ദേഹത്തെ അഡ്മിറ്റ് ചെയ്തു. ഒരു ലക്ഷം രൂപ വേണം, എന്നെ വിളിച്ചുപറഞ്ഞു. പെട്ടെന്ന് കാരുണ്യക്ക് അപേക്ഷ കൊടുത്തു, അവിടുത്തെ ഹോസ്പിറ്റലിന്റെ ഭക്ഷണത്തിന്റെ ചിലവ് ഉൾപ്പെടെയുള്ള മുഴുവൻ സംഖ്യയും കാരുണ്യ പദ്ധതിയിൽ കിട്ടി. അപ്പോഴാണ് എന്റെ ഡ്രൈവർ എന്നോടുപറഞ്ഞത്, ഇതുസംബന്ധിച്ച് നിങ്ങൾ ആവശ്യമായ പ്രചരണം നടത്തണം, ഇത്രയും വലിയ ഒരു ക്ഷേമപദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കിയിരുന്നില്ലെങ്കിൽ എന്റെ അങ്കിളിന് ചികിത്സാ സൗകര്യം ലഭ്യമാകുമായിരുന്നില്ല എന്നുപറയുന്ന സാധാരണക്കാരെ കേരളത്തിൽ നമുക്ക് കാണാൻ സാധിക്കും. അതുപോലെ കോക്ലിയർ ഇംപ്ലാന്റേഷനെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. അത് കാരുണ്യ പദ്ധതിയുടെ മറ്റൊരു പതിപ്പാണ്. മുഖ്യമന്ത്രിയുടെ ദു:രിതാശ്വാസ സഹായപദ്ധതി, ഇന്നും ഞാൻ മൂന്ന് അപേക്ഷകൊടുത്തു,

സാധാരണക്കാരന് ഒരു രോഗം വന്നാൽ പൂർണ്ണമായിട്ടും സർക്കാരിന്റെ പണത്തെ ആശ്രയിക്കാൻ കഴിയില്ല. എങ്കിൽപോലും ഭരണപ്രതിപക്ഷ ഭേദമെന്യേ അല്പമെങ്കിലും ആശ്രയിക്കാൻ, അല്ലെങ്കിൽ ഒരു ആശ്വാസം, കരുണയുടെ ഒരു പ്രവൃത്തി കേരളത്തിലെ സർക്കാരിൽനിന്ന് ലഭിക്കുന്നു. ഭരണപ്രതിപക്ഷ ഭേദമെന്യ അവരാവശ്യപ്പെടുന്ന രൂപത്തിൽ, മുഖ്യമന്ത്രി സഹായം അപ്പോൾതന്നെ അനുവദിക്കുന്നു, കൂടുതൽ സഹായം ആവശ്യമുള്ള കേസ്സുകളിൽ കളക്ടർമാരോട് റിപ്പോർട്ട് വാങ്ങി, ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഖ്യ അനുവദിക്കുന്നു. അപകടമരണങ്ങൾ കേരളത്തിൽ ഇന്ന് കൂടിക്കൂടി വരുന്നുണ്ട്. അപകടമരണം സംഭവിക്കുന്ന, റോഡ് ആക്സിഡന്റിൽ, അല്ലെങ്കിൽ മറ്റ് ആക്സിഡന്റുകളിൽ മരിക്കുന്ന ആളുകൾക്ക്, റോഡ് ആക്സിഡന്റാണെങ്കിൽ ആക്സിഡന്റ് ക്ലെയിം ഉണ്ട്, അല്ലെങ്കിൽ ഇൻഷുറൻസ് കവറേജ് വരും. സാധാരണ മറ്റ് അപകടങ്ങളിൽ മരിക്കുന്നവർക്ക്, റോഡ് ആക്സിഡന്റിൽ മരിക്കുന്നവർക്കുപോലും ഒരു ആശ്വാസം കിട്ടണമെങ്കിൽ വർഷങ്ങൾ കേസ്സ് നടത്തി കാത്തിരിക്കണം, അവിടെയാണ് വൂണ്ട് സർട്ടിഫിക്കറ്റും, പോസ്റ്റുമോർട്ടം റിപ്പോർട്ടും, ഡെത്ത് സർട്ടിഫിക്കറ്റും ഉണ്ടെങ്കിൽ മുഖ്യമന്ത്രി അപ്പോൾതന്നെ മുഖംനോക്കാതെ, ഏത് കോൺസ്റ്റിറ്റ്യൂൻസി എന്നു നോക്കാതെ, ഏത് എം.എൽ.എ. എന്ന് നോക്കാതെ ഒരു ലക്ഷം രൂപ പാസ്സാക്കുന്നത്.

അത്യാവശ്യമുള്ള കേസ്സുകളിൽ മന്ത്രിസഭ ആ വിഷയത്തിന്റെ മെരിറ്റ് നോക്കി തീരുമാനമെടുക്കുന്ന ആശ്വാസപദ്ധതി. സാധാരണക്കാർക്ക് ഏറ്റവും ആശ്വാസമുള്ള ഈ പദ്ധതി അപ്പുറത്തെ ആളുകൾ ഭരണപക്ഷത്തിരുന്നപ്പോൾ കൈകാര്യം ചെയ്തിട്ടില്ല. അവർക്ക് കൈകാര്യം ചെയ്യുവാൻ കഴിയുമായിരുന്നില്ല. കേരളത്തിലെ ഇപ്പോഴത്തെ മുഖ്യമന്ത്രിയാണ് എല്ലാ കാര്യങ്ങളും സ്പീഡിലാക്കിയത്. ഇപ്പോൾ തന്നെ നാം കണ്ടതാണ്, ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് സൗകര്യമേർപ്പെടുത്തിക്കൊടുത്തു. മുഖ്യമന്ത്രി പാതിരാത്രിക്കുപോലും ഉറക്കമൊഴിഞ്ഞാണ് അതിനാവശ്യമായിട്ടുള്ള, ഹെലികോപ്ടർ സൗകര്യം ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുത്തത്. ഒരു സാധാരണക്കാരന്റെ ജീവൻ രക്ഷിക്കാൻ ഊണും ഉറക്കവുമിളച്ച് ചെയ്യുന്ന എന്നുള്ളത് സാധാരണഗതിയിൽ ഒരു പ്രസംഗത്തിന്റെ ശൈലിയാണെങ്കിൽ, ഇവിടെ ഇത് പ്രവർത്തനത്തിന്റെ ശൈലിയാക്കി മാറ്റാൻ ഈ സർക്കാരിന് സാധിച്ചിരിക്കുന്നു. സമസ്തമേഖലയിലും അതിന്റെ നേട്ടങ്ങൾ നമുക്ക് കാണാൻ സാധിക്കും. വികസന കാര്യങ്ങളിൽ പ്രധാനപ്പെട്ട വിഷയം ഇവിടെ എല്ലാപേർക്കുമറിയാം. കേരളത്തിന്റെ റോഡിന്റെ അവസ്ഥ എന്തായിരുന്നു? ഇടതുപക്ഷം സത്യത്തിൽ പഞ്ചായത്ത് ഇലക്ഷനിലും, പാർലമെന്റ് ഇലക്ഷനിലും ആവർത്തിച്ച് പരാജയപ്പെട്ടപ്പോൾ പലരോടും ഇതിന്റെ

കാരണം ചോദിച്ചപ്പോൾ കിട്ടിയ മറുപടി നിങ്ങൾ കേരളത്തിലെ റോഡുകൾ നോക്കുക എന്നാണ്. ഞാൻ ഈ തെരഞ്ഞെടുപ്പിൽ ജയിച്ചുവരുമ്പോൾ എന്റെ നിയോജകമണ്ഡലമായ പേരാവൂരിൽ പി.ഡബ്ല്യു.ഡി. റോഡാകട്ടെ പഞ്ചായത്ത് റോഡാകട്ടെ, ഒരു റോഡുംപോലും ഗതാഗത യോഗ്യമായി ഉണ്ടായിരുന്നില്ല. നാല് കൊല്ലം കഴിഞ്ഞ് ഇപ്പോൾ എനിക്ക് പറയാൻ സാധിക്കും, നവീകരിക്കാത്തതോ നവീകരിക്കാൻ പണം അനുവദിക്കാത്തതോ ആയ ഒരു റോഡുപോലും എന്റെ നിയോജക മണ്ഡലത്തിലില്ലാ എന്ന്. അതെനിക്ക് തറപ്പിച്ചുപറയാൻ സാധിക്കും. അവിടെ പക്ഷപാതമില്ല. ശ്രീ. ജെയിംസ് മാത്യു എന്റെ സ്നേഹിതനാണ്. കണ്ണൂർ ജില്ലയെക്കുറിച്ച് കൂടുതൽ പറയാൻ സാധിക്കും. ശ്രീ ജെയിംസ് മാത്യുവിന്റെ മണ്ഡത്തിലുള്ള ഒരു പാലത്തിന്റെ പണി പൂർത്തീകരിക്കാൻ 36 കോടി രൂപയാണ് അനുവദിച്ചത്. വിവേചനം കാണിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാനദ്ദേഹത്തെ ഓർമ്മപ്പെടുത്തുകയായിരുന്നു. സാധാരണഗതിയിൽ പ്രതിപക്ഷത്തിന് ഇത് കിട്ടുന്ന ഒരു കാര്യമല്ല. ഈ സർക്കാരിനെ സംബന്ധിച്ച് വികസന കാര്യത്തിൽ മുഖംനോക്കാതെയാണ് ഫണ്ട് അനുവദിക്കുന്നത്. എല്ലാവരുടെയും മണ്ഡലത്തിൽ ഫ്ലെക്സ് ബോർഡുകളുണ്ട്. ഇക്കാര്യങ്ങൾ നിഷേധിക്കാൻ സാധ്യമല്ല. അതുകൊണ്ട് വികസന കാര്യത്തിൽ നാഷണൽ

ഹൈവേയാണെങ്കിലും കെ.എസ്.റ്റി.പി. റോഡ് പദ്ധതിയാണെങ്കിലും വില്ലേജുറോഡുകളുടെ വൺടൈം സെറ്റിൽമെന്റാണെങ്കിലും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ഇവിടെ ശ്രീ. മോൻസ് ജോസഫ് വിശദീകരിച്ച ഒരു കാര്യം, പി.എം.ജി.എസ്.വൈ. പദ്ധതി മുടങ്ങി കിടക്കുകയായിരുന്നു. അതിന്റെ ടെണ്ടർ എക്സസ് വഹിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കാത്തതുകൊണ്ട് അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ ഫണ്ടുപോലും കേരളത്തിൽ യൂട്ടിലൈസ് ചെയ്യാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അത് യൂട്ടിലൈസ് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. ജോസഫ് ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് സംസ്ഥാനം നൽകിയതിന്റെ ഭാഗമായി കേന്ദ്രവിഹിതം നമുക്ക് ഉപയോഗപ്പെടുത്താൻ സാധിച്ചിരിക്കുന്നു. ഈ സർക്കാരിനെയും ജനക്ഷേമപ്രവർത്തനങ്ങളെയും ജനങ്ങൾ അംഗീകരിക്കുന്നതുകൊണ്ടാണ് അരുവിക്കരയിൽ യു.ഡി.എഫ്. ജയിച്ചത്. ജയിച്ചത് ശ്രീ. കെ. എസ്. ശബരീനാഥനാണെങ്കിൽപോലും ഞാൻ അനുമോദിക്കുന്നത് പ്രതിപക്ഷത്തെയാണ്. ശ്രീ. കെ. എസ്. ശബരീനാഥൻ 10,000 വോട്ടിന് ജയിച്ചു. അതുപോലെ ശ്രീ. ഒ. രാജഗോപാലിന്റെ പാർട്ടിയുടെ വോട്ട് രണ്ടിരട്ടിയിലധികം വർദ്ധിച്ചു. പക്ഷേ, അനുമോദനം അർഹിക്കുന്നത് പ്രതിപക്ഷമാണ്. കാരണം

അവർക്കുണ്ടായ ദയനീയമായിട്ടുള്ള പരാജയത്തിന്റെ ജാള്യത മറച്ചുവയ്ക്കാൻ പെർസന്റേജ് കണക്കുമായി ഇറങ്ങിത്തിരിച്ച പ്രതിപക്ഷത്തിന്റെ തൊലിക്കട്ടിയെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എം. എ. ബേബി: സർ, 2015 -2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇതിന്റെ കാരണങ്ങൾ പ്രതിപക്ഷത്തുള്ള മെമ്പർമാർ ആവർത്തിച്ച് സംസാരിച്ചുകഴിഞ്ഞു. 29.06.2015-ൽ ഇവിടെ ധനകാര്യ വകുപ്പുമന്ത്രി നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന് ശ്രീ. ബി.ഡി. ദേവസ്സിക്ക് നൽകിയ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്, 2014 -2015 സാമ്പത്തിക വർഷത്തെ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ 1145 കോടി 92 ലക്ഷം രൂപ പ്രഖ്യാപിച്ചു എന്നാണ്. എന്നാൽ പുതിയ പദ്ധതികളുടെ നടത്തിപ്പിനായി 236.16 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ഇതിന്റെ ബാക്കി വകപ്പുതിരിച്ചുള്ള വിശദാംശങ്ങൾ നൽകാവുന്നതാണ് എന്നാണ്. ഇവിടെ യഥാർത്ഥത്തിലുള്ള പ്രശ്നം പല പ്രഖ്യാപനങ്ങളും ബഡ്ജറ്റിൽ നടത്തുകയും അതിനുള്ള പണം ബഡ്ജറ്റിൽ വകയിരുത്താതിരിക്കുകയുമാണ് ചെയ്യുന്നത് എന്നതാണ്. വകയിരുത്തിയ പണംപോലും ഉപയോഗിക്കാതിരിക്കുകയാണ്.

ഇതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും അറിയാവുന്ന കാര്യമാണ്. ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ ശരിയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നുമുള്ള തുക എം.എൽ.എ. മാരുടെ അപേക്ഷപ്രകാരം വിതരണം ചെയ്യുന്നുണ്ട്. കാരുണ്യ പദ്ധതിവഴിയും വിതരണം ചെയ്യുന്നുണ്ട്. നടക്കുന്ന കാര്യങ്ങൾ ഞങ്ങൾ കാണുന്നില്ല എന്നുകരുതണ്ട, അത് കാണുന്നതാണ്. അപ്പുറത്തിരിക്കുന്ന മെമ്പർമാർക്ക് കുറച്ചു കൂടുതലും ഇപ്പുറത്തിരിക്കുന്ന മെമ്പർമാർക്ക് കുറച്ചു കുറവായിട്ടുമാണ് ചെയ്യുന്നത്. ഞങ്ങൾ അതിനെക്കുറിച്ചൊന്നും പരാതിയോ പരിഭവമോ പറയുന്നില്ല. യഥാർത്ഥത്തിൽ ഒരു ഗവൺമെന്റിന്റെ പ്രവർത്തനത്തെ വിലയിരുത്തേണ്ടത്, സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിക്കും ഗവൺമെന്റ് ബഡ്ജറ്റിലൂടെ വകയിരുത്തി നടപ്പിലാക്കുന്ന പദ്ധതികൾ, അതുപോലെ സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങൾക്ക്, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ജീവിത വൈഷമ്യങ്ങൾ അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരാൻ എന്തെല്ലാം ഒരു ഗവൺമെന്റ് ചെയ്യുന്നു എന്നുള്ളതിലൂടെയാണ്. അതാണ് ഈ ഉപധനാഭ്യർത്ഥനചർച്ചയ്ക്കിടയിൽ കൃത്യമായി പരിശോധിക്കേണ്ടത്. ഇവിടെ കഴിഞ്ഞ ദിവസം ക്യാബിനറ്റ് കൂടി എടുത്ത തീരുമാനത്തെക്കുറിച്ച് മുഖ്യമന്ത്രി

വിശദീകരിച്ചു. ഓണം വരികയാണ്. ഓണത്തിന് കമ്പോളത്തിലെ സാധനങ്ങളുടെ വിലകയറ്റം പിടിച്ചുനിർത്താൻവേണ്ടി 100 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്നാണ് പറയുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന് 400 കോടി രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. കൺസ്യൂമർ ഫെഡറേഷന് 307 കോടി രൂപ നൽകാനുണ്ട്. ഇത് രണ്ടുംകൂടിച്ചേർത്താൽ 700 കോടി രൂപയിലധികംവരും. ഓണം പ്രമാണിച്ച് ഗവൺമെന്റ് നീക്കിവെക്കുന്നത് 100 കോടി രൂപയാണ്. 607 കോടി രൂപ അപ്പോഴും കുടിശ്ശികയായി ബാക്കി കിടക്കുകയാണ്. ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളിൽ ചെറുതും വലുതുമായ നിർമ്മാണ പ്രവത്തനങ്ങൾ നടക്കുമ്പോഴാണ് നാട്ടിൻപ്പുറങ്ങളിലെ ജനങ്ങളുടെ ജീവിതത്തിൽ പ്രതീക്ഷയുണ്ടാകുന്നത്. ഇപ്പോഴത്തെ ഒരവസ്ഥയെക്കുറിച്ച് വിവിധ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രതിനിധികൾ എം.എൽ.എ.മാർക്കും മന്ത്രിമാർക്കും നിവേദനം കൊടുക്കുന്നു. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (ഡി.എസ്.ആർ.) - നെ അടിസ്ഥാനമാക്കി ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ പ്രവൃത്തി ഏറ്റെടുക്കാൻ ശ്രമിക്കുമ്പോൾ അവർക്ക് ഉണ്ടാകുന്ന പ്രയാസങ്ങളാണ് അതിൽ വിശദീകരിക്കുന്നത്. പി.ഡബ്ല്യൂ.ഡി.-യെ സംബന്ധിച്ചിടത്തോളം ടെണ്ടർ എക്സസ് നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. എന്നാൽ പ്രാദേശിക സ്വയംഭരണ

സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ ടെണ്ടർ എക്സസ് കൊടുക്കാനുള്ള വ്യവസ്ഥ നിലവിലില്ല. 2014-ൽ നിലവിൽ വന്നിട്ടുള്ള ഡി.എസ്.ആർ. അടിസ്ഥാനമാക്കി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറല്ല. കാരണം, അത് പ്രാവർത്തികമാക്കി മിതമായ ലാഭം അവർക്ക് എടുക്കാൻ കഴിയില്ല എന്നുള്ള കാര്യം അറിയാവുന്നതുകൊണ്ട്. ഇതുപോലുള്ള പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ ഇതൊന്നും പരിഹരിക്കാൻ യാതൊരു ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. കരാറുകാർക്ക് ഇപ്പോൾ 4000 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ട്. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് 613 കോടി രൂപ വിവിധ വകുപ്പുകൾക്ക് നൽകാനുണ്ട്. മെഡിക്കൽ കോർപ്പറേഷനിൽനിന്ന് മരുന്ന് വാങ്ങിയതിൽ 340 കോടി രൂപ കൊടുക്കാൻ ബാക്കി കിടക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലിയെടുക്കുന്നവരുടെ ജീവിത സാഹചര്യം എല്ലാവർക്കുമറിയാം. എന്നാൽ ഇവിടെയും ഭീമമായ തുക കുടിശ്ശികയുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന പട്ടിണി പാവങ്ങൾക്ക് 108 കോടി രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. വികലാംഗർ ഉൾപ്പെടെയുള്ളവർക്കുള്ള ക്ഷേമനിധി, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ ഇതെല്ലാം ചേർന്ന് 1500 കോടിയിലധികം രൂപ കൊടുക്കാൻ ബാക്കിയുണ്ട്. എന്റെ കുടുബത്തിലും കെ.എസ്.ആർ.ടി.സി.യിൽ

ജോലി കഴിഞ്ഞ് പെൻഷൻ വാങ്ങുന്നവരുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷനേഴ്സ് ആത്മഹത്യ ചെയ്യുന്ന അപമാനകരമായതും ദയനീയവുമായ ഒരു സ്ഥിതി കേരളത്തെപോലുള്ള സംസ്ഥാനത്ത് ഉണ്ടാക്കിയത് ഈ ഗവൺമെന്റിന്റെ സാമ്പത്തിക കെടുകാര്യസ്ഥതയാണ്. ഈ കാര്യങ്ങളിൽ സി & എ.ജി. കുറ്റപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രഖ്യാപനം നടത്തുകയും അതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരിക്കുകയും ഉൾപ്പെടുത്തിയ തുച്ഛമായ തുകപോലും ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് സി & എ ജി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളുണ്ട്. ഇത്തരത്തിൽ ഏറ്റവും കുറ്റകരമായ സാമ്പത്തിക കെടുകാര്യസ്ഥത ഈ ഗവൺമെന്റ് പിന്തുടരുമ്പോൾ യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ ധനകാര്യവകുപ്പിനെ ഒരു സാമ്പത്തിക കുറ്റവാളിയായി പ്രഖ്യാപിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റ് കുറ്റകൃത്യങ്ങളെക്കുറിച്ചല്ല പറയുന്നത്. സാമ്പത്തിക കെടുകാര്യസ്ഥതയെ മാത്രം മുൻനിർത്തി ധനകാര്യവകുപ്പിന് 150 കോടി രൂപയാണ് ഈ ഗവൺമെന്റിന്റെ ചെയ്യാത്ത നന്മകളെക്കുറിച്ച് കൊട്ടിഘോഷിക്കാൻ പരസ്യയിനത്തിൽ ചെലവാക്കിയത്. ചെയ്യുന്ന കാര്യങ്ങൾ ഇങ്ങനെ വിളിച്ചുപറയേണ്ട ആവശ്യമുണ്ടോ; എല്ലാ ഗവൺമെന്റും പരസ്യം കൊടുക്കും. എൽ.ഡി.എഫ്. ഗവൺമെന്റും പരസ്യം

കൊടുത്തിട്ടുണ്ട്. പക്ഷേ ഇതുപോലെ പരസ്യധൂർത്ത് നടത്തേണ്ടിവരുന്നത് ഗവൺമെന്റിന്റെ കെട്ടിച്ചമച്ച നേട്ടങ്ങളെക്കുറിച്ച് വിശദീകരിക്കാൻ തയ്യാറാകുന്നതിന്റെ ഭാഗമായിട്ടാണ്. ഈ ഗവൺമെന്റിന്റെ എടുത്തുപറയാവുന്ന നേട്ടങ്ങൾ എന്നരീതിയിൽ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പല കാര്യങ്ങളും പറഞ്ഞു. അതിലൊന്ന് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചു എന്നതാണ്. മെഡിക്കൽ കോളേജുകളുടെ ശിലാസ്ഥാപനം നടത്തി. എല്ലാ ജില്ലകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ വരിക എന്നുള്ളത് നല്ലൊരു നയമാണ്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുകയാണെങ്കിൽ അതിന് പണം വകയിരുത്തണം. യഥാർത്ഥത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള ശ്രമങ്ങളുണ്ടാകണം. അതിനുപകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആ ജില്ലയിലെ മന്ത്രിമാരുംകൂടി ശിലാസ്ഥാപനം നടത്തിയിട്ടുപോയാൽ എന്താകും? അങ്ങനെ ചെയ്തിട്ടുപോയാൽ എന്താകുമെന്നുള്ളതിന്റെ ഞെട്ടിക്കുന്ന ഒരുദാഹരണം നമ്മുടെ മുൻപിലുണ്ട്. നമ്മുടെ നാട്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടാകാൻ പോകുകയാണ്. ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടുത്തവർഷം 100

എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടമാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇപ്പോഴുള്ള സൗകര്യങ്ങൾവച്ച് 100 കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയില്ലെന്ന് മെഡിക്കൽ കൗൺസിൽ അറിയിച്ചിരിക്കുകയാണ്. അതുപോലെ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഡെന്റൽ കോളേജിന്റെ അംഗീകാരം നഷ്ടപ്പെട്ടിരിക്കുന്നു. കേട്ടുകേൾവിയുണ്ടോ; ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നടത്താൻ കഴിയാതെവരികയും ഗവൺമെന്റ് ഡെന്റൽ കോളേജിന്റെ അംഗീകാരം നഷ്ടമാവുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്; ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ഡെന്റൽ കോളേജുകളിലും ആവശ്യമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. അതുകൊണ്ട് വെറുതെ പ്രഖ്യാപനങ്ങൾ നടത്താതെ ചെയ്യാൻകഴിയുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മള്ളൂർ ഗോവിന്ദൻ പിള്ളയും പതിനായിരം രൂപയും ഉണ്ടെങ്കിൽ ആരേയും കൊല്ലാം എന്നാണ് നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്ന ചൊല്ല്. മള്ളൂർ ഗോവിന്ദൻ പിള്ള വളരെ പ്രസിദ്ധനായ ഒരു ക്രിമിനൽ

വക്കീലായിരുന്നു. പ്രോസിക്യൂഷൻ എത്ര സൂക്ഷ്മമായി ശേഖരിച്ചുകൊണ്ടുവരുന്ന തെളിവുകളെപ്പോലും വാദിച്ച് ജയിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. വാഗ്ധോരണികൊണ്ടും നിയമപരിജ്ഞാനംകൊണ്ടും വാദമുഖങ്ങൾ അടുക്കി അവതരിപ്പിക്കാനുള്ള പ്രാപ്തികൊണ്ടും കോടതിയിൽ ഇന്ദ്രജാലം സൃഷ്ടിക്കുന്ന മള്ളൂർ ഗോവിന്ദൻ പിള്ളയ്ക്ക് അത്ഭുതകരമായി ഏത് കൊലയാളിയേയും രക്ഷപ്പെടുത്താൻ കഴിയുമായിരുന്നു. ആ സാഹചര്യത്തിലാണ് മള്ളൂർ ഗോവിന്ദൻ പിള്ളയും പതിനായിരം രൂപയുമുണ്ടെങ്കിൽ ആർക്കും കൊലപാതകം നടത്താം എന്ന ചൊല്ല് നിലവിലുണ്ടായത്. നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മള്ളൂർ ഗോവിന്ദൻ പിള്ളയെപ്പോലെ പ്രാഗത്ഭ്യമുള്ള ആളാണ്. പതിനായിരം രൂപ ഫീസ് കൊടുത്താൽ ഏത് കൊലയാളിയേയും രക്ഷിക്കാൻ മള്ളൂർ ഗോവിന്ദൻ പിള്ളയ്ക്ക് കഴിയുമായിരുന്നുവെങ്കിൽ ആ സ്ഥാനത്ത് കേരളത്തിന്റെ മുഖ്യമന്ത്രി വന്നിരിക്കുകയാണ്. ഏത് പട്ടാപ്പകൽ തീവെട്ടിക്കൊള്ള നടത്തിയ ആളേയും തെളിവില്ലായെന്ന് സ്ഥാപിച്ചുകൊണ്ട് രക്ഷപ്പെടുത്താനുള്ള ജാലവിദ്യക്കാരനായി ശ്രീ. ഉമ്മൻ ചാണ്ടി മാറിയതോടുകൂടി മള്ളൂർ ഗോവിന്ദൻ പിള്ളയായി ശ്രീ. ഉമ്മൻ ചാണ്ടി മാറിയിരിക്കുകയാണ്. സാമ്പത്തിക അച്ചടക്കവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്ന

അഴിമതികൾ പരിശോധിക്കാതിരിക്കാൻ കഴിയില്ല. ബഡ്ജറ്റിനെ അഴിമതി നടത്താനുള്ള ഉപകരണമാക്കി മാറ്റുക എന്ന അത്ഭുതമാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുള്ളത്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും തൃപ്തികരമായി മറുപടി പറയാൻ കഴിഞ്ഞോ; ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്ന അഴിമതികളുമായി ബന്ധപ്പെട്ട് വ്യക്തമായ തെളിവുകളുണ്ടായിക്കഴിഞ്ഞാൽ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികളില്ലേ; ഡൽഹി സംസ്ഥാന ഗവൺമെന്റിലെ ഒരു മന്ത്രി തീഹാർ ജയിലിൽ കിടക്കേണ്ടിവന്നത് എന്തിനായിരുന്നു; അദ്ദേഹത്തിന്റെ നിയമബിരുദം യഥാർത്ഥത്തിലുള്ളതാണോ അല്ലയോ എന്നതിനെക്കുറിച്ച് ആക്ഷേപം ഉന്നയിക്കപ്പെട്ടു. അന്വേഷണം നടക്കുമ്പോൾ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. മന്ത്രി എന്ന നിലയിൽ സ്വാധീനം ഉപയോഗിച്ച് കേസന്വേഷണം ദുർബ്ബലപ്പെടുത്തും എന്ന സംശയത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ ജയിലിലടയ്ക്കേണ്ടിവന്നത്. സ്വാധീനം ചെലുത്താൻ കഴിയുന്നവർ കേസന്വേഷണ സമയത്ത് ഉന്നതമായ ഉത്തരവാദിത്ത സ്ഥാനങ്ങളിൽ ഇരുന്നുകൂടായെന്നുള്ളത് നമ്മുടെ നീതിന്യായ സംവിധാനത്തിൽ പിന്തുടരുന്ന ഒരു സമീപനമാണ്. കേസന്വേഷണത്തിൽ ഇടപെടാതിരിക്കാൻവേണ്ടി വേണമെന്നുകണ്ടാൽ കോടതി

അവരെ ജയിലിൽ അടയ്ക്കുകയും ചെയ്യും. ശ്രീ. തരുൺ തേജ്പാൽ എന്ന പ്രസിദ്ധനായ മാധ്യമപ്രവർത്തകന് ലിഫ്റ്റിൽ തന്നോടൊപ്പം യാത്ര ചെയ്ത വ്യക്തിയോട് അപമര്യാദയായി പെരുമാറിയതിന്റെ പേരിലുള്ള കേസ്സിൽ ശിക്ഷിക്കപ്പെട്ട് മാസങ്ങളോളം ജയിലിൽ കിടക്കേണ്ടിവന്നു. ഒടുവിൽ സുപ്രീംകോടതിയിൽ പോയിട്ടാണ് ആറോ ഏഴോ മാസങ്ങൾക്കുശേഷം അദ്ദേഹത്തിന് ജാമ്യം ലഭിച്ചത്. കേരളത്തിന് പ്രബുദ്ധതയുടെ പേരിൽ പ്രശസ്തിയുണ്ടായിരുന്നു. എന്നാൽ ഇന്ന് കേരളം പ്രബുദ്ധമാണെന്നുപറയാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. കാരണം, കുറ്റവാളികളെ സംരക്ഷിക്കുന്ന ഒരു ഗവൺമെന്റ് എന്ന ദുഷ്പേരിന് കേരള ഗവൺമെന്റ് ഇരയായിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ ഗവൺമെന്റ് വിവിധ വകുപ്പുകൾക്കായി ആവശ്യപ്പെടുന്ന പണം അനുവദിക്കണമെന്നുപറഞ്ഞാൽ അഴിമതിവാഴ്ചയെ മുന്നോട്ടുകൊണ്ടു പോകാൻ ആ ധനം ദുർവിനിയോഗപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ "ബാർ കോഴക്കേസ്സുമായി ബന്ധപ്പെട്ട് താൻ യു.ഡി.എഫ്.-ന്റേയും തന്റെ തന്നെ പാർട്ടിയുടേയും സമ്മർദ്ധങ്ങൾക്ക് വിധേയനായി" എന്നാണ് പറഞ്ഞത്. താൻ എഴുതുന്നതെന്താണെന്ന് കൃത്യമായി

മനസ്സിലാക്കിക്കൊണ്ടാണല്ലോ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഫേസ്ബുക്ക് പോസ്റ്റിൽ ഇങ്ങനൊരു കാര്യം എഴുതുന്നത്. അങ്ങനെ എഴുതിയതിന്റെ അർത്ഥമെന്താണ്; ആഭ്യന്തര വകുപ്പുമന്ത്രി സമ്മർദ്ദത്തിന് വിധേയനാകുന്നു എന്നുപറയുമ്പോൾ, ഒന്നുകിൽ അന്വേഷണം നടക്കുന്ന കേസ്സിൽ അന്വേഷണം ശരിയായ പാതയിലൂടെയല്ല പോകുന്നതെന്നുകണ്ട് ആഭ്യന്തര വകുപ്പുമന്ത്രിക്ക് സമ്മർദ്ദം ചെലുത്താം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. എം.എ. ബേബി: സർ, അതാണോ ഇവിടെ ഉണ്ടായത്; പിന്നെ സംഭവിക്കാവുന്നത് അന്വേഷണം ശരിയായ പാതയിലൂടെ പോകുമ്പോൾ കുറ്റവാളികൾക്കെതിരെ തെളിവുകൾ ശേഖരിക്കപ്പെടുകയും അത് കോടതിയുടെ മുമ്പിൽ വരികയും ചെയ്യുമ്പോൾ ആപത്തുണ്ടാകുമെന്ന് മനസ്സിലാക്കി യഥാർത്ഥത്തിൽ കുറ്റകൃത്യം ചെയ്തവരാണോ യു.ഡി.എഫ്.-ൽ നിന്നും കോൺഗ്രസ്സിൽനിന്നും സമ്മർദ്ദം ചെലുത്തിയത് എന്നുള്ളത് ആഭ്യന്തര വകുപ്പുമന്ത്രി ഇതുവരെ വ്യക്തമാക്കിയിട്ടില്ല. അപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിക്ക് താൻ ഭരണഘടനതൊട്ട് സത്യപ്രതിജ്ഞ ചെയ്ത് ഏറ്റെടുത്ത ഉത്തരവാദിത്തം നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിലവിൽ വന്നിരിക്കുകയാണ്.

ബഹുമാനപ്പെട്ട എന്റെ സഹപ്രവർത്തകൻ ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഊർജ്ജമേഖലയിൽ സൗരോർജ്ജത്തിന് പ്രാധാന്യം കൊടുക്കണമെന്ന ഒരാവശ്യമുന്നയിച്ചു. എനിക്ക് വളരെ യോജിപ്പുള്ള അഭിപ്രായമാണ്.

<u>മി. ചെയർമാൻ</u>: യെസ്....... കൺക്ലൂഡ്.......

<u>ശ്രീ. എം. എ. ബേബി</u>: ആ ഭാഗത്തുനിന്നും പറയുന്നവരുടെ അഭിപ്രായങ്ങളോട് യോജിക്കാൻ കഴിയുമ്പോൾ അങ്ങ് അതിന് സംരക്ഷണം നൽകണം.

<u>Mr. Chairman</u>: There is no rule for that.

<u>ശ്രീ. എം. എ. ബേബി</u>: ശ്രീ. റ്റി. എ. അഹമ്മദ് കബീർ സ്വീകരിച്ച സമീപനം ഇന്ത്യയിലെ ഏറ്റവും പ്രമുഖനായ മാർക്സിസ്റ്റ് ചിന്തകന്മാരിൽ ഒരാളായ, അങ്ങേയ്ക്കും അറിയാം, അങ്ങ് ഒരു കാലഘട്ടത്തിൽ അതെല്ലാം വായിച്ചിട്ടുണ്ടാകും എന്ന് കരുതുന്നു. ശ്രീ. ബി. ഡി. ഗോസംബി പറഞ്ഞത് ഭാവിയുടെ ഊർജ്ജസ്രോതസ്സ് സൗരോർജ്ജമാണെന്നാണ്. അതുകൊണ്ട് ശ്രീ. റ്റി. എ. അഹമ്മദ് കബീർ പറഞ്ഞ സൗരോർജ്ജമേഖലയ്ക്ക് കൂടുതൽ ഫണ്ട് നീക്കിവയ്ക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ ഈ ഗവൺമെന്റ് സൗരോർജ്ജ മേഖലയ്ക്കല്ല ഫണ്ട് നീക്കിവയ്ക്കുന്നത്, സൗരോർജ്ജ കേസ്സിലുൾപ്പെട്ട പ്രധാനികളെ രക്ഷപ്പെടുത്താൻ വേണ്ടിയാണ് ഈ ഗവൺമെന്റിലെ

പ്രധാനപ്പെട്ടവർ ഫണ്ട് ശേഖരിച്ച് വിനിയോഗിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് അഴിമതിയിലും കെടുകാര്യസ്ഥതയിലും മുങ്ങിക്കുളിച്ചിട്ടുള്ള ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ശ്രീ. എം. എ. ബേബി പ്രസംഗിച്ചപ്പോൾ കേസ്സുകളെ സംബന്ധിച്ച് പറയുകയുണ്ടായി. മല്ലൂർ ഗോവിന്ദപിള്ള എന്ന വക്കീൽ ഇപ്പോൾ ഇല്ലാത്തതുകൊണ്ടാകാം കണ്ണൂർ ജില്ലാസെക്രട്ടറിക്ക് മുൻകൂർ ജാമ്യം കിട്ടാതെ പോയത് എന്നു ഞാൻ വിശ്വസിക്കുകയാണ്. ഇപ്പോൾ ആശുപത്രിയിൽ കിടക്കുകയാണ്. കേസ്സിനെ സംബന്ധിച്ച കാര്യം ഇത്രയും പറഞ്ഞുകൊണ്ട് നിർത്തുന്നു.

ബഡ്ജറ്റിൽ പലപ്പോഴും പല കാരണങ്ങൾകൊണ്ടും ഉൾക്കൊള്ളാൻ കഴിയാത്തതും ഉൾക്കൊള്ളിക്കാൻ കഴിയാത്തതും അടിയന്തരമായി ചെയ്യേണ്ടതുമായ പല കാര്യങ്ങൾക്കുവേണ്ടിയാണ് ഇന്ന് ഈ ഉപധനാഭ്യർത്ഥന വന്നിരിക്കുന്നത്. ദിശാബോധമുള്ള ഒരു ഗവൺമെന്റ്, ഒരു പ്രശ്നമുണ്ടാകുമ്പോൾ ആ പ്രശ്നത്തെ എങ്ങനെയാണ് നേരിടുന്നത് എന്നതാണ് ഏറ്റവും കാതലായ കാര്യം. ഒത്തിരിയേറെ

പ്രശ്നങ്ങൾ വിജയകരമായി അനുകൂലിച്ചൊരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്.

മലയോര മേഖലയെ ആകെ ആശങ്കയാക്കിയതാണ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ. അത് വന്നപ്പോൾ പ്രായോഗികമായ സമീപനങ്ങളെടുത്ത് ജനങ്ങളോടൊത്ത് നിലകൊണ്ട ഒരു സർക്കാരാണ് ഈ സർക്കാർ. അതോടൊപ്പം വനസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ഇതുവരെ നടപ്പിലാകാത്ത ഒരു റിപ്പോർട്ടാണ് കസ്തൂരിരംഗൻ റിപ്പോർട്ട്. അത് നടപ്പാക്കിയിട്ടില്ല. പക്ഷേ ജനങ്ങൾക്ക് അക്കാര്യങ്ങളോട് ആശങ്കയുണ്ട്. വർഷങ്ങളായി, ഇപ്പോൾ നടപ്പായിക്കഴിഞ്ഞ നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതാണ് സി.ആർ.ഇസഡ്. നിയമം. അതുമൂലം തീരദേശവാസികളുടെ ആശങ്കകൾ ഇപ്പോഴും തീർന്നിട്ടില്ല. 350 സ്ക്വയർ ഫീറ്റുള്ള ഒറ്റ മുറിയും അടുക്കളയുമുള്ള വീട് വയ്ക്കണമെന്നുണ്ടെങ്കിൽ കാസർഗോഡ് നിന്ന് തിരുവനന്തപുരം വരെ വന്ന് സയൻസ് ആന്റ് ടെക്നോളജി ഓഫീസിൽ പഞ്ചായത്തുകാർ പ്ലാൻ കൊടുക്കണം. കേന്ദ്ര ഗവൺമെന്റിന്റെ ഡിലേമൂലം അവിടെ ഇടയ്ക്ക് കമ്മിറ്റി ഉണ്ടായിരുന്നില്ല. മാർച്ച് മാസം വരെയുള്ള ഈ പാവപ്പെട്ടന്റെ പ്ലാനൊക്കെ അവിടെ പെന്റിംഗായി കിടക്കുകയാണ്. ഐ.എ.വൈ., ഹൗസിംഗ് ബോർഡ്, മറ്റ് ഗ്രാന്റുകൾ, മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ എല്ലാ നിർമ്മാണ പദ്ധതികളും

നീണ്ടുപോകുകയാണ്. സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് പ്രായോഗികമായ സമീപനം സ്വീകരിച്ചു. ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി സഭയിൽ ചില കാര്യങ്ങളൊക്കെ പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ അതിനെ കേന്ദ്ര സർക്കാർ കൂടി അംഗീകരിച്ചില്ലെങ്കിൽ ആ പദ്ധതികൾ നടപ്പാക്കാൻ കഴിയില്ല. അതുകൊണ്ട് എല്ലാവരുംകൂടി ചേർന്നുകൊണ്ട് സി.ആർ.ഇസഡ്. നിയമത്തിൽ സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ നേടിയെടുക്കാൻ ശ്രമം നടത്തേണ്ടിയിരിക്കുന്നുവെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നാച്വറൽ ഡിസാസ്റ്റർ പട്ടികയിൽ പ്രകൃതിക്ഷോഭമുണ്ടായാൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ വഞ്ചിയും വലയും ഉപകരണങ്ങളും പോയാൽ പ്രസ്തുത ഫണ്ടിൽനിന്ന് ഒരു തുകയും ലഭിക്കില്ല. കേന്ദ്ര ഗവൺമെന്റ് പ്രകൃതിക്ഷോഭ പട്ടികയുടെ കൂട്ടത്തിൽ മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളും മറ്റും നഷ്ടപ്പെട്ടുപോയാലുണ്ടാകുന്ന സ്ഥിതിയെ സംബന്ധിച്ച് ഇപ്പോഴും ഒന്നും പറയുന്നില്ല. അത് വളരെ ഖേദകരമാണ്. അക്കാര്യത്തിലും ഒരു കൂട്ടായ ശ്രമംനടത്താൻ നമ്മൾ തയ്യാറാകേണ്ടതായുണ്ട്. അതിനും ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. നിരവധി പ്രദേശങ്ങളിൽനിന്ന് വഞ്ചിയും വലയും മറ്റുഉപകരണങ്ങളും നഷ്ടപ്പെട്ടുപോയി എന്നുപറഞ്ഞ് പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പഴയതുപോലെയൊന്നുമല്ല. ഒരു വഞ്ചിയും

വലയും പോയാൽ 10-20 ലക്ഷം രൂപയുടെ നഷ്ടം അവർക്കുണ്ടാകും. കടം വാങ്ങിച്ചാണ് അവർ ഇത് കടലിൽ ഇറക്കുന്നത്, അവർക്ക് കടം അടയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പ്രകൃതിക്ഷോഭ പട്ടികയുടെ കൂട്ടത്തിൽ ഇതുംകൂടി ഉൾപ്പെടുത്താൻ ശ്രമിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് വന്നു. ജീവനക്കാർ അതിനോട് അനുകൂലിക്കുകയാണ്. സർക്കാരിന് വലിയ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കില്ലേ? ആലോചിക്കണം. വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം അല്ലെങ്കിൽ നികുതി പിരിച്ച് ശമ്പളവും പെൻഷനും കൊടുക്കുന്ന ഒരു ഗവൺമെന്റായി ഭാവിയിൽ മാറില്ലേ എന്നുള്ളത് ഒരുമിച്ച് ആലോചിക്കേണ്ട വിഷയമാണ്. ശമ്പളം കൂടുതൽ വേണമെന്നാണ് എല്ലാ സർക്കാർ ജീവനക്കാരും ആവശ്യപ്പെടുന്നത്. വരുമാനം കൂട്ടണ്ടേ? വരുമാനം കൂട്ടാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർക്കാർ ഉദ്യോഗസ്ഥർ പ്രത്യേകിച്ച്, ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ ചിലരുടെയൊക്കെ പ്രവർത്തനം ഈ സർക്കാരിന് ഭൂഷണമാണോ? നമ്മുടെ ചീഫ് സെക്രട്ടറി ദേശീയ ഗെയിംസ്, എൽ.എൻ.ജി.പൈപ്പിടൽ, സ്മാർട്ട്സ് സിറ്റി, ബ്രഹ്മപുരത്തും തുടങ്ങിയത്തൊക്കെ പോയി പ്രസ്താവനകൾ നടത്തുകയുണ്ടായി.

ബ്രഹ്മപുരത്തൊക്കെ പോകുമ്പോൾ മേയറിനെ അറിയിക്കണ്ടേ? സ്മാർട്ട്സ് സിറ്റിയിൽ പോയപ്പോൾ നഗരസഭ കയ്യേറി എന്നാണ് പറഞ്ഞത്. ഒരിക്കലും അത് ഭൂഷണമല്ല, സർക്കാരിന്റെ ഫേയ്സാണ് ഐ.എ.എസ്. കാർ. അവർക്ക് പ്രത്യേകമായി എക്സിസ്റ്റൻസ് ഇല്ല. അവർ ഗവൺമെന്റിന്റെ ഭാഗമാണ്. അവർ അത് മറന്നുപോകരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

തകഴിയുടെ ഏണിപ്പടികൾ എന്നൊരു നോവലുണ്ട്. അതിൽ കേശവപിള്ള എന്നൊരു ചീഫ് സെക്രട്ടറിയുടെ കഥയുണ്ട്. ആ നോവൽ ഇടയ്ക്കൊന്ന് വായിച്ചുനോക്കിയാൽ നന്നായിരിക്കും എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി ഞാൻ കരുതുന്നത് മോട്ടിവേഷനാണ്. ഇത്രയേറെ ചെറുപ്പക്കാരെയും ജനവിഭാഗങ്ങളെയും മോട്ടിവേറ്റ് ചെയ്ത ഒരു ഗവൺമെന്റ് വേറെ ഉണ്ടാകില്ല. മോട്ടിവേഷനെക്കുറിച്ചൊക്കെ പറയുമ്പോൾ എന്റെ മനസ്സിൽ വരുന്നത്, ഇന്നലെ നമ്മെ വിട്ടുപിരിഞ്ഞുപോയ നമ്മുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെക്കുറിച്ചാണ്. അദ്ദേഹത്തോടൊപ്പം രണ്ട് ദിവസം യാത്ര ചെയ്യാൻ ഭാഗ്യമുണ്ടായ ഒരു വ്യക്തിയാണ് ഞാൻ. അദ്ദേഹം എറണാകുളത്ത് വന്നപ്പോൾ, അദ്ദേഹത്തോടൊപ്പം ഞാൻ.... ഇന്നും എനിക്കതൊരു അനുഭവമാണ്. അദ്ദേഹത്തോടൊപ്പം ഹെലികോപ്ടറിലും കാറിലും

സഞ്ചരിച്ചിട്ടുള്ള ഒരാളാണ് ഞാൻ. അന്ന് അദ്ദേഹം തൃപ്പൂണിത്തുറയ്ക്കടുത്തുള്ള കണ്ടനാട് എന്ന സ്ഥലത്ത് ചലഞ്ച്ഡ് കുട്ടികളുടെ ഒരു ഡേ കെയർ സെന്റർ സന്ദർശിച്ച അവസരത്തിൽ പത്ത് വയസ്സുള്ള ഒരു ആൺകുട്ടിയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. ആ കുട്ടിക്ക് ചെവി കേൾക്കില്ല, ഒരു കണ്ണ് കാണില്ല, ഒരു കാലിന് മുടന്തുമാണ്. ആ കുട്ടി ഒരു ബാങ്ക് മാനേജറുടെ മകനാണ്. അദ്ദേഹം ആ കുട്ടിയുടെ അടുത്തുപോയി. പിതാവ് ഇവന് ഇങ്ങനെയൊക്കെയുള്ള വൈകല്യങ്ങൾ ഉണ്ടെന്നും എന്നാൽ ഇവൻ നന്നായി വരയ്ക്കുമെന്നും പിതാവ് അദ്ദേഹത്തോട് പറഞ്ഞു. പെൻസിലും കടലാസ്സും കൊണ്ടുവാരൻ അദ്ദേഹം പറഞ്ഞു. അതിനുശേഷം ഈ കുട്ടിയോട് draw my picture എന്ന് പറഞ്ഞു. ആ കുട്ടി പെൻസിൽ കൊണ്ട് അദ്ദേഹത്തിന്റെ മുടി വരച്ചു. ഉടൻ അദ്ദേഹം പറഞ്ഞു , I am going to visit your friends upstairs. മൂന്നു നില കെട്ടിടമാണ്. I will come back within 30 minutes, you have to finish my picture. അത്ഭുതമെന്ന് പറയട്ടെ. അദ്ദേഹം തിരിച്ചുവരുമ്പോൾ ഈ കുട്ടി ഡോ. എ.പി.ജെ. അബ്ദുൾ കാലാമിന്റെ അതിമനോഹരമായൊരു ചിത്രം വരച്ചിരിക്കുകയാണ്. അദ്ദേഹം അന്ന് നടത്തിയ പ്രസംഗം ഏത് ചലഞ്ചസുള്ളവർക്കും അവരുടെ ഫാക്കൽറ്റി വർക്ക് ചെയ്യും. ഈ കുട്ടിയുടെ ഫാക്കൽറ്റി നിങ്ങൾ പരിപോഷിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആ കുട്ടിയുടെ

പിതാവ് അതുകേട്ട് ആ കുട്ടിയെ ചിത്രരചന സ്കൂളിൽ കൊണ്ട് ചേർത്തു. ഞാൻ ഈ രണ്ടുവർഷത്തിനിടയ്ക്ക് ആ കുട്ടിയെ കാണാനുള്ള സാഹചര്യമുണ്ടായി. ആ കുട്ടി ആറേഴ് വർഷത്തിനകം ലളിതകലാ അക്കാഡമിയുടെ അവാർഡ് വാങ്ങുന്ന ഒരു ചിത്രകാരനായി മാറി. ആ കുട്ടി നന്നായി വരയ്ക്കും. അതാണ് മോട്ടിവേഷൻ. ഡോ. എ.പി.ജെ. അബ്ദുൾ കാലാമിന്റെ മോട്ടിവേഷൻ സ്വീകരിച്ച ഒരു സർക്കാരാണ് ഈ സർക്കാർ. വരാൻ പോകുന്ന കേരള ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയുടെ പേര് അദ്ദേഹത്തിന്റെ പേരാക്കി മാറ്റിയതിൽ ഞാൻ ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്. അതുവഴി അദ്ദേഹത്തോട് ഈ സർക്കാർ ആദരാഞ്ജലികൾ അർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് മോട്ടിവേഷൻ നടത്തുന്ന ഈ സർക്കാർ ശക്തിയായി മുന്നോട്ടുപോകണം.

പ്രശ്നങ്ങൾ വരുമ്പോൾ ഒളിച്ചോടുന്നൊരു ഗവൺമെന്റ് അല്ല ഈ ഗവൺമെന്റ്. ഉണർന്നിരുന്ന് പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണെന്നാണ് എനിക്ക് ഈ ഗവൺമെന്റിനെക്കുറിച്ച് പറയാനുള്ളത്. ഇന്നലെ മുഖ്യമന്ത്രി ചില കാര്യങ്ങളൊക്കെ സൂചിപ്പിക്കുകയുണ്ടായി. അതിനെയും ചെറുതാക്കി കാണാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അത് ഖേദകരമാണ്. മിനിഞ്ഞാന്ന് നടന്ന ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ കാര്യത്തിൽ മാത്രമല്ല ഈ ഗവൺമെന്റിന്റെ കാരുണ്യ പ്രവർത്തനം.

എനിക്ക് അനുഭവമുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ കടലോരത്ത് താമസിക്കുന്ന ഒരു വീട്ടിലെ നാല് കുട്ടികൾക്ക് വിൽസൺ ഡിസീസാണ്. ആ നാലുപേർക്കും കരൾമാറ്റശസ്ത്രക്രിയ നടക്കില്ല. ഞങ്ങൾ കുറേ പണം അവിടെനിന്നും ശേഖരിച്ചിരുന്നു. അവരുടെ ചികിത്സയ്ക്കുള്ള പണം മുഖ്യമന്ത്രി രണ്ടുപ്രാവശ്യമായി ആദ്യം ഒരു ലക്ഷം രൂപയും പിന്നീട് രണ്ട് ലക്ഷം രൂപയുമായി ആകെ മൂന്നുലക്ഷം രൂപ നൽകുകയുണ്ടായി. ഈ കുട്ടികളുടെ ചികിത്സയ്ക്ക് എത്ര പണം വേണമെങ്കിലും ഈ ഗവൺമെന്റ് തരാൻ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു. ഇങ്ങനെ സന്മനസ്സുള്ള ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. സാധാരണക്കാരന് ഒരു രോഗം വന്നാൽ..... രോഗങ്ങൾ കൂടുകയാണ്. നമ്മുടെ നാട്ടിൽ ഹൈടെക് ആശുപത്രികൾ വന്നിട്ടുണ്ടെങ്കിലും പലപ്പോഴും അവിടെ പോയി ചികിത്സ തേടാൻ സാധാരണക്കാരന് കഴിയില്ല. അങ്ങനെയൊക്കെയുള്ള സന്ദർഭങ്ങളിൽ ഇടപെടാനും ആത്മവിശ്വാസം കൊടുക്കാനും കഴിയുന്ന ഒരു ഗവൺമെന്റാണെന്ന് ഈ സർക്കാർ തെളിയിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്ത് നാം വളരെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

ആരോഗ്യവുമായി ബന്ധപ്പെട്ടൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുണ്ട്. കേരളത്തിലെ സി.എച്ച്.സി.-കളിൽ 154 എണ്ണത്തെ സ്പെഷ്യലൈസ്ഡ്

ആശുപത്രിയാക്കി മാറ്റുമെന്നത് സംബന്ധിച്ച് എന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. അത് നടപ്പാക്കണം. ഏറ്റവും പ്രധാനപ്പെട്ടത്, ഇപ്പോൾ ഡോക്ടർമാരെ കിട്ടാനില്ല. എന്തുകൊണ്ടെന്നാൽ, എം.ബി.ബി.എസ്. പാസ്സായി വരുന്ന കുട്ടികൾ പോലും 50,000-60,0000 രൂപ കിട്ടുന്ന ആശുപത്രികളിൽ പോയി വെറുതെയിരിക്കാമെന്നുള്ളതാണ് ആലോചിക്കുന്നത്. പി.എസ്.സി വിളിച്ചാൽ പോലും സർക്കാർ മെഡിക്കൽ കോളേജിൽ പഠിച്ച കുട്ടികൾ വരാൻ തയ്യാറാകേണ്ടേ ? ഡോക്ടർമാരിൽവന്ന പുതിയ മാറ്റം അത്ഭുതാവഹമാണ്, അതൊരു നല്ല ട്രെൻഡ് അല്ല. അതുകൊണ്ട് ആ 154 സ്പെഷ്യലൈസ്ഡ് ആശുപത്രി പ്രഖ്യാപിച്ചതിൽ അടിയന്തരമായി ആവശ്യമുള്ള ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ചുകൊണ്ട് പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സുപ്രീം കോടതി നിരോധിച്ച രണ്ട് കാര്യങ്ങളേയുള്ളൂ. 1. No cross subsidy, 2. No capitation fee. ഇവിടെ അതാണോ നടക്കുന്നത്? അതിന് നമ്മൾ എല്ലാവരും ഉത്തരവാദികളാണ്. സമൂഹത്തിൽ എങ്ങനെ ഈ മാറ്റം വന്നിരിക്കുന്നുവെന്ന് നാം ചിന്തിക്കണം. പണമുണ്ടെങ്കിൽ എങ്ങനെയെങ്കിലും തന്റെ കുട്ടിയെ മാർക്കില്ലെങ്കിലും പഠിപ്പിക്കാമെന്ന ചിന്താഗതി വലിയ അപകടത്തിലേയ്ക്ക്

നമ്മുടെ സമൂഹത്തെ നയിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ്, സാധാരണക്കാരെ സഹായിക്കുന്ന ഒരു ഗവൺമെന്റ്, യുവാക്കളെ മോട്ടിവേറ്റ് ചെയ്യുന്ന ഒരു ഗവൺമെന്റ് ആ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട കെ. എം. മാണിയും മറ്റുമന്ത്രിമാരും കൊണ്ടുവന്ന ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, കഴിഞ്ഞ 4 വർഷം സംസ്ഥാനം ഭരിച്ച ഭരണത്തിന്റെ ബാക്കിപത്രം വിലയിരുത്തപ്പെടുന്ന ചർച്ചയാണ് ഇപ്പോൾ നടക്കുന്നത്. നയങ്ങളിലൂടെയും പരിപാടികളിലൂടെയും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ 4 വർഷം കൊണ്ട് കേരളത്തെ എവിടെയാണ് കൊണ്ടെത്തിച്ചത് എന്നത് പ്രസക്തമായ വിഷയമാണ്. പ്രധാനമായും ഉന്നയിക്കുന്ന അവകാശവാദം കേരളത്തിൽ വികസനക്കുതിപ്പ് ഉണ്ടാക്കിയെന്നാണ്. ഞങ്ങളാരും സ്വകാര്യ പങ്കാളിത്തത്തിന് എതിരല്ല. പക്ഷേ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന നയങ്ങൾമൂലം പണ്ട് പൊതുവേ സ്വീകരിക്കപ്പെട്ടിരുന്ന ദേശസാൽകൃത നയങ്ങളിൽനിന്ന് വ്യത്യസ്തമായി സ്വകാര്യ കുത്തകവൽക്കരണ നയങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ട് നമ്മുടെ സമ്പദ്ഘടനയിൽ ഈ സാമ്പത്തിക മൂലധന ശക്തികൾക്ക് അധീശത്വം കൽപ്പിച്ചുകൊടുക്കുന്ന പരിപാടികൾ

നടപ്പിലാക്കിയ ഗവൺമെന്റാണ് എന്നത് നാം ഒരിക്കലും മറക്കരുത്. നിങ്ങളുടെ നയങ്ങൾ ശ്രീ. മൻമോഹൻ സിംഗിന്റേയും ശ്രീ. നരേന്ദ്ര മോദിയുടെയും നയങ്ങളുടെ പകർപ്പ് മാത്രമാണ്. ഏതെങ്കിലും വിശദാംശങ്ങളുടെ പിഴവുകൾ ഉന്നയിച്ചാൽ പ്രതിപക്ഷത്തിനെതിരെ ഉന്നയിക്കുന്ന മുദ്രാവാക്യം 'നിങ്ങൾ വികസനവിരുദ്ധരാണ്' എന്നാണ്. വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ചകൾ നടന്നു. 7000 കോടി രൂപ ചെലവാകുന്നതിൽ 5000 കോടി രൂപയും സർക്കാരാണ് ചെലവാക്കുന്നത്. തുറമുഖത്തുനിന്ന് കിട്ടുന്ന വരുമാനത്തിന്റെ ഒരു ശതമാനം 19 വർഷം കഴിഞ്ഞ് മാത്രം ഗവൺമെന്റിന് ലഭിക്കുന്ന ഒരു ഉടമ്പടിയുടെ കുറവുകൾ പറയുമ്പോൾ ഞങ്ങൾ വിഴിഞ്ഞത്തിന് എതിരാണെന്ന പ്രചരണം നടത്തി അത് രാഷ്ട്രീയമായി മുതലെടുക്കാൻ നടത്തുന്ന ശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഞങ്ങൾ മദർ പോർട്ടിനുവേണ്ടി നിലനിന്നിരുന്നവരാണ്. കുത്തകകൾക്ക് പണമുണ്ടാക്കാൻവേണ്ടി പൊതുപണം മുടക്കി അതിന് അവസരം നൽകിക്കൊടുക്കുന്ന ഒരു നയം എന്നുപറയുന്നത്, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സ്വകാര്യ സാമ്പത്തിക ശക്തികൾക്ക് നമ്മുടെ സമ്പദ്ഘടനയെ അടിയറ വച്ചുകൊടുക്കുന്ന നയമാണ്. ഈ നയമാണ് സംസ്ഥാനതലത്തിൽ കഴിഞ്ഞ നാല് വർഷവും നടപ്പിലാക്കിയത്. ആ മേഖലയിൽ മാത്രമല്ല,

കെ.എസ്.ആർ.ടി.സി.യുടെ സ്ഥിതി എന്താണ് ? കെ.എസ്.ആർ.ടി.സി. ഓടിച്ചിരുന്ന സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിലേയ്ക്ക് സ്വകാര്യ മേഖലയ്ക്ക് അനുവാദം കൊടുക്കുകയും ദേശസാൽകൃത റൂട്ടുകളടക്കം സ്വകാര്യ ബസ്സുകൾ ഓടിക്കാൻ അനുവാദം കൊടുക്കുകയും ചെയ്ത ഗവൺമെന്റാണ് ഇതെന്ന് മറക്കരുത്. ഇവിടെ ഡീസലിന്റെ വില 68 രൂപയിൽനിന്ന് 52 ആയി കുറഞ്ഞപ്പോൾ ന്യായമായ കുറവ് ആനുപാതികമായി ബസ്ചാർജിൽ കൊണ്ടുവരണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അപ്പോൾ കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് സൗജന്യം നൽകുകയാണ് ചെയ്തത്. സ്വകാര്യ മേഖലയിൽ ഒരു കുറവും വരുത്തുന്നില്ല. എല്ലാ മേഖലകളിലും പൊതുവായ ദേശസാൽകൃത നയങ്ങളിൽനിന്ന് വ്യത്യസ്തമായി സ്വകാര്യ കുത്തകകൾക്കും മൂലധന ശക്തികൾക്കും അമിത ലാഭമുണ്ടാക്കുന്ന ഒരു നയമാണ് ഇവിടെ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അഴിമതിയെ ദേശസാൽക്കരിച്ച, സ്ഥാപനവൽക്കരിച്ച, കേരളത്തിലെ ധാർമ്മിക നിലവാരത്തിന് ശക്തമായ പ്രഹരമേൽപ്പിച്ച സർക്കാരാണ്. ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുണ്ടെന്ന് വ്യക്തമായ ചോദ്യം ചോദിച്ചിട്ട് ഒരു മറുപടി പോലും നൽകാത്ത സർക്കാരാണ്. വാഗ്ദാനലംഘനങ്ങൾ മുഖമുദ്രയാക്കിയ സർക്കാരാണ്. ഈ ഘട്ടത്തിൽതന്നെ അങ്ങ് ചെയറിൽനിന്ന് മാറി ബഹുമാന്യനായ കെ.

ശിവദാസൻ നായർ ചെയറിൽ വരുമ്പോൾ പ്രസക്തമായ ഒരു വിഷയമുണ്ട്. പത്തനംതിട്ട ഡി.ഡി.സി. യിൽ ഞങ്ങൾ സ്ഥിരമുന്നയിക്കുന്ന വിഷയമാണ്, കുളമ്പുരോഗം വന്ന് പശുക്കൾ ചത്ത ക്ഷീരകർഷകർക്ക് ആനുകൂല്യം കൊടുക്കാമെന്ന് സർക്കാർ പറഞ്ഞിട്ട് രണ്ട് വർഷമായി. 10000 രൂപ മൃഗസംരക്ഷണ വകുപ്പും 10000 രൂപ ക്ഷീരവികസന വകുപ്പും 5000 രൂപ മിൽമയും (ആകെ 25000) കൊടുക്കുമെന്ന് പറഞ്ഞിട്ട് 2 വർഷം കഴിഞ്ഞെങ്കിലും ഇതുവരെ ആ പണം കൊടുത്തിട്ടില്ല. അവിടെ വാഗ്ദാന ലംഘനമാണ് നടന്നത്. നെല്ല് സംഭരണത്തിന് റിവോൾവിംഗ് ഫണ്ടുണ്ടാക്കുമെന്ന് ഈ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റിൽ നിങ്ങൾ പ്രഖ്യാപിച്ചതാണ്. ഇതുവരെ റിവോൾവിംഗ് ഫണ്ട് ഉണ്ടായിട്ടില്ല. കൃഷി നാശം വരുന്ന കർഷകന് നഷ്ടപരിഹാരം ലഭിക്കുന്ന സ്ഥിതിവിശേഷമില്ല. നിയമവിരുദ്ധമായ പ്രവൃത്തികളെ സാധൂകരിച്ചുകൊടുക്കുന്ന സർക്കാരാണ് ഇന്ന് അധികാരത്തിലുള്ളത്.

ശ്രീ. മഞ്ഞളാംകുഴി അലി അല്പസമയം മുമ്പ് വരെ ഇവിടെയുണ്ടായിരുന്നു. ഈ സംസ്ഥാനത്ത് ബിൽഡിംഗ് റൂൾസ് ലംഘിച്ചുകൊണ്ട് നടത്തിയ എല്ലാ നിർമ്മാണങ്ങളെയും സാധൂകരിക്കാൻ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ ഒരാമന്തവും കാണിച്ചിട്ടില്ല. നിയമവിരുദ്ധമായി നിലം നികത്തിയ പ്രവൃത്തിയെ

സാധൂകരിച്ചുകൊടുക്കുന്ന നയങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കർഷക ആത്മഹത്യ തിരികെ കൊണ്ടുവന്ന സർക്കാരാണിത്. ഇന്ന് ഒരു പത്രത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്, കർഷക ആത്മഹത്യയുമായി ബന്ധപ്പെട്ട വിഷയത്തിൽ 251.32 കോടി രൂപ ചെലവഴിക്കാതെ കേന്ദ്രത്തിന് തിരിച്ചടച്ചു എന്നാണ്. 2013-14 സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിൽ 668.95 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ ചെലവഴിച്ചത് 417.63 കോടിയും തിരിച്ചടച്ചത് 251.32 കോടി രൂപയുമാണ്. സംസ്ഥാനത്ത് കർഷക ആത്മഹത്യ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ കേന്ദ്രം അനുവദിച്ച തുകയിൽ 251.32 കോടി രൂപ ചെലവാക്കാതെ കേന്ദ്ര ഗവൺമെന്റിൽ തിരിച്ചടയ്ക്കേണ്ട ഗതികേട് ഈ സംസ്ഥാനത്തെ കർഷകർക്ക് സമ്മാനിച്ച കെടുകാര്യസ്ഥതയില്ലാത്ത ഗവൺമെന്റാണിത്. ഇവിടെ ബഹുമാനപ്പെട്ട എം.എ. ബേബി, മള്ളൂർ ഗോവിന്ദൻ നായരെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറ്റൊരു കഴിവുണ്ട്. മാന്ത്രികൻ മുതുകാടിന്റെ ഒരു പരകായപ്രവേശം മുഖ്യമന്ത്രിയിൽ പ്രവേശിച്ചിരിക്കുകയാണ് എന്നാണ് എനിക്ക് തോന്നുന്നത്. മുഖ്യമന്ത്രിക്ക് ഹിപ്നോട്ടൈസ് ചെയ്യാനുള്ള കഴിവുണ്ട്. കഴിഞ്ഞ ദിവസം അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് ഞാൻ അടിയന്തര പ്രമേയം

അവതരിപ്പിച്ചപ്പോൾ സോളിസിറ്റർ ജനറൽ ബാർ കേസിൽ ഹാജരായതിനെ ഞാൻ ന്യായീകരിച്ചു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം പറഞ്ഞപ്പോൾ ഞാൻപോലും വിശ്വസിച്ചുപോയി. ഞാൻ എന്റെ പ്രസംഗം പരിശോധിച്ചപ്പോൾ അതിലുണ്ടായിരുന്നത്, "കോടതിയുടെ നാലാമത്തെ വിമർശനം, അറ്റോർണി ജനറലിനെ ചീഫ് മിനിസ്റ്റർ എന്തിന് വിമർശിക്കണമെന്നതാണ്. ആ വിമർശനത്തോട് ഞാൻ യോജിക്കുന്നില്ല. അറ്റോർണി ജനറൽ ബാർ കോഴ കേസിൽ ഹാജരായതിനെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. ഇവിടെയുള്ള പ്രശ്നം, നിങ്ങളുടെ കേസ് ശരിയായി നടത്താതെ അറ്റോർണി ജനറലിനെ വിമർശിക്കാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്." ഇങ്ങനെയാണ് പ്രസംഗിച്ചതെങ്കിലും അറ്റോർണി ജനറലിനെ ഞാൻ ന്യായീകരിച്ചു എന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഞാനും ഇരുന്നുപോയി. മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളെ മുഴുവൻ ഒരു മാന്ത്രികജാലംകൊണ്ട് ഹിപ്നോട്ടൈസ് ചെയ്ത് മുന്നോട്ട് പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ശരി. ചില സമയങ്ങളിൽ എല്ലാവരെയും വിഡ്ഢികളാക്കാം, ചില ആളുകളെ എല്ലാ സമയവും വിഡ്ഢികളാക്കാം. പക്ഷേ എല്ലാ മനുഷ്യരെയും എല്ലാ സമയവും വിഡ്ഢികളാക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ഓർമ്മിച്ചിരിക്കുന്നത് നല്ലതാണ്. അരുവിക്കരയിൽ

നിങ്ങൾക്ക് സാങ്കേതികമായി വിജയമുണ്ടായി എന്നത് ഞങ്ങൾ അംഗീകരിക്കുന്നു. ശ്രീ. കെ. എസ്. ശബരീനാഥനെ ഞങ്ങൾ അംഗീകരിച്ചവരാണ്. ഇവിടെ ശതമാനത്തിന്റെ ചോർച്ച പറയരുതെന്നാണ് ശ്രീ. സണ്ണി ജോസഫ് പറയുന്നത്. പക്ഷേ യാഥാർത്ഥ്യം അതല്ലേ. 2011-ലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് കിട്ടിയ വോട്ട് 9 ശതമാനം കുറഞ്ഞില്ലേ, ഞങ്ങളുടേത് 7 ശതമാനം കുറഞ്ഞു, കൂടിയത് ആർക്കാണെന്ന് ഓർമ്മ വേണം. ഭരണവിരുദ്ധ വികാരങ്ങളെ ഭിന്നിപ്പിച്ച് നേട്ടമുണ്ടാക്കാനുള്ള യു.ഡി.എഫ്-ന്റെ ശ്രമം താൽക്കാലികമായി വിജയം കണ്ടെങ്കിലും അതിന് ഫാസിസ്റ്റ് ശക്തികളുമായി കൂട്ടുകൂടുന്നത് വലിയ വിപത്തുണ്ടാക്കുമെന്ന് പഞ്ചാബിലെ ഭീകരവാദമടക്കമുള്ള ചരിത്ര പശ്ചാത്തലത്തിൽ, ആ അനുഭവ പരിചയത്തിനുമുന്നിൽ നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അഴിമതിയും മ്ലേച്ഛതയും തുടരാനുള്ള പച്ചക്കൊടിയായി അരുവിക്കരയിലെ വിധിയെഴുത്തിനെ നിങ്ങൾ വ്യാഖ്യാനിച്ച് മുന്നോട്ടുപോകരുത് എന്ന മുന്നറിയിപ്പ് നൽകാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെയൊരു ടീം വർക്കുണ്ടോ? മന്ത്രിമാർ തമ്മിൽ യാതൊരു ചേർച്ചയുമില്ല. വിദ്യാഭ്യാസ മന്ത്രിയും അച്ചടി വകുപ്പുമന്ത്രിയും തമ്മിൽ ആശയവിനിമയം നടത്തിയിരുന്നെങ്കിൽ

പാഠപുസ്തകം സമയത്ത് കൊടുക്കാൻ കഴിയുമായിരുന്നില്ലേ? ഞങ്ങൾ അടിയന്തര പ്രമേയം ഉന്നയിച്ചിരുന്നതാണ്. ഇവിടെ നക്ഷത്രചിഹ്നമിട്ട ചോദ്യം 124-ൽ ബഹുമാനപ്പെട്ട അച്ചടി വകുപ്പുമന്ത്രി പറഞ്ഞത് ഫെബ്രുവരി മാസം 10-ാം തീയതി മാത്രമാണ് ഞങ്ങൾക്ക് ഫൈനൽ പ്രിന്റ് ഓർഡർ തന്നത് എന്നാണ്. ഞങ്ങൾ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയോട് ചോദിച്ചപ്പോൾ പരിശോധിച്ചിട്ട് പറയാമെന്ന് പറഞ്ഞിട്ട് മാസം ഒന്നായി. ഇതുവരെ പരിശോധിച്ചില്ലേ? ഇവർ തമ്മിൽ ഒരു ചേർച്ച ഉണ്ടായിരുന്നെങ്കിൽ പാഠപുസ്തകങ്ങൾ സമയത്ത് കൊടുക്കാൻ കഴിയുമായിരുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ രണ്ടും ഉണ്ടായിരുന്നു. അത് രണ്ടാമത് അദ്ദേഹം തന്നെ ഇവിടെ വായിക്കുകയും ചെയ്തു. ഒക്ടോബറിൽ കൊടുത്തുവെന്നും ഫൈനൽ പ്രിന്റ് ഓർഡർ സാധാരണഗതിയിൽ കുട്ടികളുടെ മുഴുവൻ എണ്ണം കിട്ടിയതിനുശേഷമാണ് കൊടുക്കുന്നത്. എല്ലാവർഷവും ജനുവരി-ഫെബ്രുവരിയിലാണ് കൊടുക്കുന്നത്. മറ്റേത് ഒക്ടോബറിൽ തന്നെ കൊടുത്തിട്ടുണ്ട്. മന്ത്രിതന്നെ അത് വ്യക്തമാക്കുകയും ചെയ്തു. അതുകൊണ്ടാണ് ഞാൻ മറുപടി പറയാതിരുന്നത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഒക്ടോബറിൽ പ്രിലിമിനറി ഓർഡർ

കൊടുത്തുവെങ്കിലും ഫൈനൽ പ്രിന്റ് ഓർഡർ ഫെബ്രുവരിയിൽ കൊടുത്തത് പരിശോധിക്കാമെന്ന് അങ്ങ് പറഞ്ഞിരുന്നു. അത് പരിശോധിച്ച് കണ്ടില്ല. ഗതാഗത വകുപ്പുമന്ത്രി ഞങ്ങൾക്ക് ഒരു കത്ത് തന്നു, ഒരു കോടി രൂപ കെ.എസ്.ആർ.ടി.സി. ബസ് വാങ്ങാനായി എഴുതി കൊടുക്കണമെന്നുപറഞ്ഞ്. ഞങ്ങൾ എഴുതിക്കൊടുത്തു. 18 എം.എൽ.എ. മാർ വിഡ്ഢികളായില്ലേ? ധനകാര്യ വകുപ്പുമന്ത്രി അതിനെ എതിർക്കുന്നു. മുഖ്യമന്ത്രി ഇതൊക്കെ കണ്ടുകൊണ്ടിരിക്കുകയാണ്. മന്ത്രിമാർ തമ്മിൽ ചേർച്ചയില്ല, മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും തമ്മിൽ ചേർച്ചയില്ല. ആഭ്യന്തര വകുപ്പുമന്ത്രിയെ കണ്ടാൽ എഴുന്നേറ്റ് സല്യൂട്ട് ചെയ്യാതെ അതേ കസേരയിൽ ചടഞ്ഞിരിക്കുന്ന എ.ഡി.ജി.പി...... മന്ത്രിമാർ തമ്മിലും മന്ത്രിമാരും ഉദ്യോഗസ്ഥന്മാർ തമ്മിലും ഉദ്യേഗസ്ഥൻമാർ തമ്മിലും ചേർച്ചയില്ല. ഐ.എ.എസ്. വിഭാഗത്തിലേയ്ക്കൊന്നും സമയമില്ലാത്തതുകൊണ്ട് ഞാൻ കടക്കുന്നില്ല. ഇവിടെ ചീഫ് സെക്രട്ടറിക്കെതിരെ പടയൊരുക്കമുണ്ടായി, പോലീസ് ഉദ്യോഗസ്ഥൻമാർ തമ്മിലടിച്ചുകൊണ്ടിരിക്കുന്നു. ചേർച്ചയില്ലായ്മയുടെ നഷ്ടം ജനങ്ങൾക്കാണ്. ഈ നാട്ടിലെ വികസനം മുഴുവൻ മുരടിച്ചിരിക്കുന്നതാണ് യാഥാർത്ഥ്യം. കേരളത്തെ ഇവിടത്തെ മൂലധന ശക്തികൾക്ക് പണയപ്പെടുത്തുവാൻ, തീറെഴുതിക്കൊടുക്കുവാനുള്ള നടപടികളാണ് നാല് വർഷം സംസ്ഥാനത്ത് നടന്നത്. ഈ സംസ്ഥാനത്തെ

ജനങ്ങൾ ദുരിതമനുഭവിക്കുന്നു എന്നതാണ് നാല് വർഷത്തെ ഭരണത്തിന്റെ ബാക്കി പത്രം എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുന്നു.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സർക്കാർ വളരെയേറെ സുചിന്തിതമായ രീതിയിലുള്ള ഒട്ടേറെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടാണ് അതിന്റെ 5-ാം വർഷത്തിലേയ്ക്ക് പ്രവേശിച്ചിട്ടുള്ളത്. ആ നടപടിക്രമങ്ങളുടെ പിന്നിലെ വലിയ ശിൽപ്പിയാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി. അദ്ദേഹത്തിന്റെ ആശയങ്ങളും വിചിന്തനങ്ങളും സാമ്പത്തിക ആലോചനകളും ഈ സർക്കാരിന്റെ കാരുണ്യാത്മകമായ, ജനകീയമായ ഒട്ടേറെ നടപടികൾക്ക് കരുത്തേകി എന്നുള്ളത് യാഥാർത്ഥ്യമാണ്; ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. വളരെയേറെ പ്രയാസങ്ങൾക്കിടയിലും അദ്ദേഹം ഇരുത്തം വന്ന നേതാവിന്റെ പക്വതയോടെ ധനവകുപ്പ് കൈകാര്യം ചെയ്തതിനെക്കുറിച്ച് അഭിനന്ദിക്കാൻ എന്നെപ്പോലൊരാൾ യോഗ്യനല്ല. അദ്ദേഹം വളരെ പരിണിതപ്രജ്ഞനായ മുതിർന്ന നേതാവാണ്. എങ്കിലും അതിലുള്ള സംതൃപ്തി ജനങ്ങൾ പങ്കുവയ്ക്കുന്നത് ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. ഇന്ന് സാമ്പത്തിക ധനവിനിയോഗത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരളവും ഇന്ത്യയും ഒന്നും

മുക്തമല്ലാത്ത ലോകതലത്തിൽത്തന്നെ വളർന്ന് വരുന്ന പുതിയ ചൂഷക ശക്തികളുടെ പ്രവർത്തനങ്ങളെ അവഗണിക്കാൻ സാധിക്കില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഗാന്ധിജിയുടെയും നെഹ്റുവിന്റെയും സാമ്പത്തിക വീക്ഷണങ്ങൾ വളരെ കൂടുതൽ പ്രസക്തമായി വരുന്നുവെന്നുള്ളതും കൂടി തിരിച്ചറിയാൻ കഴിയുന്ന ഒരു സാഹചര്യത്തിലൂടെയാണ് നമ്മുടെ രാജ്യം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. കുറച്ച് ദിവസം കൂടി കഴിഞ്ഞാൽ, ആഗസ്റ്റ് 9-ാം തീയതി വീണ്ടും ഒരു ക്വിറ്റ് ഇന്ത്യാ ദിനം ആചരിക്കാൻ പോവുകയാണ്. വളരെ പ്രസക്തമായി തീരുകയാണ് ഇന്നത്തെ ചുറ്റുപാടിൽ ക്വിറ്റ് ഇന്ത്യ എന്ന സന്ദേശം. ക്വിറ്റ് ഇന്ത്യ എന്നാൽ ഇന്ത്യ വിടുകയെന്നാണ്. അന്ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യ വിടുക എന്ന് ഇന്ത്യൻ ജനത ആവശ്യപ്പെട്ടത് വിദേശ ശക്തികളോടാണെങ്കിൽ ആ വിദേശ ശക്തികൾ അടങ്ങുന്നവരുടെ വ്യത്യസ്ത രീതിയിലുള്ള ചൂഷണ രീതികൾ ഇന്ത്യൻ ജനതയുടെമേൽ പ്രയോഗിക്കപ്പെടുന്നു എന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇന്ന് ലോകത്തിലെ വലിയ വിപണിയാണ് ഇന്ത്യ. കോടാനുകോടി ജനങ്ങളുള്ള ഒന്നാന്തരം മാർക്കറ്റ്. ഈ മാർക്കറ്റിനെങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ചുള്ള ചിന്തകളാണ് ലോകതലത്തിൽ നടക്കുന്നത്. അവിടെ മനുഷ്യത്വത്തിന് യാതൊരു പ്രാധാന്യവുമില്ല. ആ അവസ്ഥ

കണക്കിലെടുത്ത് മാത്രമേ ഇന്നത്തെ ലോകസാഹചര്യത്തിൽ നിൽക്കാൻ കഴിയൂ. ടാഗോറിന്റെ വാക്കുകൾ നമ്മുടെ മനസ്സിലുണ്ട്. " where the mind is without fear, where the head is held high, where the knowledge is free" ഉയർത്തിപ്പിടിച്ച ശിരസ്, നിർഭയമായ ശിരസ്, നിർഭയമായ മനസ് അതോടൊപ്പം സ്വതന്ത്രമായ വിജ്ഞാനം. ആ വിജ്ഞാനം പോലും ഇന്ന് സ്വതന്ത്രമല്ല. വളരെയേറെ അടിമത്വമാണ്. പച്ചക്കറിക്ക് ഇന്ന് മറ്റുള്ളവരെ ആശ്രയിക്കുകയാണ്. പച്ചവെള്ളത്തിനും ഇനി മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുമോ എന്ന് ഭയപ്പെടുന്ന സാഹചര്യത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. നമുക്ക് കുറച്ചുകൂടി ദേശീയവും പരമ്പരാഗതവുമായ രീതികളിലേയ്ക്ക് പോകേണ്ടിവരും. ഈ ഗവൺമെന്റ് സാധിക്കുന്ന രീതിയിൽ അതിനെക്കുറിച്ചുള്ള ദിശാബോധം പുലർത്തി. ഒന്നിച്ച് ചെയ്യാൻ കഴിയുന്ന കാര്യമല്ല. കൃഷിക്ക് ഓരോ ബഡ്ജറ്റിലും മാണിസാർ നൽകിയിട്ടുള്ള പ്രാധാന്യം ഞാൻ ഇവിടെ പ്രത്യേകം എടുത്തുപറയുകയാണ്. 'കൃഷിഭൂമി കർഷകന് ' എന്ന മാദ്ര്യാവാക്യം ഉയർത്തിയ നാടാണ് കേരളം. കൃഷിഭൂമി തന്നെ കോർപ്പറേറ്റുകൾക്ക് എന്ന അവസ്ഥ ലോകത്ത് വരാൻ പോകുമ്പോൾ കൃഷിക്ക് നൽകിയ പ്രാധാന്യത്തിന് വളരെ വലിയ വിലയുണ്ട്. നമ്മൾ നടത്തിയ വികസന സങ്കൽപ്പങ്ങൾ തിരുത്തേണ്ടിവരും. തവളയെ നശിപ്പിച്ചൊരു വികസന

സങ്കൽപ്പം ഉണ്ടായിരുന്നു. തവള പോയപ്പോൾ കൊതുകിന്റെ സ്വന്തം നാടായി കേരളം മാറി. അങ്ങനെ ധാരാളം കാര്യങ്ങളുണ്ട്. വളരെ നിസ്സാരമായി തോന്നാവുന്ന പല കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. എന്റെ ചെറുപ്പത്തിൽ സ്കൂളിൽ പോകുമ്പോൾ പാടശേഖരങ്ങളിൽ തവളപിടുത്തക്കാരെ കാണാമായിരുന്നു. ഇന്നത് കാണാനില്ല. തവള പോയപ്പോൾ കൊതുകാണ് വന്നത്. ആ കൊതുക് കൊണ്ടുവന്നത് മാരകമായ രോഗങ്ങളുമാണ് എന്നതുപോലെ കൃഷിയെപ്പറ്റി പറയുമ്പോൾ ഓർക്കുന്നത് ഈന്തിനെപ്പറ്റിയാണ്. ഈന്തിനെ ' bread from the wild' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. കാട്ടിൽ നിന്ന് കിട്ടുന്ന ഒന്നാന്തരം വന്യാഹാരം. അതൊക്കെയാണ് ഇന്ന് നഷ്ടപ്പെട്ടുപോയത്. ശാസ്ത്ര സാങ്കേതിക വിദ്യയിൽ സ്ഫോടനാത്മകമായ പുരോഗതി ഉണ്ടായപ്പോൾ മനുഷ്യൻ അധീശാധികാരി ആയെന്ന ധാരണയുണ്ടായി. ശാസ്ത്രം വേണം, പക്ഷേ അതിന് മാനവികമായ മുഖം വേണം. വികസനത്തിനും സാമ്പത്തിക പ്രക്രിയകൾക്കും മനുഷ്യ കേന്ദ്രീകൃതമായിട്ടുള്ള ഒരു അവസ്ഥാ വിശേഷം നിർബന്ധമായും രാഷ്ട്രീയ സംസ്കാരത്തിലൂടെ നമ്മൾ പകർന്ന് കൊടുക്കണം. അല്ലെങ്കിൽ വലിയ വിപത്താണ് വരാൻ പോകുന്നത്. വിദേശ ചൂഷക ശക്തികളെക്കുറിച്ച് പറയാം. ഒരു ഉദാഹരണം പറഞ്ഞാൽ ഒരു കിലോ മഞ്ഞളിൽ 3.2 ഗ്രാം കുർക്കുമിൻ മാത്രമാണ്

അടങ്ങിയിട്ടുള്ളത്. കുർക്കുമിൻ ആണ് മഞ്ഞളിന്റെ അന്തസത്ത. കുർക്കുമിന് 10 ഗ്രാമിന് ആയിരത്തിലധികം രൂപ വിലവരും. മഞ്ഞളിൽ നിന്ന് കുർക്കുമിൻ എടുക്കുന്നു. ഇന്ത്യാക്കാർക്ക് കിട്ടുന്നത് കുർക്കുമിൻ ഇല്ലാത്ത മഞ്ഞൾപ്പൊടിയാണ്. ഉപ്പും (സോഡിയം ക്ലോറൈഡും) ടെട്രാസിനും ചേർന്ന മഞ്ഞളാണ് നമ്മുടെ നാട്ടുകാർ ഉപയോഗിക്കുന്നത്. ഇത് കവറിന് പുറത്ത് തന്നെ എഴുതിയിട്ടുണ്ട്. ഇക്കാര്യങ്ങൾ നമ്മൾ കാണാതിരുന്നുകൂട. നൂറ്റാണ്ടുകളോളം കേരളത്തിലെ സ്ത്രീകൾ സൗന്ദര്യ വർദ്ധക വസ്തുവായി ഉപയോഗിച്ചിരുന്നത് മഞ്ഞളാണ്. കൂടാതെ മഞ്ഞൾ ഒന്നാന്തരം ഔഷധമാണ്; അത് കറികളിൽ ഉപയോഗിക്കുന്നുമുണ്ട്. ഈ രീതിയിലുള്ള കെമിക്കൽ മിമിക്രിയാണ് നടന്നുകൊണ്ടിരിക്കുന്നത്. മോഹൻലാൽ വേണ്ട, അദ്ദേഹത്തിന്റെ ഡ്യൂപ്പ് മതിയെന്ന് പറഞ്ഞാൽ നടക്കുമോ? മാമ്പഴം വേണ്ട, മാമ്പഴത്തിന്റെ ജ്യൂസ് മതിയെന്ന കൃത്രിമത്വം. ഇന്ത്യയിൽ 2002-ൽ ഒരു ബേബി ഓയിൽ നിരോധിച്ചു. ഇപ്പോൾ നിരോധനത്തിന്റെ കാലമാണല്ലോ. പല ഉൽപ്പന്നങ്ങളും നിരോധിക്കപ്പെടുന്നുണ്ട്. ബേബി ഓയിൽ നിരോധിച്ചപ്പോൾ അതിന്റെ ഉൽപ്പാദകർ കേന്ദ്ര ഗവൺമെന്റിനെതിരെ കൊടുത്ത കേസ്സിൽ പറഞ്ഞത്, മിനറൽ ഓയിൽ എന്ന് കവറിന് മുകളിൽ എഴുതിയിട്ടുണ്ടായിരുന്നുവെന്നും കുഞ്ഞുങ്ങൾക്ക് ഉപയോഗിക്കാനുള്ള ബേബി ഓയിൽ, മിനറൽ ഓയിൽ

ആണെന്നറിഞ്ഞുകൊണ്ടല്ലേ പെർമിഷൻ നൽകിയതെന്നുമാണ്. ബേബി ഓയിൽ നിരോധിക്കുന്നത് വേറെ ഏതോ കമ്പനിയെ പ്രമോട്ട് ചെയ്യാൻ വേണ്ടിയാണെന്നും അതുകൊണ്ട് 100 കോടി രൂപ നഷ്ടപരിഹാരം വേണമെന്നുമാണ് കമ്പനി ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. വിപണിയിലെ എല്ലാത്തിനും വിലയുണ്ട്. മനുഷ്യന് മാത്രം വിലയില്ല. പട്ടികൾ മനുഷ്യരെ ആക്രമിക്കുന്നത് ഈ സഭയിൽ ചർച്ച ചെയ്തതാണ്. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതിലൊക്കെയുണ്ട് സാമ്പത്തിക ഏർപ്പാട്. മനുഷ്യനല്ല, പട്ടിയാണ് വലുത്. ഇവിടെ ഇറങ്ങിനടക്കുമ്പോൾ പട്ടിയുണ്ട്, മനുഷ്യർ സൂക്ഷിക്കണമെന്ന് എഴുതേണ്ട അവസ്ഥ വരുത്തി. ആ രീതിയിൽ മനുഷ്യന് വിലയില്ലാതാക്കുന്ന പുതിയ പ്രവണതയ്ക്കെതിരെ നിർബന്ധമായും മനുഷ്യൻ ഉണരേണ്ടതായിവരും. എന്റെ വാക്കുകൾ ദീർഘിപ്പിക്കുന്നില്ല. ഞാൻ ബെർട്രൻ റസ്സലിന്റെ ഉദ്ധരണി ഓർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഒരു കാലഘട്ടത്തിൽ ലോകത്ത് ആഞ്ഞുവീശിയ കൊടുങ്കാറ്റ് പോലെയായിരുന്നു റസ്സൽ. മൂന്ന് കര്യങ്ങളാണ് അദ്ദേഹത്ത പ്രചോദിപ്പിച്ചതെന്നാണ് റസ്സൽ പറഞ്ഞത്. ഒന്ന്, അറിവിനോടുള്ള ദാഹം, രണ്ട്, സ്നേഹത്തിനുള്ള ത്വര, മൂന്ന്, മർദ്ദിക്കപ്പെടുന്ന പാവപ്പെട്ട മനുഷ്യന്റെ നിസ്സഹമായിട്ടുള്ള രോദനം; ഘാതകന്റെ കഠാരയും തോക്കിനും മുന്നിൽ

പിന്നോട്ടായുന്ന, മരിക്കാൻ പോകുന്ന മനുഷ്യന്റെ രോദനം. അവന് വേണ്ടി നിലവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, പക്ഷേ ഞാനും ഈ ലോകത്തിന്റെ ദു:ഖത്തിൽ ആമഗ്നനായി പോകുന്നു, അവസരം കിട്ടിയാൽ ഈ ഭൂമിയിൽ ഇനിയും ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. ജീവിക്കുന്ന ദർശനം മനുഷ്യത്വത്തിന്റെ ദർശനം മാത്രമാണ്. ആ മനുഷ്യത്വത്തിന്റെ ദർശനങ്ങളിലേയ്ക്ക് സാമ്പത്തിക ക്രമങ്ങളെ മാറ്റി മറിക്കേണ്ട അവസ്ഥ തീർച്ചയായും വന്നിരിക്കുന്നു. ബോംബെയിലെ ഒരു കെമിക്കൽ കമ്പനി 246 ഇനം മണങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. ഏത്തക്കായും മാമ്പഴവുമില്ലാതെ അവയുടെ മണം ഉൽപ്പാദിപ്പിക്കുന്നു. ഇതാണ് നമ്മുടെ കുട്ടികളും നമ്മളും കഴിക്കുന്നത്. അറിഞ്ഞുകൊണ്ട് ഈ വിഷക്കച്ചവടം നമ്മൾ എല്ലാവരും കൂടി പ്രോത്സാഹിപ്പിക്കുകയാണ്. നിർബന്ധമായി ഇതിനെതിരായ ബോധവൽക്കരണവും നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമാണ്. വളരെ പ്രശസ്തനായ ഡൊമിനിക് ലാപ്പിയർ അദ്ദേഹത്തിന്റെ 'The City of Joy' എന്ന പുസ്തകത്തിൽ ഇന്ത്യക്കാരിയായ പാവപ്പെട്ട സ്ത്രീയുടെ കഥ പറയുന്നുണ്ട്. ശസ്ത്രക്രിയനടത്തി അവരുടെ ഗർഭാശയം പാശ്ചാത്യ കുത്തക കമ്പനികൾ കൊണ്ടുപോയി. അവിടെ കുട്ടികൾക്ക് പഠിക്കാൻ വേണ്ടി ശസ്ത്രക്രിയാ മേശപ്പുറത്ത് ഗർഭാശയം വച്ചപ്പോൾ ആ

സ്ത്രീ ഇവിടെ മരിച്ച് വീണതിനെക്കുറിച്ചാണ് 'Freedom at midnight' പോലുള്ള വളരെ പ്രശസ്തമായ ഗ്രന്ഥം എഴുതിയിട്ടുള്ള ഡൊമിനിക്ക് ലാപ്പിയർ പറയുന്നത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. മനുഷ്യനെ വിലയില്ലാതാക്കി, മനുഷ്യന് രോഗങ്ങൾ നൽകി. വിലപ്പെട്ട പ്രകൃതിയുടെ വിഭവങ്ങളിൽ വിഷം കലർത്തി നടത്തുന്ന പുതിയ ചൂഷണത്തിന്റെ ഏർപ്പാട് തിരിച്ചറിയാതെ നമുക്ക് ഒരു ധനവിനിയോഗത്തെപ്പറ്റിയും ചർച്ച ചെയ്യാൻ കഴിയില്ല. തീർച്ചയായും നമ്മുടെ മുമ്പിലുള്ളത് പുതിയ ക്വിറ്റ് ഇന്ത്യയാണ്. ഇന്ത്യ വിടുകയെന്ന് വിദേശ ശക്തികളോടല്ല, ചൂഷക ശക്തികളോട് ആവശ്യപ്പെടുന്ന പുതിയ ദേശീയ അവബോധത്തിന്, ഗാന്ധിജിയിലേയ്ക്കും നെഹ്റുവിലേയ്ക്കുമുള്ള തിരിച്ചുപോക്കിന്, മഹാത്മാ ഗാന്ധി ഉയർത്തിപ്പിടിച്ചത് ഇന്ത്യയുടെ ആത്മാവ്, ഇന്ത്യയുടെ ഗ്രാമങ്ങൾ, ഇന്ത്യയുടെ സമ്പദ് ഘടന, ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ, നിങ്ങൾ ഒരു തീരുമാനമെടുക്കുമ്പോൾ ഏറ്റവും സാധാരണക്കാരൻ ആയവനെക്കുറിച്ച് ആലോചിക്കു എന്ന ഗാന്ധിജിയുടെ വാക്കുകളിലേയ്ക്കുള്ള തിരിച്ചുപോക്കിന് എല്ലാ രാഷ്ട്രീയ വിഭാഗങ്ങളിൽ നിന്നുമുള്ള ഒരു പുതിയ ഉണർവ്വും അവബോധവും ഉണ്ടാകട്ടെയെന്നാണ് ഈ അവസരത്തിൽ ആഗ്രഹിക്കാനുള്ളത്. ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഗവൺമെന്റിന്റെ ഇത്തരം നടപടികളെ, പ്രത്യേകിച്ചും ധനകാര്യ വകുപ്പുമന്ത്രി

മാണിസാറിന്റെ പുരോഗമനാത്മകമായ നടപടികളെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അഞ്ചാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. 4 വർഷം പൂർത്തിയാക്കിയ ഈ ഗവൺമെന്റിന്റെ ബാക്കിപത്രം പരിശോധിച്ചാൽ കാര്യമായ ഒന്നും കാണാനില്ലായെന്നുള്ളതാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഒരു ഗവൺമെന്റ് പ്രവർത്തിക്കുന്നത് ഏതെങ്കിലും പാലം കെട്ടിയതുകൊണ്ടോ അല്ലെങ്കിൽ വേറെ ഏതെങ്കിലുമൊരു വികസനപ്രവർത്തനം നടത്തിയതുകൊണ്ടോ അല്ല. സമൂഹത്തിനെന്ത് ചലനമുണ്ടാക്കാൻ കഴിയുമെന്നുള്ളത് തീർച്ചയായും പരിശോധിക്കപ്പെടേണ്ടതാണ്. ഈ നാലുവർഷക്കാലത്തെ യു.ഡി.എഫ്. ഭരണം കേരളത്തിലെ ജനജീവിതത്തിൽ അർത്ഥപൂർണ്ണമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് യു.ഡി.എഫ്.-ലെ ഒരാൾക്കുപോലും പറയാൻ കഴിയില്ലായെന്ന കാര്യം പകൽപോലെ വ്യക്തമാണ്. കേരളത്തിലെ സാമാന്യ ജനങ്ങളുടെ ജീവിതം അങ്ങേയറ്റം ദുസ്സഹമായി എന്നുള്ളതല്ലേ സത്യം? വികസനകാര്യത്തിലും മുരടിപ്പ് സാർവ്വത്രികമായി പ്രകടമായ നാലുവർഷമാണ് നാം പിന്നിടുന്നത്. കേരളത്തിലെ ജനങ്ങളുടെ വരുമാനം താഴോട്ടുപോയതല്ലാതെ മുന്നോട്ടുപോയ ഒരനുഭവമുണ്ടായിട്ടില്ല.

കേരളത്തിലെ 50 ലക്ഷം ആളുകൾ പണിയെടുത്ത് ജീവിക്കുന്നത് പരമ്പരാഗത തൊഴിൽ മേഖലകളിലാണ്. ആ പരമ്പരാഗത തൊഴിൽരംഗങ്ങളെല്ലാം തകർന്നു എന്നുള്ളതല്ലേ കഴിഞ്ഞ നാലുവർഷക്കാലത്തെ അനുഭവം പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്നത്? കയറും കൈത്തറിയും കശുവണ്ടിയും കള്ളുചെത്തും മത്സ്യബന്ധനവും വിവിധ കൈത്തൊഴിൽ മേഖലകളുമെല്ലാം നാശോന്മുഖമായ അവസ്ഥയിലേയ്ക്ക് എത്തി എന്നുള്ളതാണ് സത്യം. ഏതെങ്കിലുമൊരു രംഗം മുന്നോട്ടുവന്നതായി ആർക്കെങ്കിലും പറയാൻ കഴിയുമോ? കേരളത്തിലെ പതിനായിരക്കണക്കായ, ലക്ഷക്കണക്കായ ജനങ്ങൾ ജീവിക്കുന്ന ആ രംഗം അങ്ങേയറ്റം താറുമാറായി ഏതാണ്ട് മണ്ണോടൊപ്പമായി എന്നുപറയുന്നതാണ് യഥാർത്ഥ വസ്തുത. കേരളത്തിൽ നൂറുപേരെ എടുത്താൽ 7.5 ആളുകൾക്ക് തൊഴിലില്ല. തമിഴ്നാടിനെയും കർണ്ണാടകയെയും ഇൻഡ്യയുടെ തെക്കൻ സംസ്ഥാനങ്ങളെയെല്ലാമായും താരതമ്യപ്പെടുത്തിയാൽ ഏറ്റവും വലിയ തൊഴിലില്ലായ്മ നേരിടുന്ന ഒരു സംസ്ഥാനം കേരളമായി തുടരുകയാണ്. അതിന്റെ തോത് വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. പരമ്പരാഗത മേഖല തകരുന്നു, ആധുനിക വ്യവസായങ്ങളും കാര്യമായി മുന്നോട്ടു വരുന്നില്ല. ഈ ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ ഭരണത്തിൽ ഏതെങ്കിലുമൊരു വ്യവസായം പുതുതായി

ആരംഭിച്ചുവെന്ന് പറയാൻ കഴിയുമോ; ഇപ്പോഴുള്ള വ്യവസായങ്ങൾ തകർന്നു അല്ലെങ്കിൽ അതൊക്കെ വലിയ ശനിദശ നേരിട്ട് മുന്നോട്ടു പോകാൻ കഴിയാത്ത അവസ്ഥ നേരിടുന്നു. വ്യവസായ ശാലകൾ അടച്ചുപൂട്ടിയത് അടച്ചുപൂട്ടിയത് തന്നെ, തുറക്കാൻ ഒരു നടപടിയുമില്ല എന്നതാണ് ഈ ഗവൺമെന്റിന്റെ വ്യാവസായിക നയമെന്ന് വ്യവസായ രംഗത്തെ ചിത്രമെടുത്ത് നോക്കിയാൽ നമുക്ക് കാണാൻ കഴിയും. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾ ഏത് രംഗത്ത് പണിയെടുത്ത് ജീവിക്കുമെന്ന് ഒരുനിമിഷം ആലോചിച്ചിട്ടുണ്ടോ? ഇവിടെ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇൻഡ്യയ്ക്ക് പുറത്ത് പശ്ചിമേഷ്യയിൽ നടക്കുന്ന സംഘർഷാത്മകമായ രംഗങ്ങളെയും അതിൽ മലയാളികൾ നേരിടുന്ന പ്രയാസങ്ങളെയും ഓർത്തുകൊണ്ട് ഇവിടെ മുഖ്യമന്ത്രി സംസാരിക്കുകയുണ്ടായി. അദ്ദേഹം പറയുന്നത് ലോകത്തെവിടെ സംഘർഷമുണ്ടായാലും ആദ്യം വേദനിക്കുന്നത് മലയാളിക്കാണെന്നാണ്. എന്തുകൊണ്ടെന്നാൽ ഇവിടെ അഭ്യസ്തവിദ്യരായ ആളുകളുടെ അർഹതയ്ക്ക് അംഗീകാരം കിട്ടാതെവരുന്ന സാഹചര്യത്തിൽ അവർ കടലു കടന്ന്, ഏഴാം കടലിനക്കരെ ജോലി തേടി പോകുകയാണ്. അങ്ങനെ പോകുന്ന ആളുകളുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുകയാണ്. മലയാളി കടന്നുചെല്ലാത്ത ഒരു രാജ്യവുമില്ല.

ലോകത്തൊരു പ്രദേശവുമില്ലായെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ലോകത്ത് എന്ത് സംഭവങ്ങളുണ്ടായാലും അതെല്ലാം നമ്മളെ നേരിട്ട് ബാധിക്കുന്നു. നമ്മളതിനെക്കുറിച്ച് ഒരു നിമിഷമെന്താണ് ആലോചിക്കാത്തത്? കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളെ പുനഃസംഘടിപ്പിച്ചുകൊണ്ട് നമ്മുടെ ആധുനിക വ്യവസായങ്ങളെ ഉള്ളവയെ ആരോഗ്യകരമായി വളർത്തികൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾക്ക് കളമൊരുക്കി മുന്നോട്ടുപോകേണ്ട ഒരു ഗവൺമെന്റ് അങ്ങനെ ചെയ്യുന്നുണ്ടോ? ഈ യു.ഡി.എഫ്. ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ അനുഭവം പരിശോധിച്ചാൽ ഇല്ലായെന്നുള്ളതല്ലേ സത്യം. കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടുമാത്രമെ വ്യവസായ രംഗത്ത് കളമൊരുക്കാൻ കഴിയൂവെന്നുള്ളത് നമ്മുടെ പഴയ സങ്കൽപ്പമാണ്. ആ സങ്കൽപ്പമെടുത്ത് പ്രയോഗിച്ചാലും കാർഷിക മേഖലയിലെ ഉൽപ്പാദന വർദ്ധനവ് ഇവിടെ നേടുന്നുവെന്ന് നമുക്ക് പറയാൻ സാധിക്കുമോ? 2013-14 സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും കേരളത്തിന്റെ കാർഷികോൽപ്പാദന രംഗത്തെ വർദ്ധനവ് എത്രയാണ് മൈനസ് ഒന്നിൽചില്വാനം ആയി തുടരുന്നു. റബ്ബർ കർഷകരടക്കം, കണ്ണുനീരിൽ കുതിർന്ന അവരുടെ ജീവിതം നമുക്കെല്ലാപേർക്കുമറിയാം. കേരളത്തിലെ ലക്ഷക്കണക്കായ നാളികേര കൃഷിക്കാർ

അവന്റെ നാളികേരത്തിന് വിലയില്ലാതെ നാളികേര ഉൽപ്പാദനക്ഷമത അങ്ങേയറ്റം തകർന്ന് ജീവിക്കാൻ നിവൃത്തിയില്ലാത്തൊരു പതനം എത്രയോ കാലമായി നാം നേരിടുന്നതാണ്. ഇടയ്ക്കൊരു മാറ്റമുണ്ടായി. വീണ്ടും അവർ പാതാളക്കുഴിയിലേയ്ക്ക് വലിച്ചെറിയപ്പെടുകയാണ്. എന്താണ് നമുക്ക് അതിനെക്കുറിച്ച് പറയാനുള്ളത്? കേരളത്തിന്റെ കാർഷിക മേഖലയും ആധുനിക വ്യവസായ മേഖലയും താഴോട്ടുപോകുന്നു, കേരളത്തിന്റെ പരമ്പരാഗത വ്യവസായമേഖല അങ്ങേയറ്റം തകർച്ചയിലും. ഈ ഗവൺമെന്റിന് പിന്നെ എന്താണ് അവകാശപ്പെടാനുള്ളത്? സ്മാർട്ട് സിറ്റിയിലൊരു കല്ലിട്ടുവെന്നും വിഴിഞ്ഞം തുറമുഖം കരാറുണ്ടാക്കാൻ പോകുന്നുവെന്നും പറഞ്ഞതുകൊണ്ടുമാത്രം കാര്യങ്ങൾ അവസാനിച്ചോ? ഞങ്ങൾ ഇത്തരം കാര്യങ്ങളുന്നയിക്കുമ്പോഴുള്ള മറുപടി അരുവിക്കരയാണ്. അരുവിക്കര കൊണ്ട് എല്ലാമായി എന്നാണ് യു.ഡി.എഫ്. വിചാരം. അരുവിക്കര നിങ്ങൾ ജയിക്കണം, നിങ്ങൾ ജയിച്ചു. തീർച്ചയായും അതിൽ യാതൊരു വ്യത്യസ്തമായ ഭാവവും ഉണ്ടാകേണ്ട കാര്യമില്ല. കേരളത്തിന്റെ കഴിഞ്ഞ എത്രയോ കാലത്തിന്റെ പാരമ്പര്യം പരിശോധിച്ചാൽ ഒരു ജനപ്രതിനിധി മരിച്ച് അവിടെ ഒരു ഉപതെരഞ്ഞെടുപ്പ് നടക്കുമ്പോൾ അവിടെ മത്സരിക്കുന്നത് അന്തരാവകാശിയാണെങ്കിൽ എല്ലാ സ്ഥലങ്ങളിലും ജയിച്ച ചരിത്രം മാത്രമേ ഇവിടെ

ഉണ്ടായിട്ടുള്ളൂ.  അത് പുനലൂർതൊട്ട് ഏറ്റവും ഒടുവിൽ നമ്മുടെ പിറവം വരെ അതല്ലേ ചൂണ്ടിക്കാണിച്ചത്?  പിറവം തെരഞ്ഞെടുപ്പിൽ എത്ര നിസ്സാര വോട്ടിനാണ് ടി. എം. ജേക്കബ് എന്ന നമ്മുടെ മുൻമന്ത്രി ഈ സഭയിൽ അംഗമായി ജയിച്ചുവന്നത്. അദ്ദേഹം മന്ത്രിയായി കുറച്ചുനാളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ ശ്രീ. അനൂപ് ജേക്കബ് ഇവിടെ മത്സരിച്ചു. അവിടെ ഇടതുപക്ഷം ഏറ്റവും നല്ല ഒരു സ്ഥാനാർത്ഥിയെയല്ലേ കൊടുത്തത്, എന്നിട്ടും യു.ഡി.എഫ്.-ന്... കേരളത്തിന്റെ പാരമ്പര്യമതാണ്. മരിച്ചുപോയ ആളെ സങ്കൽപ്പിച്ചുകൊണ്ട് ആ മരിച്ചുപോയ വ്യക്തിത്വത്തിന് ഒരാദരവ് പ്രകടപ്പിക്കുകയെന്നുള്ളത് കേരളത്തിന്റെ സംസ്കാരമാണ്. അതാണ് ഇവിടെ ജി. കാർത്തികേയൻ, നമുക്കറിയാം അദ്ദേഹത്തെ സ്നേഹിക്കാത്തതായും ആദരിക്കാത്തതായും ആരാണുള്ളത്?  ആ ഒരു ആദരവ് കൊടുത്തുവെന്നുള്ളതല്ലേ സത്യം.  ഞാനതുകൊണ്ട് അക്കാര്യങ്ങളിലേയ്ക്ക് കൂടുതലായി പോകുകയല്ല.  ഇന്ന് കേരളം നേരിടുന്ന പ്രശ്നമെന്താണ്, നമ്മുടെ വിദ്യാഭ്യാസ-അരോഗ്യ മേഖല ഏറ്റവും വലിയ വെല്ലുവിളിയെ നേരിടുന്ന സന്ദർഭമല്ലേ; ഇന്ന് 10 മലയാളികളെ എടുത്താൽ ഒരു ക്യാൻസർ രോഗിയുണ്ട്. ഒരു ക്യാൻസർ രോഗി ഒരു വീട്ടിലുണ്ടെങ്കിൽ സാമ്പത്തികമായി ആ വീടും മരിക്കുന്നു, വേദനതിന്ന് ആ രോഗിയും മരിക്കുന്നു.

നമ്മൾ നിത്യേന കാണുന്ന കാഴ്ചയല്ലേ; കഴിഞ്ഞ നാലുവർഷമായി ഈ ഗവൺമെന്റിന് അതേക്കുറിച്ച് എന്താണ് ചിന്തിക്കാൻ കഴിയാത്തത്? കേരളത്തിന്റെ മണ്ണിൽ ക്യാൻസർ മാരകമായ ഒരു വലിയ വെല്ലുവിളി വിതറിക്കൊണ്ട് ഇവിടെ പടർന്നുപിടിക്കുമ്പോൾ അതേക്കുറിച്ച് ചർച്ച ചെയ്യാൻ എന്ത് പദ്ധതിയാണ് നമുക്കുള്ളത്? ഇന്നാണ് മന്ത്രി അതേ സംബന്ധിച്ച് പഠിക്കാൻ ഒരു തീരുമാനമെടുത്തതായി ഇവിടെ അറിയിച്ചത്. കേരളം നേരിടുന്ന ഏറ്റവും വലിയ ആരോഗ്യ പ്രശ്നമല്ലേ; മെഡിക്കൽ കോളേജുകൾ 5-ൽ നിന്ന് 10-ഉം 12-ഉം ആക്കിയെന്ന് പറഞ്ഞതുകൊണ്ടായോ; ആ കാര്യമാണിവിടെ...

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. ക്യാൻസർ മാരകമായ രോഗംതന്നെയാണ്. പക്ഷെ കേരളത്തിൽ ഈ സർക്കാരിന്റെ കാലത്താണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെയും കാരുണ്യാ പദ്ധതിയിലൂടെയും അവരെ സഹായിക്കാൻ ആദ്യമായി പദ്ധതികളുണ്ടാക്കിയത്. ഇൻഡ്യയിൽ കേരളത്തിൽ മാത്രമാണ് ഇങ്ങനെയുള്ള സംവിധാനമുള്ളതെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. തിലോത്തമൻ: സർ, നേരത്തെയും ധാരാളം പദ്ധതികൾ,

മുഖ്യമന്ത്രിയുടെ ചികിത്സാ പദ്ധതികളൊക്കെ ഇവിടെയുണ്ടായിരുന്നു. കാരുണ്യ പദ്ധതി ഇല്ലായിരുന്നുവെന്നേയുള്ളൂ. എന്നാൽ ക്യാൻസർ ഇങ്ങനെ പടർന്നുപിടിക്കുകയാണ്. ഈ ആനുകൂല്യങ്ങൾ കൊണ്ടൊന്നും ക്യാൻസറിനെ തടഞ്ഞുനിർത്താനാവില്ല. എത്ര ലക്ഷം രൂപ ചെലവഴിച്ചാലും ക്യാൻസർ രോഗി വേദന തിന്ന് മരിക്കുന്നത് നമ്മുടെ കൺമുമ്പിൽ കാണുകയല്ലേ? എന്താണ് അതിന് അടിസ്ഥാനപരമായ പ്രശ്നമെന്ന് പഠിക്കാൻ ഈ നാലരവർഷം ആയിട്ടും കഴിഞ്ഞില്ലല്ലോ എന്നുള്ളതാണ് ഞാനിവിടെ ഉന്നയിച്ച പ്രശ്നം. എത്രയോ നാളുകൾക്കുമുമ്പേ പഠിക്കേണ്ടതായിരുന്നു. ഇന്നലെവരെ ഹൃദ്രോഗമായിരുന്നു giant killer, ഇന്ന് കേരളത്തിന്റെ giant killer എന്നുപറഞ്ഞാൽ ക്യാൻസറാണ്. അത് നാലുകൊല്ലം കൊണ്ടല്ല, അതിനേക്കാൾ മുമ്പുണ്ടായി എന്നുള്ളത് സത്യമാണ്. അതാരും മറച്ചുവയ്ക്കുന്നില്ല. കഴിഞ്ഞ കുറച്ച് നാളുകളായി അതിന്റെ തോത് വർദ്ധിച്ചുവരികയല്ലേ? പത്ത് മലയാളിയെയെടുത്താൽ ഒരു കാൻസർ രോഗി എന്ന അവസ്ഥയിലേയ്ക്ക് മാറുമ്പോഴെങ്കിലും അതിന് പരിഹാരമുണ്ടാക്കാൻ നമ്മൾ പഠിക്കണ്ടെ? പല തുറകളിൽനിന്നും എന്നോട് കഴിഞ്ഞ ദിവസം പറഞ്ഞു, കുടിക്കുന്ന വെള്ളം, അതായത് ഭൂഗർഭ ജലം കുടിക്കുമ്പോൾ പോലും അപകടങ്ങൾ നേരിടുന്നുവെന്നും വലിയ കാൻസർ വാഹിനിയായി അത് മാറുന്നു എന്നും. അങ്ങനെ

പറയുമ്പോൾ അതിനെ പ്രതിരോധിക്കാൻ എന്താണ് നടപടി ഇല്ലാത്തത്. നമ്മുടെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ ഇവിടെ പുതുതായി ഹയർ സെക്കൻഡറി സ്കൂളുകൾ  അനുവദിച്ചല്ലോ. പുതുതായി അനുവദിച്ച ഏതെങ്കിലും ഹയർ സെക്കൻഡറി സ്കൂളിൽ ഒരു അധ്യാപക നിയമനം നടത്താൻ കഴിഞ്ഞിട്ടുണ്ടോ? ഇന്ന് വിദ്യാർത്ഥികളിൽനിന്ന് ആയിരം രൂപ വീതം പിരിച്ച് അവിടെ ഗസ്റ്റ് ലക്ചറന്മാരായി നിയോഗിക്കുന്നവർക്ക് ശമ്പളം കൊടുക്കുന്നതുപോലും എന്റെ തൊട്ടടുത്ത മണ്ഡലത്തിൽ ഞാൻ കാണുകയാണ്. പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയെക്കുറിച്ച് കഴിഞ്ഞ എത്രയോ വർഷമായി നാം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ന് അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയുടെ പാഠപുസ്തകം വായിക്കാൻ അറിയില്ല. നാലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയുടെ പാഠപുസ്തകം വായിക്കാൻ അറിയില്ല. രണ്ടക്കം കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും അറിയാതെ പൊതുവിദ്യാഭ്യാസം തകർച്ചയിലേയ്ക്ക് താഴ്ന്നുപോകുന്നത് എന്തുകൊണ്ടാണ് കാണാതിരിക്കുന്നത്. എന്നാൽ ഈ പൊതുവിദ്യാഭ്യാസമല്ലെ കേരള സംസ്ഥാനത്തിന്റെ വികസന മേഖലയിൽ പുതിയൊരു അദ്ധ്യായം രചിച്ചതും പുതിയൊരു കേരള വികസന മാതൃക പടുത്തുയർത്തിയതും. എന്നാൽ ആ

പൊതുവിദ്യാഭ്യാസ രംഗത്തെ ചവിട്ടി പാതാളത്തിലേയ്ക്ക് താഴ്ത്താൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നതുപോലെയാണ് ചില ആളുകളുടെ പ്രവൃത്തി കണ്ടാൽ മനസ്സിലാകുന്നത്. അതുകൊണ്ട് നിങ്ങൾ ഈ നയങ്ങൾ തിരുത്തണം. അതിന് തയ്യാറാകുന്നില്ലായെങ്കിൽ തീർച്ചയായും ഏറ്റവും ഉജ്ജ്വലമായ പോരാട്ടങ്ങൾ അത് നിങ്ങളുടെ നാശത്തിലേയ്ക്ക് നയിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വളർച്ചയ്ക്കിടയിലുണ്ടായ കിതപ്പും കുതിപ്പും നേരിട്ടറിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അനുഭവ വൈഭവം കേരളത്തിന്റെ ധനകാര്യ വിനിയോഗത്തിൽ പ്രകടമാണ്. സാധ്യമാകുന്നതൊന്നും നാളേയ്ക്കു മാറ്റി വയ്ക്കരുതെന്ന് ദൃഢനിശ്ചയമുള്ള മുഖ്യമന്ത്രി, ജനപക്ഷത്തിൽ നിന്ന് അതിന് നേതൃത്വം നൽകുമ്പോൾ സ്വർണ്ണത്തിനു സുഗന്ധമെന്നതുപോലെ അത് ഈ നാടിന് ഗുണകരമായി മാറുകയാണ്. ജനസംഖ്യ ശാപമാണെന്ന ചിന്ത ലോകത്ത് തിരുത്തിയെഴുതിയത് ചൈനയായിരുന്നു. പക്ഷെ ഭാരതത്തിൽ അത് തിരുത്തിയെഴുതാൻ പോകുന്നത് കേരളമാണ്. പുതിയ തലമുറയ്ക്ക് ആധുനിക വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ഭൗതിക വിനിയോഗത്തിനുള്ള അവസരം എന്നിവ സൃഷ്ടിക്കുന്നതിൽ ഈ സർക്കാർ

കാണിച്ച ശുഷ്കാന്തി ഏറെ അത്ഭുതകരമാണ്. അഞ്ചു വർഷംകൊണ്ട് ആയിരം സംരംഭങ്ങൾ തുടങ്ങാൻ ലക്ഷ്യമിട്ട് തുടങ്ങിയ സ്റ്റാർട്ട് അപ് വില്ലേജുകൾ ഒരു വർഷം കൊണ്ട് 900 സംരംഭങ്ങളായി വളർന്നത് നമ്മുടെ യുവജനതയുടെ കർമ്മശേഷിയെ തെളിയിക്കുകയാണ്. ഇലക്ട്രോണിക് രംഗത്തുണ്ടായ വളർച്ച കാർഷിക രംഗത്തുമുണ്ടാവണം. സ്വാതന്ത്ര്യം നേടുമ്പോൾ 47 ശതമാനം അരി ഉത്പാദിപ്പിച്ചിരുന്ന സംസ്ഥാനം ഇന്നതിന്റെ പകുതിയിലാണ് നിൽക്കുന്നത്. ഈ രംഗത്ത് ഭൂമിയുടെ തോത് കുറവാണെങ്കിലും ഉത്പാദനക്ഷമത കൂട്ടി അതിന് പരിഹാരം കാണാൻ ബയോടെക്നോളജി മേഖലയിൽ കൂടി സ്റ്റാർട്ട് അപ് വില്ലേജുകൾ വികസിപ്പിക്കാൻ സർക്കാർ മുന്നോട്ടു വരണം. സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം നൽകുമെന്ന പ്രഖ്യാപനത്തോടെയാണ് കേന്ദ്രനികുതി 32 ശതമാനത്തിൽ നിന്ന് 42 ശതമാനമായി വർദ്ധിപ്പിച്ചത്. പക്ഷെ ഇതുമൂലമുണ്ടായ റവന്യൂ വരുമാനത്തിന്റെ കുറവ് നികത്താൻ കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറക്കാനും കേന്ദ്രവിഹിതം കുറയ്ക്കാനും കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതുമൂലം കേരളത്തിന്റെ വികസനരംഗത്ത് വലിയ വിഘാതമാണുണ്ടാകുന്നത്. അതുപോലെ നേരത്തെ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ രംഗത്ത് കേന്ദ്രം 75 ശതമാനവും സംസ്ഥാനം 25 ശതമാനവും വഹിച്ചാൽ

മതിയായിരുന്നു. പക്ഷെ പുതിയ തീരുമാനപ്രകാരം കേന്ദ്രസഹായം 40 ശതമാനമായി ചുരുക്കുകയും 60 ശതമാനം സംസ്ഥാനം വഹിക്കുകയും ചെയ്യേണ്ട സാഹചര്യങ്ങളിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇത് കേരളത്തിന്റെ ഫിഷിങ് മേഖലയെ മാത്രമല്ല ഒട്ടേറെ പദ്ധതികളെയും ബാധിക്കും. ഈ പദ്ധതികളെ ബാധിക്കാതിരിക്കാൻ വളരെ ബുദ്ധിപൂർവ്വമായ ഇടപെടലുകളും സാമ്പത്തിക രംഗത്ത് വലിയ ബുദ്ധിപരമായ വിനിയോഗവും അനിവാര്യമാകുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ നാൾതൊട്ട് ഇന്നുവരെ നിർത്താതെ പണി പൂർത്തിയാക്കിയ എന്റെ നിയോജകമണ്ഡലത്തിലുള്ള താനൂർ ഫിഷിങ് ഹാർബറിന് ഇപ്പോഴുള്ള പുതിയ മാനദണ്ഡമനുസരിച്ച് ബാക്കിവരുന്ന 60 ശതമാനം വഹിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിക്കേണ്ട ബാധ്യത അങ്ങ് നിർവ്വഹിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് അപേക്ഷിക്കുകയാണ്. ഇവിടെ പലരും കടബാധ്യതയെക്കുറിച്ച് പറഞ്ഞു. കേരളത്തിന്റെ കടബാധ്യത പുതിയതായി ഉണ്ടായതൊ, ഈ സർക്കാർ മാത്രം സൃഷ്ടിച്ചതൊ അല്ല. 2011-ൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 78,673.24 കോടി രൂപ കടബാധ്യതയോടുകൂടിയാണ് കേരളത്തിന്റെ ഖജനാവ് ഏറ്റെടുത്തത്. അതിനു ശേഷം കേരളത്തിൽ ഇക്കണ്ട അത്ഭുതങ്ങളൊക്കെ നടന്നു.

എത്രയെത്ര പദ്ധതികൾ, ഏഴോളം സ്വപ്ന പദ്ധതികൾ തന്നെ യാഥാർത്ഥ്യമാക്കി. കേരളത്തിൽനടന്ന ഈ സ്വപ്നപദ്ധതികൾ പലതും യാഥാർത്ഥ്യമാകില്ലെന്ന് കരുതിയവയാണ്. പരിമിതമായ ധനപരിധിയിൽ നിന്നുകൊണ്ട് സപ്താത്ഭുതങ്ങൾ സൃഷ്ടിച്ച ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കു മുമ്പിൽ മഹാത്ഭുതങ്ങൾ സൃഷ്ടിച്ച വിളക്കുള്ള അലാവുദ്ദീൻ പോലും നമിച്ചുപോകുമെന്നുള്ളതാണ് കേരളത്തിന്റെ ഇന്നത്തെ അവസ്ഥ. കാരണം, ഈ സാമ്പത്തിക പരിധിയിൽനിന്ന് എത്ര വലിയ അത്ഭുതങ്ങളാണ് കേരളത്തിലുണ്ടാക്കിയത്. ഇവിടെ തൊഴിലില്ലായ്മയെക്കുറിച്ച് പറഞ്ഞു. കേരളത്തിന്റെ ചരിത്രത്തിലിന്നുവരെ സൂക്ഷ്മചെറുകിട വ്യവസായ സംരംഭങ്ങൾ ഇത്രയേറെ ആരംഭിച്ച കാലഘട്ടമേതാണ്. ഏകദേശം 51889 ചെറുകിട വ്യവസായ സംരംഭങ്ങളാണ് കേരളത്തിൽ ഈ നാല് വർഷംകൊണ്ട് ആരംഭിച്ചത്. ഏകദേശം 297369 തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു. ഇതിനെ ചെറുതായി കാണാൻ കഴിയുമോ; തൊഴിലവസരങ്ങൾ തീരെയില്ല, നിയമനങ്ങൾ നടന്നില്ല എന്നൊക്കെ പറഞ്ഞു. പി.എസ്.സി.യുടെ കണക്കുകൾ ഈ നിയമസഭയിൽ വന്നല്ലോ. 2015-ൽ മാത്രം 122391 പേർക്ക് തൊഴിൽ നൽകാൻ പി.എസ്.സി.ക്ക് സാധിച്ചുവെന്നുപറഞ്ഞാൽ കേരളത്തിലെ തൊഴിൽ രംഗത്തും മറ്റെല്ലാ മേഖലയിലും ഇടപെട്ടുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോയിട്ടുണ്ട്

എന്നുള്ളത് യാഥാർത്ഥ്യമാണ്. കേരളത്തിന്റെ വികസന രംഗത്ത് അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കി പോകുന്നൊരു ഗവൺമെന്റിന് മുന്നോട്ടുപോകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനാണ് ഇവിടെയുള്ളവർ തയ്യാറാകേണ്ടത്. അതിനു വിപരീതമാണ് ഇവിടെ നടക്കുന്നത്. നമ്മുടെ രാജ്യത്തെ മതേതരത്വ ചിന്തയെക്കുറിച്ച് ചില ആളുകൾ ഇവിടെ പറയുകയുണ്ടായി. ഞങ്ങളൊരിക്കലും ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മതേതരത്വ വീക്ഷണത്തിന് എതിരാണ് എന്ന് പറഞ്ഞിട്ടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇടതുപക്ഷ പ്രസ്ഥാനങ്ങളുമടക്കമുള്ള മതേതരത്വ ശക്തികൾ നമ്മുടെ രാജ്യത്തുണ്ടാകണം. യാതൊരു സംശയവും വേണ്ട. പക്ഷെ അതിന് വ്യതിയാനങ്ങൾ സംഭവിക്കരുത്. ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ ഇടതുപക്ഷ ചിന്തകൾക്ക് വ്യതിയാനങ്ങൾ സംഭവിക്കുമ്പോൾ ആ വ്യതിയാനങ്ങളാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ ഇത് പലപ്പോഴും സംഭവിക്കുന്നതാണ്. ഇന്നും ഒരു നേതാവിന്റെ പ്രസംഗമുണ്ടായിരുന്നു. ന്യൂനപക്ഷ ജനവിഭാഗങ്ങൾ സാമ്പത്തികമായി വളർച്ചയുണ്ടാക്കുന്നത് കേരളത്തിൽ അലോസരമുണ്ടാക്കുന്നു. ഇടതുപക്ഷ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കേണ്ട ഒരു നേതാവിന്റെ വായിൽ നിന്നാണോ ഇതുണ്ടാകേണ്ടത്. ലോകത്ത് ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ ഒന്നില്ല. സാമ്പത്തികമായി നമ്മുടെ രാജ്യത്ത് വ്യവസായികൾ

ശക്തിയാർജിക്കുന്നുവെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കാനുള്ള സന്നദ്ധത അവരിൽനിന്നും ഉണ്ടാകണം. നാം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം അതാണ്. ഇവിടെ സംഭവിക്കുന്നതെന്താണ്, മുമ്പ് അങ്ങാടിയിൽ തേൻ തൊട്ട ഇബിലീസിന്റെ കഥയുണ്ട്. ഇബിലീസ് തേൻ കൊണ്ടുപോയി ഭരണിയിൽ തേച്ചു. ഇത് നല്ല തേനാണ് എന്നുപറഞ്ഞ് അവിടെ പുരട്ടിയിട്ട് അദ്ദേഹം രക്ഷപ്പെട്ടു. തേനിനടുത്ത് ഈച്ച വന്നു. ഈച്ചയെകണ്ടപ്പോൾ ഈച്ചയെപിടിക്കാൻ അവിടെയൊരു പല്ലി വന്നു. പല്ലിയെകണ്ട് തൊട്ടടുത്ത കടയിലെ പൂച്ച ഭരണിയിലേയ്ക്ക് ചാടി. അപ്പോൾ ഭരണി പൊട്ടി. ഭരണി പൊട്ടിയപ്പോൾ ആ കടക്കാരൻ തൊട്ടടുത്ത കടക്കാരനെ ആക്രമിച്ചു. അങ്ങനെ അങ്ങാടിയിൽ ബഹളമുണ്ടായപ്പോൾ ഇബിലീസ് പറഞ്ഞു ഞാനൊന്നും ചെയ്തില്ലല്ലോ, ഞാൻ ഔഷധവീര്യമുള്ള തേൻ പുരട്ടുകമാത്രമല്ലേ ചെയ്തുള്ളൂവെന്ന്. എനിക്ക് അപ്പുറത്തിരിക്കുന്ന ഇടതുപക്ഷത്തോട് പറയാനുള്ളത് ദയവുചെയ്ത് കേരളത്തിൽ ഔഷധവീര്യമുള്ള തേൻ പുരട്ടി മാറിനിൽക്കരുത് എന്നാണ്. എപ്പോഴും സമൂഹത്തിനിടയിൽ ഭിന്നതയുണ്ടാക്കുന്ന, രാജ്യത്തെ തകർക്കാൻ ശ്രമിക്കുന്ന വർഗ്ഗീയ ശക്തികൾക്ക് കടന്നുവരാൻ അവസരം സൃഷ്ടിക്കുന്ന സമീപനങ്ങൾ നമ്മുടെ പ്രവർത്തനത്തിലും താല്ക്കാലികമായ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടിയുള്ള പ്രയോഗത്തിനും സംഭവിക്കാൻ പാടില്ലാത്ത വിധം ഇടതുപക്ഷ മുന്നണി

അതിന്റേതായ കർത്തവ്യം നിർവ്വഹിക്കുന്ന ഉയരങ്ങളിലേയ്ക്കെത്തണം എന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങളൊക്കെ. ഇന്നത്തെ ഈ സാഹചര്യങ്ങളിൽ കേരളത്തെപ്പോലുള്ളൊരു സംസ്ഥാനത്ത് അതിന്റെ സാമ്പത്തിക പരിധിയിൽനിന്നുകൊണ്ട് വലിയ നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുകയും നമ്മുടെ നാടിന്റെ വളർച്ചയ്ക്ക് വളരെ ബുദ്ധിപരമായി നേതൃത്വം കൊടുക്കുകയും ചെയ്യുന്ന, കുറഞ്ഞ കാലയളവുകൊണ്ട് എല്ലാ മേഖലയിലും നേട്ടങ്ങളുടെ പട്ടികകൾ നിരത്തിയ ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. പൊതുപ്രവർത്തകരായ, ജനപ്രതിനിധികളായ നമുക്ക് ഉണ്ടാകേണ്ട കാര്യം യാഥാർത്ഥ്യബോധത്തെ അംഗീകരിക്കുകയെന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ സുഹൃത്തുക്കൾ ഈ ചർച്ചയിൽ പങ്കെടുത്തപ്പോൾ ആ യാഥാർത്ഥ്യബോധം അംഗീകരിക്കാനുള്ള മനസ്സുണ്ടായി എന്ന വിശ്വാസമായിരുന്നു. എന്നാൽ ചർച്ച കേട്ടപ്പോൾ ഇപ്പോഴും നിങ്ങൾ യാഥാർത്ഥ്യത്തെ അംഗീകരിക്കുന്നില്ല. നിങ്ങൾ ഇവിടെ പറഞ്ഞകാര്യങ്ങൾ കഴിഞ്ഞ നാലുവർഷക്കാലമായി നിങ്ങൾ ആവർത്തിക്കുന്നതാണ്. ഈ ഗവൺമെന്റിന്റെ

ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാൻ ഞങ്ങൾ തയ്യാറല്ലെന്നു പറയുന്നതിന് നിങ്ങൾ നിരത്തുന്ന വാദഗതികൾ- ഈ ഗവൺമെന്റ് പരാജയമാണ്, ഈ ഗവൺമെന്റ് ജനക്ഷേമകരമായ പരിപാടികൾ നടപ്പിലാക്കുന്നില്ല തുടങ്ങിയവ നിങ്ങൾ കുറേ നാളുകളായി പറഞ്ഞതാണ്. ഇത് പറഞ്ഞ് എത്രയോ പ്രാവശ്യം നിങ്ങൾ രാഷ്ട്രീയമായും നിയമപരമായും ജനകീയ കോടതിയുടെ മുന്നിലെത്തി. ഏതെങ്കിലും സ്ഥലത്ത് നിങ്ങൾ പറഞ്ഞ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഒരു ഗവൺമെന്റ് പരാജയമാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത് ജനകീയ കോടതിയുടെ മുന്നിലാണ്. ഞങ്ങൾ അത് പറയുമ്പോൾ നിങ്ങൾ പറയും ഞങ്ങൾക്ക് തെരഞ്ഞെടുപ്പിൽ ജയിച്ചതിന്റെ അഹങ്കാരമാണെന്ന്. തെരഞ്ഞെടുപ്പിൽ ജയിച്ചതിന്റെ അഹങ്കാരത്തോടെ പറയുന്നതല്ല, തെരഞ്ഞെടുപ്പിൽ ജയിച്ചതിന്റെ യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് പറയുന്നു, ഇനിയെങ്കിലും നിങ്ങൾക്ക് യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങളുടെ ഭാവിയെക്കുറിച്ച് നിങ്ങൾ തന്നെ ആലോചിക്കേണ്ട സ്ഥിതിയാകും. ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ എല്ലാപ്രാവശ്യവും എല്ലാവരും സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഈ ഗവൺമെന്റ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ വികസന

പ്രവർത്തനങ്ങൾ നടത്തിയെന്നുമാത്രമല്ല കഴിഞ്ഞകാല ഗവൺമെന്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മൾ അതിവേഗം ബഹുദൂരത്തിൽ മുന്നോട്ട് പോകുന്നു. വികസനമെന്നത് ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ചതുപോലെ ഇൻഫ്രാസ്ട്രക്ച്ചറല്ല. ഈ ഗവൺമെന്റിന് ജനങ്ങളുടെ മുന്നിലും ജനകീയ കോടതിയിലും ജനമനസ്സുകളിലും അംഗീകാരം കിട്ടാൻ കാരണം വികസനത്തിനോടൊപ്പം കരുതലുമായി മുന്നോട്ടുപോകുന്നതാണ്. അതിന്റെ ഏറ്റവും അവസാനത്തെ തെളിവാണ്.... ഹൃദയശസ്ത്രക്രിയയെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചപ്പോൾ ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. രാജു എബ്രഹാം അതിന്റെ സമയത്തെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ അതിന്റെ വാദത്തിലേക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപനം അതിൽ കാണാം. ഹൃദയ ശസ്ത്രക്രിയയ്ക്കുവേണ്ടി ഹൃദയം തിരുവനന്തപുരത്തുനിന്ന് കൊച്ചിയിലേക്ക് എത്തിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അതിന്റെ സമയമാണ്. തുടിക്കുന്ന ഹൃദയം അവിടെ എത്തിച്ചാൽ മാത്രമേ ശസ്ത്രക്രിയ വിജയിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള തീരുമാനം എടുക്കുന്നതിനും ആ ഹൃദയം അവിടെ എത്തിക്കുന്നതിനും ശസ്ത്രക്രിയ നടത്തുന്നതിനും കഴിഞ്ഞു. അതൊരു മെസേജാണ്. അതുമൂലമാണ് നമുക്ക് എയർ ആംബുലൻസ്

വേണമെന്ന് പറയുന്നത്. ഇത്തരം സന്ദർഭത്തിൽ എമർജൻസിയായി ഒരു ജീവൻ രക്ഷിക്കാൻ കഴിയുമെന്ന് വരുന്നത് അത്തരമൊരു തീരുമാനത്തിലൂടെയാണ്. അതൊരു മാതൃകയായി മാറിയിരിക്കുന്നു. ആ ഹൃദയ ശസ്ത്രക്രിയയിലൂടെ ജനങ്ങളുടെ ഹൃദയം കവർന്ന മുഖ്യമന്ത്രിയും ഹൃദയം കവർന്ന ഗവൺമെന്റുമായി കേരളത്തിലെ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് മാറി.

ഭവന നിർമ്മാണം, ഞാൻ ബഹുമാനപ്പെട്ട മാണി സാറിനോട് അഭ്യർത്ഥിക്കുന്നു. ഇവിടെ സ്ഥലമില്ലാതെ, കിടക്കാൻ ഒരു കൂരപോലുമില്ലാത്തവരുണ്ട്. ഭവന നിർമ്മാണ രംഗത്ത് ഈ ഗവൺമെന്റ് കുറച്ചുകൂടി കാര്യക്ഷമമായി മുന്നോട്ട് പോകണമെന്ന അഭിപ്രായം ഞങ്ങളും പ്രകടിപ്പിക്കുന്നു. രോഗികളെക്കുറിച്ച് ഇവിടെ പറഞ്ഞു. യാതൊരു ഗവൺമെന്റും രോഗികളോട് കാണിക്കുന്നതിനെക്കാൾ കൂടുതൽ കാരുണ്യവും സാന്ത്വനവും സ്നേഹവും പ്രകടിപ്പിക്കുന്ന ഗവൺമെന്റാണ് ഇത്. പക്ഷെ അതുകൊണ്ടും രോഗികൾക്കു മുഴുവൻ ആശ്വാസം കിട്ടിയെന്നു പറയാൻ കഴിയില്ല. കാരുണ്യാ ബെനവലന്റ് ഫണ്ടും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടും ഉണ്ട്. എന്നാൽ പോലും ഇന്ന് രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി കുറച്ചുകൂടി പണം നീക്കിവയ്ക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. അതുപോലെതന്നെ ഏതൊരു

കാലഘട്ടത്തിലും മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യമാണ് കുടിവെള്ളം. കുടിവെള്ള പദ്ധതിക്ക് ഈ ഗവൺമെന്റ് മുൻഗണന കൊടുക്കണം. അതുപോലെ കാർഷിക മേഖല, അക്കാര്യം ശ്രീ. ജോസഫ് വാഴക്കൻ സൂചിപ്പിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. നമ്മുടെ കാർഷിക മേഖലയിൽ ഈ ഗവൺമെന്റിന് കുറച്ചുകൂടി മുൻഗണനയുണ്ടാകണം. പൈനാപ്പിൾ കൃഷി ഉൾപ്പെടെയുള്ളവ കൂടുതൽ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ബഹുമാനപ്പെട്ട മാണി സാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ ബഹുമാന്യ സ്നേഹിതൻ ഡോ. തോമസ് ഐസക് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കുടിശ്ശിക പിരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അതിനോട് ഒരു പരിധിവരെ യോജിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എവിടെയാണ് കാലതാമസം വരുന്നത്. ഞങ്ങളൊക്കെ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി മെമ്പർമാരാണ്. പലപ്പോഴും പി.എ.സി.യിൽ ഞങ്ങൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട്. ട്രിബ്യൂണൽ കേസ്, ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമുള്ള കേസുകൾ ഇവ കൊണ്ടാണ് കുടിശ്ശിക പിരിക്കുന്നതിന് പ്രശ്നങ്ങളുണ്ടാകുന്നത്. ഹൈക്കോടതിയിലും സുപ്രീം കോടതിലും ട്രിബ്യൂണലിലും കേസ് പോകുമ്പോൾ കേസ് വാദിച്ച് വിജയിക്കാൻ പറ്റുന്ന മിടുക്കൻമാരായ വക്കീലൻമാരെ കണ്ടെത്തുക എന്നത്

ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഹൈക്കോടതിയിൽ 120 വക്കീലൻമാർ ശമ്പളം പറ്റുന്നുണ്ട്. അതിന് ആരാണ് ഉത്തരവാദി? ജനമറിയട്ടെ

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ അതിലേയ്ക്ക് വരാം. നമുക്ക് പോസിറ്റീവായി എടുക്കാം. അനാവശ്യമായ കാലതാമസം ഉണ്ടാകുന്നു. ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. എ.ജി. മുൻകൈയെടുക്കണം. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വക്കീലൻമാരെ ബോധ്യപ്പെടുത്തണം. പല കേസിനും കാലതാമസമുണ്ടാകുന്നു. ട്രിബ്യൂണലിലേക്കോ ഹൈക്കോടതിയിലേക്കോ സുപ്രീം കോടതിയിലേക്കോ കേസ് പോയാൽ കാലതാമസമുണ്ടാകുന്നു. ഈ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി വേണ്ടിവന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി സംസാരിച്ച് ഇത്തരം കേസുകൾ ഗ്രീൻചാനലിലൂടെയോ മറ്റോ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ വിനയപുരസ്സരം ബഹുമാനപ്പെട്ട മാണി സാറിനോട് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷത്തിന് ചില മാറ്റങ്ങളൊക്കെ വരുന്നു. നിങ്ങൾ ഇന്ന് ചർച്ചയിൽ പങ്കെടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ സമീപനം എന്തായിരുന്നു.

നിങ്ങൾ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനെ എതിർത്തവരാണ്. അവിടെയെല്ലാം നിങ്ങൾക്ക് പാളിച്ചപറ്റി. നിങ്ങൾ തന്ത്രമെന്ന് പറയും. ബഡ്ജറ്റ് അവതരിപ്പിക്കാൻ വരുന്ന മാണി സാറിനെ എതിർക്കാൻ വന്ന നിങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറെ എതിർത്ത് സ്പീക്കറുടെ ഡയസ് തല്ലിപ്പൊളിച്ചു. അതിനുശേഷം നിങ്ങൾ സബ്ജക്ട് കമ്മിറ്റി ബഹിഷ്കരിച്ചു. നിങ്ങൾ എന്തിനാണ് സബ്ജക്ട് കമ്മിറ്റി ബഹിഷ്കരിച്ചത്? അത് തെറ്റായിപ്പോയി. ആദ്യം ചോദ്യോത്തരവേള തുടങ്ങുന്നതുതന്നെ ശ്രീ. ശിവൻകുട്ടിയുടെ മുദ്രാവാക്യത്തോടെയാണ്. പിന്നീട് നിങ്ങൾ തെറ്റുകൾ തിരുത്തി. ഞാൻ സ്വാഗതം ചെയ്യുന്നു. ചോദ്യോത്തരവേളയിൽ മുദ്രാവാക്യം വിളി നിർത്തി. പിന്നീട് നിങ്ങൾ തീരുമാനിച്ചു, ചർച്ചയിൽ പങ്കെടുക്കുന്നില്ലെന്ന്. പിന്നീട് ചർച്ചയിൽ പങ്കെടുക്കാൻ വന്നു. പിന്നെപ്പറഞ്ഞു ചർച്ചയിൽ മാണിസാറിനെ മാത്രമായി ഒഴിവാക്കുന്നുവെന്ന്. ഇപ്പോൾ മാണി സാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെയും അതിന്റെ ചർച്ചയിലും പങ്കെടുക്കാൻ നിങ്ങൾ തയ്യാറായി. സ്വാഗതാർഹമാണ് അത്. ബഡ്ജറ്റിനെ എതിർക്കുന്നവർ, സബ്ജക്ട് കമ്മിറ്റിയെ എതിർക്കുന്നു, ചോദ്യോത്തരവേളയിൽ ബഹളമുണ്ടാക്കുന്നു, മുദ്രാവാക്യം വിളിക്കുന്നു, ചർച്ചയിൽ പങ്കെടുക്കുന്നില്ല, മാണിസാറിനെ ബഹിഷ്കരിക്കാൻ തീരുമാനിക്കുന്നു, ഇതെല്ലാം അടവുനയമാണ്, തന്ത്രമാണ്. ശ്രീ. ബാലാ, ഇതു നിങ്ങളുടെ അടവുനയമല്ല നിങ്ങളുടെ

ഗതികേടാണ്. ഇതിൽ നിന്നും കമ്മ്യൂണിസ്റ്റ് പാർട്ടി രക്ഷപ്പെട്ടില്ലെങ്കിൽ ഇതിനെക്കാൾ വലിയ ഗതികേടിലേക്ക് പോകും. ഇന്നലെ ഇവിടെ ഒരു വിവാദമുണ്ടായി. ജഡ്ജിനെയും കോടതിയെയും ഞങ്ങൾ ബഹുമാനിക്കുന്നു. എ.ജി.യെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്തെല്ലാമാണ് പറഞ്ഞത്. എ.ജി. ബാർ കേസിൽ വിജയിച്ചു. അതിനെതിരെയാണ് ബാർ മുതലാളിമാർ സുപ്രീം കോടതിയിൽ പോയത്. സുപ്രീം കോടതിയിൽ ബാർ മുതലാളിമാർക്കുവേണ്ടി ഹാജരാകാൻ വന്നത് അറ്റോർണി ജനറൽ. ജനങ്ങൾക്കു വേണ്ടിയല്ല. ജനങ്ങൾക്കുവേണ്ടി ഹാജരായത് എ.ജി.യാണ്. അറ്റോർണി ജനറൽ ഹാജരായത് ബാർ മുതലാളിമാർക്കുവേണ്ടിയാണ്. ജനങ്ങളുടെ കേസ് വാദിച്ച് വിജയിച്ച എ.ജി.യെ വിമർശിക്കാൻ ബഹുമാനപ്പെട്ട ജഡ്ജി തയ്യാറായപ്പോൾ ആ ജഡ്ജിന്റെ സമീപനം തെറ്റായിപ്പോയി എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെയാണ് നിങ്ങൾ വലിയ ബഹളമുണ്ടാക്കി ഇവിടെ അടിയന്തര പ്രമേയം കൊണ്ടുവന്നത്. നിങ്ങൾ ആരുടെകൂടെയാണ് നിൽക്കുന്നത്. നിങ്ങൾ അറ്റോർണി ജനറലിന്റെ കൂടെയാണോ, ബാർ മുതലാളിമാരുടെയൊപ്പമാണോ, ജനങ്ങളുടെയൊപ്പമാണോ എന്ന് വിശദീകരിക്കാനുള്ള ഉത്തരവാദിത്തം നിങ്ങൾക്കാണ്.

ഇവിടെ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ

തുടക്കത്തിലേ ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അങ്ങ് ഇരുന്ന കസേരയിൽ ഇപ്പോൾ ആരുമില്ല. അങ്ങയെക്കുറിച്ച് നല്ല വാക്കാണ് പറഞ്ഞത്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞു. ശ്രീ. കോടിയേരി ഇവിടെയില്ല. പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. ബാലനുണ്ട്, അദ്ദേഹം അടുത്തതായി പ്രസംഗിക്കും. എന്റെ കൈയിൽ 22/5/2015-ലെ ദേശാഭിമാനി പത്രമുണ്ട്. ഇതിലെ ഓപ്പണിംഗ് വാർത്ത 'സി.പി.ഐ.(എം) സെക്രട്ടേറിയേറ്റ് പ്രമേയം, വി.എസ് പാർട്ടിയെ വെല്ലുവിളിക്കുന്നു'. പറഞ്ഞിരിക്കുന്നത് പാർട്ടി സെക്രട്ടറി. വി.എസ്-നും അപ്പുറത്തിരിക്കുന്ന കസേര ശൂന്യമായികിടക്കുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞങ്ങളുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു പറഞ്ഞ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, നിങ്ങളുടെ പാർട്ടിയെ വെല്ലുവിളിക്കുന്ന അപ്പുറത്തിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ചുള്ള തർക്കങ്ങൾ പരിഹരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. സ്വന്തം വീട്ടിൽ കാരണവർ പട്ടിണി കിടക്കുമ്പോൾ അതിന് ഭക്ഷണം കൊടുക്കാതെ അയൽവക്കത്തെ വീട്ടിലെ കാരണവർക്ക് ഭക്ഷണം കൊടുക്കുന്നില്ലെന്ന് പരാതി പറയുന്ന ചില മക്കളെക്കുറിച്ച് കേട്ടിട്ടുണ്ട്. അതുപോലെ ബഹുമാന്യനായ കോടിയേരി നിങ്ങൾ അധ:പതിക്കരുത്. നിങ്ങളുടെ അപ്പുറത്തിരിക്കുന്ന കസേരയെക്കുറിച്ച് ബഹുമാനമുണ്ടാകാൻ നിങ്ങൾ ആദ്യം

പഠിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പതിമൂന്നാം നിയമസഭയുടെ പതിനാലാം സമ്മേളനം നാളെ അവസാനിപ്പിക്കാൻ പോവുകയാണ്. ഏത് നിയമസഭാ സമ്മേളനം അവസാനിക്കുമ്പോഴും രാഷ്ട്രീയമായി ചില ചോദ്യങ്ങളും ചില വെല്ലുവിളികളും ഉയർത്തും. കഴിഞ്ഞ പ്രാവശ്യവും അതുണ്ടായി. ഒരു പ്രാവശ്യം പറഞ്ഞു പിറവത്തിനുശേഷം കാണാമെന്ന്. നിങ്ങളും പറഞ്ഞു പിറവത്തിന് ശേഷം കാണാമെന്ന്. പിറവത്തിനുശേഷം ശ്രീ. അനൂപ് ജേക്കബിനെ അണിനിരത്തി ഞങ്ങൾ ഇവിടെ വന്നു. പിന്നീട് നെയ്യാറ്റിൻകര വന്നു, നമ്മൾ വെല്ലുവിളി നടത്തി, നെയ്യാറ്റിൻകര കഴിഞ്ഞു കാണാമെന്ന്. ഞങ്ങൾ സെൽവരാജിനെയുംകൊണ്ടു ഇവിടെ വന്നു. അരുവിക്കരയിൽ കാണാമെന്ന് പറഞ്ഞു. ഈ നിയമസഭാ സമ്മേളനം തുടങ്ങി ഇടയ്ക്കു നിർത്തിവച്ച് അരുവിക്കരയിൽ കാണാമെന്ന് പറഞ്ഞു. നാളെ അവസാനിക്കാൻ പോകുന്ന നിയമസഭാ സമ്മേളനത്തിനുശേഷം ഒരുപക്ഷെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞായിരിക്കും നമ്മൾ കാണാൻ പോകുന്നത്. ഞാൻ ശ്രീ. ദിവാകരനെയും ശ്രീ. ബാലനെയും അപ്പുറത്തിരിക്കുന്നവരെയും വെല്ലുവിളിക്കുന്നില്ല, പക്ഷെ ഒരു കാര്യം ഓർമ്മപ്പെടുത്തുന്നു, ലോക്കൽ ബോഡി തെരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്തപ്രാവശ്യം

ഈ നിയമസഭ സമ്മേളിക്കുമ്പോൾ നമുക്ക് കാണാം. വർദ്ധിത വീര്യത്തോടുകൂടി യു.ഡി.എഫ് വീണ്ടും തിരിച്ചുവന്ന് ജനങ്ങളുടെ അംഗീകാരത്തോടുകൂടി മുന്നോട്ട് പോകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, കെടുകാര്യസ്ഥത, നികുതി വെട്ടിപ്പ്, അഴിമതി, ബഡ്ജറ്റ് ചോർച്ച ഇവയാണ് ഈ നാലുവർഷക്കാലത്തെ ഭരണത്തിന്റെ ആകെ നേട്ടം. കാർഷിക പ്രതിസന്ധി രൂക്ഷമാണ്. പാലക്കാടിലും വയനാട്ടിലും മാത്രം 35 പേരാണ് മരിച്ചത്. ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിച്ചുകാണും, കർഷകർക്ക് ലഭിക്കാനുള്ള 251.32 കോടി രൂപ വിനിയോഗിച്ചിട്ടില്ല. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. രാസവള സബ്സിഡിയും സൗജന്യ നിരക്കിലുള്ള വൈദ്യുതിയും ഇല്ലാതാക്കി. മറ്റൊരു ഭാഗത്ത് ഭൂമാഫിയകൾക്ക് നിർലോഭമായ സഹായമാണ് കൊടുക്കുന്നത്. നെൽവയൽ സംരക്ഷണ നിയമം - 2008 വരെ നികത്തിയതിന് പരിപൂർണ്ണമായും അംഗീകാരം കൊടുത്തുകഴിഞ്ഞാൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു സെന്റ് നെൽകൃഷി ഭൂമിപോലും കേരളത്തിലുണ്ടാകില്ല. 2008 വരെയുള്ളതിന് നികത്താൻ സാധുത്വം കൊടുത്തുക്കഴിഞ്ഞാൽ ഒരു മാവുതൈയ്യും പ്ലാവും അവിടെ

വച്ചിട്ട് 2008-ന് മുമ്പ് നികത്തിയതാണെന്ന് പറയും. ഒരു വർഷം കഴിഞ്ഞാൽ ഇവിടെ ഒരൊറ്റ സെന്റ് നെൽകൃഷി ഭൂമിയുണ്ടാകില്ല. മിച്ചഭൂമി ഇവർ ഇല്ലാതാക്കി. പ്ലാന്റേഷന്റെ നിർവ്വചനത്തിൽ കശുവണ്ടി ഉൾപ്പെടുത്തി, മിച്ചഭൂമി ഇല്ലാതാക്കി. പ്ലാന്റേഷൻ ഭൂമിയുടെ 5 ശതമാനം റിസോർട്ടിനും റിയൽ എസ്റ്റേറ്റിനും കൊമേഴ്സ്യൽ സ്ഥാപനങ്ങൾക്കും കൊടുത്തു. പ്ലാന്റേഷൻ ഭൂമിക്ക് സീലിംഗ് ഇല്ലാതാക്കിയത് എന്തു ഉദ്ദേശത്തിലാണ്? ആ പർപ്പസ് ഇവിടെ ഇല്ലാതായി. പ്ലാന്റേഷൻ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ടുകൊണ്ട്, ഒരു ട്രാൻസാക്ഷന് 10 ശതമാനമാണ് സ്റ്റാമ്പ് ഡ്യൂട്ടി. എത്ര കോടി രൂപയുടെ ട്രാൻസാക്ഷൻ നടത്തിയാലും 1000 രൂപ കൊടുത്ത് രജിസ്ട്രേഷൻ നടത്താമെന്നു വന്നതോടുകൂടി കേരളത്തിന്റെ ഖജനാവിന് 3 വർഷം കൊണ്ട്- ആദ്യം 242 കോടി രൂപ , പിന്നീട് 913 കോടി രൂപ, 1613 കോടി രൂപ എന്നിങ്ങനെ ഏതാണ്ട് 4000 കോടി രൂപയുടെ നികുതിയാണ് രജിസ്ട്രേഷൻ വകുപ്പ് വഴി നമുക്ക് നഷ്ടപ്പെട്ടത്. ഏത് രൂപത്തിലുള്ള കൊള്ളയാണ് ഈ ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ നടന്നത്; ഖജനാവ് എങ്ങനെയാണ് കാലിയായത്; ടാക്സ് തട്ടിപ്പ് നടത്തിയത്; റവന്യൂ വരുമാനം കുറഞ്ഞത് ഇതൊക്കെ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെട്ടതല്ലേ.

വ്യവസായമേഖലയിൽ പൊതുമേഖല പരിപൂർണ്ണമായും അപകടത്തിലേയ്ക്ക്

കടക്കാൻ പോകുകയാണ്. എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് മലബാർ സിമെന്റ്സ് 246 കോടി രൂപയുടെ ലാഭമാണുണ്ടാക്കിയത്. ഇപ്പോൾ അത് നാമമാത്രത്തിലെത്തി. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചുവെങ്കിലും അതിന് അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല, ഇപ്പോൾ അത് വിവാദമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ 2005-06-ൽ വേറൊരു അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ പ്രശ്നം കൊണ്ടുവന്നതാണ്. മറ്റൊരു കാര്യം, 60000 ടൺ ക്ലിംഗറാണ് ഇപ്പോൾ ഇറക്കുമതി ചെയ്തത്. ഇവിടെ ഒരു ടൺ 3300-ന് കിട്ടും, അതാണ് 5200 കൊടുത്ത് ദുബായിൽ നിന്നും ഇറക്കുമതി ചെയ്തത്. ഇതുവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കേരളത്തിന്റെ ഖജനാവിനും പൊതുമേഖലയ്ക്കുമുണ്ടായത്. അത്തരത്തിൽ ഇറക്കുമതി ചെയ്ത ക്ലിംഗർ പല സ്ഥലത്തുമാണുള്ളത്. ഇപ്പോഴത് സിമെന്റായി ഉപയോഗിക്കാൻ സാധിക്കില്ല. അതിനെ സംബന്ധിക്കുന്ന മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അപ്പോൾ ഏത് രൂപത്തിലാണ് ഈ പൊതുമേഖലാ സ്ഥാപനങ്ങൾ തകരുന്നുവെന്നുള്ളതിന്റെ സൂചനയാണിത്.

കേരളത്തിന്റെ പശ്ചാത്തലമേഖലയിൽ വളരെ പ്രധാനപ്പെട്ടതാണ് വൈദ്യുതി. എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് ഒരു പ്രതിസന്ധിയുമുണ്ടായിരുന്നില്ല. എന്നാൽ

ഇന്ന് 7000 കോടി രൂപ കടത്തിലാണ്. പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടലിന്റെ വക്കിലാണ്. മത്സ്യത്തൊഴിലാളികളുടെ സ്ഥിതി ഗുരുതരമാണ്. താങ്ങാൻ പറ്റാത്ത രൂപത്തിലുള്ള വിലക്കയറ്റമാണ്. ജീവൻരക്ഷാ മരുന്നിന്റെ വിലയും താങ്ങാൻ കഴിയില്ല. സബ്സിഡി വെട്ടിക്കുറച്ചു. ആരോഗ്യമേഖല പരിപൂർണ്ണമായും തകർന്നുകൊണ്ടിരിക്കുകയാണ്. മരുന്ന് വാങ്ങിയ ഇനത്തിൽ 450 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇപ്പോൾ കുടിശ്ശികയാണ്.

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് ഒരു ബില്ല് ഇവിടെ വരുന്നുണ്ട്. യൂണിവേഴ്സിറ്റികളിൽ എന്താണ് നടക്കുന്നത്? പ്രൊ-വി.സി.-യും വി.സി.-യും തല്ല് മേടിക്കാത്ത ഏതെങ്കിലും യൂണിവേഴ്സിറ്റി കേരളത്തിലുണ്ടോ? സിൻഡിക്കേറ്റ് മെമ്പർ വി.സി.-യെ തല്ലും, വി.സി. സിൻഡിക്കേറ്റ് മെമ്പറിനെ തല്ലും. എവിടെയെങ്കിലും നമ്മൾ കേട്ടിട്ടുണ്ടോ? കോൺഗ്രസ് അനുഭാവമുള്ള കേരള യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് അംഗത്തിന്റെ കോളറിൽ പിടിച്ചത് മഹിളാ കോൺഗ്രസിന്റെ ഭർത്താവാണ്. വിദ്യാഭ്യാസ കമ്പോളവത്ക്കരണവും അതുപോലെ വരേണ്യവത്ക്കരണവും വർഗ്ഗീയവൽക്കരണവുമാണ് ഇവിടെ നടക്കുന്നത്.

കൃത്യസമയത്ത് പുസ്തകം കൊടുക്കുന്നില്ല. ഉച്ചഭക്ഷണത്തിനുള്ള 5 രൂപ എന്നത് 7 രൂപയാക്കുമെന്നാണ് പറഞ്ഞത്. 7 രൂപയ്ക്ക് എന്ത് കിട്ടാനാണ്. കുട്ടികൾക്ക് പാൽ ലഭിക്കുന്നില്ല. വെള്ളത്തിൽ പാൽ ചേർക്കും. ശേഷിക്കുന്ന പാൽ ഉറയൊഴിച്ച് മോരാക്കി, മോരുകറിയെന്നു പറയും. അതിൽ രണ്ടുകഷണം കുമ്പളങ്ങയിട്ട് സാമ്പാറാണെന്നു പറയും. ചൂടവെള്ളത്തിൽ ഒരു തക്കാളിയിട്ട് രസമാണെന്ന് പറയും. ഇതാണോ സുഭിക്ഷമായ ഭക്ഷണം. ക്ഷേമപ്രവർത്തനങ്ങളും പെൻഷനുകളും ഇവിടെ ഇല്ലാതാക്കിയില്ലേ?

തൊഴിൽ വകുപ്പിന്റെ കീഴിൽ 9 ക്ഷേമപദ്ധതികളാണുള്ളത്. ഏകദേശം 182.87 കോടി രൂപയുടെ കുടിശ്ശികയാണ് ഈ പാവങ്ങൾക്ക് കൊടുക്കാൻ ബാക്കിയുള്ളത്. ബീഡിത്തൊഴിലാളി, കർഷകത്തൊഴിലാളി, കശുവണ്ടിത്തൊഴിലാളി, ഈറ്റത്തൊഴിലാളി, ബാർബർ, അലക്കുതൊഴിലാളി, ചുമട്ടുതൊഴിലാളി ഇവർക്കെല്ലാം കുടിശ്ശികയാണ്. ഓണം വരാൻ പോകുകയാണ്. ഇതിൽ കർഷകത്തൊഴിലാളിക്ക് മാത്രം 154.28 കോടി രൂപ കുടിശ്ശികയാണുള്ളത്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വാർദ്ധക്യകാല പെൻഷൻ, വികലാംഗർക്കുള്ള പെൻഷൻ, വിധവ പെൻഷൻ ഇതെല്ലാം കുടിശ്ശികയാണ്. ഇ.എം.എസ്. ഭവന പദ്ധതിയും ഐ.എ.വൈ. പദ്ധതിയും അട്ടിമറിച്ചു. 64000 വീടുകൾക്ക് പണം

കൊടുക്കാൻ ബാക്കിയാണ്. ഐ.എ.വൈ. പദ്ധതിയിൽപ്പെട്ട 6400 ഓളം പട്ടികജാതിക്കാരുണ്ട്. എല്ലാ വീടുകളുടെയും മേൽക്കൂര പൊട്ടിയൊലിക്കുകയാണ്. അവിടെ പോയി കണ്ടാലേ മനസ്സിലാകൂ. അധികാര വികേന്ദ്രീകരണം - പ്ലാൻ ഫണ്ടിലെ ഗ്രാന്റ് ഇൻ എയ്ഡിൽ നമ്മൾ കൊടുക്കുന്ന 50 ശതമാനവും ചെലവഴിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മൂന്നു കഷണങ്ങളാക്കി, ഒരു ഏകോപനവുമില്ല. ഇത് വാർഡ് വിഭജനത്തിലും പ്രതിഫലിച്ചു. മുസ്ലീംലീഗിന്റെ മേധാവിത്വം ഉറപ്പിക്കുക എന്നതിനപ്പുറം ഇതിൽ ഒന്നുമില്ല. പാലക്കാട് ജില്ലയിലെ 3 ലക്ഷം ജനസംഖ്യയുള്ള ആലത്തൂർ ബ്ലോക്ക് 11 പഞ്ചായത്തുകൾ ചേർന്നതാണ്. തൊട്ടടുത്ത് 1.25 ലക്ഷം ജനസംഖ്യയുള്ള നെന്മാറ ബ്ലോക്ക് പഞ്ചായത്ത് 5 പഞ്ചായത്തുകൾ കൂടി ചേർന്നതാണ്. കേരളത്തിൽ നടന്നതാണിത്.

പി.എസ്.സി. നിയമനം, രണ്ടു വകുപ്പിന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ. എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ 56106 പേരുണ്ട്. നിയമനം ലഭിച്ചത് 9732 പേർക്ക്. റാങ്ക് ലിസ്റ്റിൽപ്പെട്ട 17 ശതമാനത്തിനാണ് അഡ്വൈസ് മെമ്മോ കിട്ടി നിയമനം ലഭിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. റാങ്ക് ലിസ്റ്റിൽ 9000 പേർ. നിയമനം ലഭിച്ചത് 1500 പേർക്ക്. ഈ രണ്ടു വകുപ്പുകളിൽ മാത്രം 5400 എസ്.സി./എസ്.ടി വിഭാഗക്കാർക്കാണ് നിയമനം നിഷേധിച്ചത്. അഡ്വൈസ് മെമ്മോ ലഭിച്ച്

രണ്ടുവർഷം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്ത മലപ്പുറം ജില്ലയിലെ 49 എസ്.സി./എസ്.ടി.-ക്കാർ എൽ.പി. സ്കൂൾ അസിസ്റ്റന്റുകാർ എന്നെ വന്നു കണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ ഞാൻ ഇത് പറഞ്ഞതാണ്. പട്ടികജാതി വകുപ്പിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ 16 ഉദ്യോഗാർത്ഥികൾക്ക് അഡൈ്വസ് മെമ്മോ ലഭിച്ചുവെങ്കിലും, രണ്ടുവർഷമായിട്ടും നിയമനം ലഭിച്ചിട്ടില്ല. സിവിൽ സർവ്വീസിൽ 30000 തസ്തികകൾക്ക് തുടർഅനുമതിയില്ല, അതായത് 30000 തസ്തികകൾ വെട്ടിച്ചുരുക്കിയെന്നുള്ളതാണ്. റവന്യൂ, ജലസേചനം, ട്രഷറി വകുപ്പുകളിലൊന്നും തന്നെ ഇനി പുതിയ നിയമനമില്ല. ഭരണ നവീകരണത്തിന്റെ ഭാഗമായി എ.ഡി.ബി.-യിൽ നിന്നും 1500 കോടി രൂപയാണ് കടമെടുത്തത്. ഒരു കണക്കും എവിടെയുമില്ല. എസ്റ്റിമേറ്റ്സ് കമ്മിറ്റിയിൽ ചീഫ് സെക്രട്ടറിയെ വിളിപ്പിച്ചുവെങ്കിലും അദ്ദേഹവും നിസ്സഹായതയാണ് പ്രകടിപ്പിച്ചത്. പൊതുഭരണ വകുപ്പിന്റെയും ഐ.ടി. വകുപ്പിന്റെയും കൈയിൽ ഇതു സംബന്ധിച്ച് ഒരു കണക്കുമില്ല.

പി.എസ്.സി. നോക്കുകുത്തിയാകുകയാണ്. പുറംവാതിൽ നിയമനമാണ് നടക്കുന്നത്, നിയമവിരുദ്ധമായാണ് എല്ലാ നിയമങ്ങളും നടക്കുന്നത്. നോർക്ക, സി-ഡിറ്റ്, ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.റ്റി., സി-മാറ്റ്, ശാസ്ത്ര സാങ്കേതിക

കൗൺസിൽ ഇവിടെയൊന്നും പി.എസ്.സി. നിയമനമില്ല. താൽക്കാലികമായി ആളുകളെ നിയമിച്ച് സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നത്. ഞങ്ങളുടെ കാലഘട്ടത്തിൽ എസ്.സി./എസ്.ടി. വകുപ്പിൽ 99 ശതമാനം തുക ചെലവഴിച്ച സ്ഥാനത്ത് ഇപ്പോൾ 70 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിൽ 20 ശതമാനവും ഡെപ്പോസിറ്റ് വർക്കാണ്. പട്ടികജാതി വകുപ്പിൽ 1240 കോടി രൂപയിൽ 902 കോടി രൂപയും എസ്.ടി. വകുപ്പിൽ 521 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് 418 കോടി രൂപയുമാണ് ചെലവഴിച്ചത്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ഈ ഒരു സ്ഥിതിവിശേഷം ഇവിടെയുണ്ടായിട്ടില്ല. കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് പോലും ചെലവഴിക്കാൻ കഴിയുന്നില്ല. ക്രൂരമായ പീഡനം. ശ്രീ. സി. കെ. സദാശിവന്റെ 08.06.2015-ലെ 236-ാം നമ്പർ ചോദ്യത്തിന്, ആക്രമിക്കപ്പെട്ട എസ്.സി./എസ്.ടി. വിഭാഗക്കാർ 3555, കൊലചെയ്യപ്പെട്ടത് 59, ആത്മഹത്യ ചെയ്തത് 2257, കസ്റ്റഡി മരണം 7 എന്നാണ് നൽകിയ മറുപടി. അവസാനം കോട്ടയം ജില്ലയിലെ സിബി കൊലചെയ്യപ്പെട്ടത് ഈ സഭ ചർച്ച ചെയ്തതാണ്. യഥാർത്ഥത്തിൽ നമ്മുടെയെല്ലാം മനസ് മരവിച്ചുപോയ സംഭവമാണ്. ചിറ്റൂരിൽ മണിമലയെന്ന് പറയുന്ന 13 വയസ്സുള്ള ആദിവാസി പെൺകുട്ടിയെയാണ് ഒരു പ്രമാണി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയത്. ഈ ഗവൺമെന്റ് വന്ന് ഒരു

കൊല്ലം കഴിയുന്നതിനുമുമ്പാണ്. ശ്രീ. വി. ചെന്താമരാക്ഷന്റെ, ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട 09.06.2014-ലെ 212-ാം നമ്പർ ചോദ്യത്തിന്, ഡി.ഐ.ജി. മുതൽ കോൺസ്റ്റബിൾ വരെയുള്ള 3044 ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുകയും 600 പേരെ പിരിച്ചുവിടുകയും 1205 പേർ സസ്പെൻഷനിലാവുകയും 316 പേരെ സ്ഥലം മാറ്റുകയും ചെയ്തുവെന്ന ഉത്തരമാണ് നൽകിയത്. കേരള പോലീസിലെ 8 ശതമാനം പേരും ക്രിമിനലുകളാണ്. വിശ്വസിക്കാൻ പറ്റുമോ? കേരള പോലീസിൽ 100 പേരെടുത്താൽ 8 പേർ കേസിൽപ്പെട്ടതാണ്. പട്ടികജാതിക്കാർക്കുള്ള സംവരണം പോലെയാണ്, പോലീസ് സേനയിൽ ഇപ്പോൾ ക്രിമിനലുകൾക്കുള്ളത്. പോലീസ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായ അജിത്താണ് എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ കഴുത്തിന് പിടിച്ച് ഞെരിച്ചത്. സിബിയെന്ന് പറയുന്ന എസ്.സി. യുവാവിനെ തലയ്ക്കടിച്ചുകൊന്ന പോലീസുകാരൻ, പോലീസ് അസോസിയേഷന്റെ ജില്ലാ പ്രസിഡന്റാണ്. ബഡ്ജറ്റിൽ പതിനായിരം കോടി രൂപയാണ് അധിക നികുതി, എന്നിട്ടും ഖജനാവ് കാലിയാണ്. ഇതിനെല്ലാം പുറമെയാണ് പുറംവാതിലിലൂടെ ബഡ്ജറ്റ് വിൽപ്പന നടത്തി സ്റ്റേറ്റ് ഗവൺമെന്റിന് കിട്ടേണ്ട കോടിക്കണക്കിന് രൂപ ഇല്ലാതാക്കിയത്. ഇതിനെല്ലാം എതിരെ പ്രതിപക്ഷം നിയമസഭയ്ക്കകത്തും പുറത്തും ശക്തമായ പ്രതിഷേധം പല രൂപത്തിലും

നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഞങ്ങളുടെ ജനകീയ അടിത്തറ വർദ്ധിക്കുകയല്ലാതെ കുറഞ്ഞിട്ടൊന്നുമില്ല. ഉയർന്ന നേതാക്കളെ അടക്കം ജയിലിലടച്ച് നാടുകടത്തി. നാടുകടത്തുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്, കണ്ണൂർകാരനെ എറണാകുളത്തേയ്ക്ക് മാറ്റുന്നു. ഉന്നത നേതാക്കന്മാരടക്കം ഒരു കേസുമായി ബന്ധമില്ലാത്ത നേതാക്കൾക്കെതിരെ കേസ്സെടുക്കുകയാണ് ചെയ്തത്. കേസ്സെടുക്കുന്നത് മാത്രമല്ല അതിനനുസരിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെയും മാറ്റുന്നു. പോലീസും പ്രോസിക്യൂഷനും ചേർന്നുകൊണ്ടുള്ള സംവിധാനമാണ് പ്രതിപക്ഷ നേതാക്കളെ ക്രിമിനൽ പുള്ളികളാക്കി വിചാരണയില്ലാതെ ജയിലിലിടുന്നത്. അടിയന്തരാവസ്ഥ കാലഘട്ടത്തിൽ പോലും കാണാത്ത പോലീസ് ഭീകരതയാണ്, ലോക്കപ്പ് മർദ്ദനമാണ് കാണുന്നത്. കയ്യും കാലും തലച്ചോറുമെല്ലാം തച്ചുപൊട്ടിക്കുകയാണ്. പെൺകുട്ടികളെപോലും വെറുതെ വിട്ടിട്ടില്ല. എം.എൽ.എ.-മാരെ പ്രത്യേകിച്ച് വനിതാ എം.എൽ.എ.-മാരോട് കാണിച്ചിട്ടുള്ള സമീപനം ഞാൻ ഇവിടെ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. ഇതിന്റെ ഇടയിൽ വന്ന കോടതി പരാമർശങ്ങളെ സംബന്ധിച്ച് ഞാൻ കൂടുതലായി പറയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 55 പ്രാവശ്യമാണ് കോടതിയുടെ strictures വന്നിട്ടുള്ളത്. വിജിലൻസ് കോടതി, ഹൈക്കോടതി,

സുപ്രീംകോടതിയിൽ നിന്നു വരെ വന്നു. ഇത് എന്ത് ജനാധിപത്യം, ഇവിടെ ഒരു ഗവൺമെന്റുണ്ടോ? സലീം രാജാണോ ഭരിക്കുന്നതെന്ന് ഹാറൂൺ അൽ റഷീദ് ആണ് ചോദിച്ചത്. അവസാനം എ.ജി. ഓഫീസ് അടച്ചുപൂട്ടണമെന്ന് പറഞ്ഞത്, ജസ്റ്റിസ് അലക്സാണ്ടർ തോമസാണ്. എന്തുകൊണ്ട് നീതിപീഠത്തിൽ നിന്ന് ഈ രൂപത്തിലുള്ള പരാമർശം വന്നു. ഒരു നിമിഷമെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും ഇതിനെപ്പറ്റി ആലോചിക്കണ്ടേ? ഇതൊന്നും ഞങ്ങൾ പറയുന്നതല്ലല്ലോ. ഒരു മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും ഭാഗത്തുനിന്നും വരാൻ പാടില്ലാത്ത പരാമർശം വന്നില്ലേ? ഇവിടെ ഒരു കൂട്ടുത്തരവാദിത്വമുണ്ടോ; കഴിഞ്ഞ നാലുവർഷം വിവാദങ്ങളല്ലാതെ ഭരിക്കാൻ ഇവർക്ക് സമയം കിട്ടിയിട്ടുണ്ടോ? അഞ്ചാം മന്ത്രി സ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീ. ആര്യാടൻ മുഹമ്മദ് മുതൽ ശ്രീ. വി. ഡി. സതീശൻ വരെ നടത്തിയ പരാമർശങ്ങൾ ഉൾപ്പെടെ വിവിധ പത്രങ്ങളിൽ വന്നിട്ടുള്ള 1500 പരാമർശങ്ങളാണ് എന്റെ കയ്യിലുള്ളത്. വിശദമായി അതിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ അഞ്ചാം മന്ത്രി സ്ഥാനം മുസ്ലീംലീഗിന് നൽകിയാൽ ഖദറിട്ട കോൺഗ്രസ്സിന്റെ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കും ശ്രീ. ഉമ്മൻ ചാണ്ടിയെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു. എന്റെ വീട്ടിൽ കല്ലെറിഞ്ഞവരുടെ സത്യപ്രതിജ്ഞയ്ക്ക് ഞാൻ ഇല്ലായെന്നും പറഞ്ഞു.

അവിടെ നിന്ന് ഇങ്ങോട്ട് വന്നാൽ, എന്തൊക്കെയാണ് ഇവർ പറഞ്ഞത്. ഒരു ഘട്ടത്തിൽ അപമാനഭാരത്തോടെ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്, എനിക്ക് എന്റെ വഴി, ശ്രീ. ഉമ്മൻ ചാണ്ടിക്ക് അദ്ദേഹത്തിന്റെ വഴിയെന്നാണ്. ചേരിപോരും തെരുവുകലാപവുമായിരുന്നില്ലേ ഇവിടെയുണ്ടായിരുന്നത്. അഴിമതിയിൽ മുങ്ങിക്കുളിച്ച ഈ ഗവൺമെന്റിനെ പറ്റി ശ്രീ. എ. കെ. ആന്റണിയുടെ പരാമർശം കെട്ടടങ്ങുന്നതിന് മുമ്പ് ശ്രീ. വി. ഡി. സതീശൻ എന്താണ് പറഞ്ഞത്, ഈ ഗോളത്തിൽ ജനിച്ചവരാരും ഈ ഗവൺമെന്റ് അഴിമതിയില്ലാത്തവരാണെന്ന് പറയില്ലായെന്നാണ്. ശ്രീ. കെ. സി. ജോസഫ് പിന്നീട് ശ്രീ. വി. ഡി. സതീശനെ പരിഹസിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് പറഞ്ഞത്, ശ്രീ. വി. ഡി.സതീശൻ മന്ത്രി മോഹിയാണെന്നാണ്. ഇതൊക്കെ പറഞ്ഞെങ്കിലും ഇവിടെ ഒരു ഗവൺമെന്റുണ്ടെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അതുകൊണ്ട് കോടതിയും പറഞ്ഞില്ല. ഇതിന്റെ പ്രതിഫലനമാണ് എ.ജി.-ക്ക് എതിരായി ഹൈക്കോടതിയിൽ നിന്ന് വന്ന പരാമർശം. ഇതൊരു നാറിയ ഗവൺമെന്റാണ്. ഇതുപോലെ ഭരണഘടനാ വിരുദ്ധമായ, കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഗവൺമെന്റ് ഈ കേരളത്തിന്റെ മാത്രമല്ല ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ കണ്ടിട്ടില്ല. ഇവർക്ക് ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള ധാർമ്മികമായ, രാഷ്ട്രീയമായ,

ഭരണഘടനാപരമായ ഒരു അധികാരവുമില്ല. കേരളത്തിലെ ജനങ്ങളിൽ നിന്ന് ഈ ഗവൺമെന്റ് പരിപൂർണ്ണമായും ഒറ്റപ്പെട്ടിരിക്കുന്നു. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ രണ്ട് മിനിട്ട് കൂടുതലായി. രണ്ട് ബിൽ എടുക്കാനുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ നിർത്താം. ബഡ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മന്ത്രിമാരുടെ പ്രസംഗത്തിൽ ഞങ്ങൾ സഹകരിക്കില്ല. ഇത് ജനദ്രോഹപരമായ ബഡ്ജറ്റാണ്. ആ ബഡ്ജറ്റുകൊണ്ട് കേരളത്തിലെ ജനതയ്ക്ക് ഒരു ഗുണവും കിട്ടില്ലെന്ന് മാത്രമല്ല വലിയ അഴിമതി നിറഞ്ഞ ഗവൺമെന്റാണിത്. ഒരു നിമിഷം പോലും ഈ ഗവൺമെന്റിന് തുടരാൻ അനുമതിയില്ല. സപ്ലിമെന്ററി ഡിമാന്റുമായി ബന്ധപ്പെട്ട ചർച്ചയ്ക്കുള്ള മറുപടി കേൾക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

(ഉപധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് സംസാരിച്ചപ്പോൾ പോർട്ട്സ് ഡിപ്പാർട്ടുമെന്റിന് കിട്ടിയ പണം ചെലവാക്കാൻ പറ്റിയില്ലായെന്ന് പറഞ്ഞു. അതിന്

പ്രധാനപ്പെട്ട കാരണം, പോർട്ട്സ് ഡിപ്പാർട്ടുമെന്റിന് കിട്ടിയ പണം ഉപയോഗിച്ച് ക്രെയിൻ, പാസഞ്ചർ ടെർമിനൽ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനവും എക്യുപ്മെന്റ്സിന്റെ ടെണ്ടറുമായിരുന്നു. പല ടെണ്ടറുകൾ വിളിച്ചുവെങ്കിലും ആദ്യ ടെണ്ടറിൽ ആരും ക്വാട്ട് ചെയ്യാത്തതുകൊണ്ടും എക്യുപ്മെന്റ്സ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാനുള്ള കാലതാമസവുമുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം പൂർത്തിയായി വരികയാണ്. മുൻകാലങ്ങളിലെല്ലാം കിട്ടിയ പണം വളരെ കൃത്യമായി ചെലവാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംഭവിച്ചത് വിഴിഞ്ഞം തുറമുഖത്തിലെ ക്രെയിന്റെ ടെണ്ടർ നടപടികൾ നടക്കുകയാണ്, അതിനുവേണ്ടിയാണ് 15 കോടി രൂപ. ബേപ്പൂർ-അഴീക്കൽ  തുറമുഖത്ത് ക്രെയിൻ വാങ്ങാനുള്ള നടപടികൾക്കാണ് 16.9 കോടി രൂപ.  കൊല്ലം തുറമുഖത്ത് പാസഞ്ചർ ബർത്തിന് 20 കോടി രൂപയാണ്. ടെണ്ടർ വിളിച്ചപ്പോൾ ആരും റെസ്പോണ്ട് ചെയ്തില്ല. ഇപ്പോൾ 20 കോടി രൂപയുടെ ബർത്ത് ടെണ്ടർ ചെയ്തുകഴിഞ്ഞു, 14-ാം  തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവ്വഹിക്കുകയാണ്. അതുപോലുള്ള നടപടികൾ പൂർത്തിയാക്കാനുള്ള കാലതാമസമാണുണ്ടായത്. അതല്ലാതെ ഫണ്ട് കിട്ടിയത് ചെലവാക്കാതെ വീഴ്ചവരുത്തിയതല്ല. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ഒരുപാട് അഴിമതി നടന്നുവെന്ന ആക്ഷേപം ഇപ്പോഴും ഉന്നയിച്ചുകൊണ്ടിരിക്കുന്നത്

അങ്ങേയറ്റം നിർഭാഗ്യകരമാണ്. ആദ്യം വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ കഴിഞ്ഞപ്പോൾ ആറായിരം കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് ബഹുമാന്യനായ പിണറായി വിജയൻ ആരോപണം ഉന്നയിച്ചത്. പുറത്ത് അഴിമതി ആരോപണം ഉന്നയിച്ചുവെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഓൾ പാർട്ടി മീറ്റിംഗ് കൂടിയപ്പോൾ ഒരാളും ഇത്തരമൊരു ആരോപണം ഉന്നയിച്ചിരുന്നില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികളെക്കുറിച്ച് ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. മാധ്യമങ്ങളിൽ വന്ന അഭിപ്രായങ്ങൾക്ക് മറുപടി പറഞ്ഞിട്ടുണ്ട്. വളരെ സുതാര്യമായിട്ടാണ് ആഗോള ടെണ്ടറിലൂടെ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടത്തിയത്. അതിന് ടെണ്ടർ നടപടികളിൽ സി.വി.സി.-യുടെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ടെണ്ടർ ഫൈനലൈസ് ചെയ്തത്. ഇവിടത്തെ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റും ലാ ഡിപ്പാർട്ടുമെന്റുമെല്ലാം ഇത് പരിശോധിച്ചു. സി.വി.സി. ഗൈഡ് ലൈനും സുപ്രീം കോടതി വിധിയും പാലിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞു. അതിനുശേഷം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റി ഇത് പരിശോധിച്ച് ശിപാർശ ചെയ്തു. അതുപോലെ തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബോർഡ് യോഗം ശിപാർശ ചെയ്തു. അതിനുശേഷമാണ് ക്യാബിനറ്റ് പരിഗണിച്ച് ടെണ്ടർ

അംഗീകരിച്ചിട്ടുള്ളതും ലെറ്റർ ഓഫ് അവാർഡ് കൊടുത്തിട്ടുള്ളതും. ഓൾ പാർട്ടി യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് മറ്റൊരു ടെണ്ടറിലുമില്ലാത്ത വിധത്തിൽ ഈ ടെണ്ടർ സംബന്ധിച്ച മുഴുവൻ രേഖകളും വെബ്സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. പിന്നെ മലയാളം വാരികയിൽ വന്നിട്ടുള്ള ലേഖനത്തെക്കുറിച്ചാണ് പറയാനുള്ളത്. യഥാർത്ഥത്തിൽ മലയാളം വാരികയിൽ വന്ന ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതാണ്. അതിന് മുഴുവൻ മറുപടിയും പറയാനുള്ള അവസരമില്ലാത്തതുകൊണ്ട് അവരിലൂടെ തന്നെ ലേഖനത്തിലൂടെ ഉത്തരം ഞാൻ നിർദ്ദേശിക്കുന്നുണ്ട്. ഇത് യഥാർത്ഥത്തിൽ കേരള താൽപ്പര്യത്തിന് വേണ്ടിയുള്ളതല്ല. ഏതോ അന്താരാഷ്ട്ര ലോബിയുടെ താൽപ്പര്യമാണ് ഈ ലേഖനത്തിന്റെ പിന്നിലുള്ളതെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ശ്രീ. മാത്യൂ ടി. തോമസ്, സർക്കാരിന് ഒരു ശതമാനം പോലും വരുമാനം കിട്ടില്ലായെന്ന് പറഞ്ഞു. അത് തെറ്റാണ്. ഒരു ശതമാനം മുതൽ 40 ശതമാനം വരെ 40 കൊല്ലം കൊണ്ട് വരുമാന വിഹിതം കിട്ടത്തക്ക വിധത്തിലാണ് കരാറിൽ ഒപ്പിട്ടിരിക്കുന്നത്. വളരെ സുതാര്യമായിട്ടാണ് നടക്കുന്നത്. അപ്പുറത്തുനിന്ന് പറഞ്ഞത് അടിസ്ഥാനരഹിതമായിട്ടുള്ള കാര്യങ്ങളാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.</u>

പി. മോഹനൻ): സർ, 251 കോടി രൂപ പാഴാക്കിയെന്ന് ബഹുമാനപ്പെട്ട അംഗം എ. കെ. ബാലൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയൊരു തുക പാഴാക്കിയിട്ടില്ലെന്നുമാത്രമല്ല അത് തികച്ചും അടിസ്ഥാനരഹിതമാണ്. കൃഷിവകുപ്പിന്റെ പദ്ധതിയേതര ഇനത്തിൽ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി വകയിരുത്തിയ തുക, ജീവനക്കാരുടെ ഒഴിവുകൾ വന്നതുകൊണ്ട് കൊടുക്കാതെവന്ന സാഹചര്യത്തിൽ ബാക്കി തുക തിരിച്ചടച്ചതാണ്. സംസ്ഥാനത്ത് പദ്ധതി തുക ചെലവഴിക്കുന്നതിൽ രണ്ടാമത്തെ വകുപ്പായി കൃഷിവകുപ്പിന് അവാർഡുകൾ ലഭിച്ചിരിക്കുകയാണ്. ഒന്നാമത്തേത് പൊതുമരാമത്ത് വകുപ്പും രണ്ടാമത്തേത് കൃഷിവകുപ്പുമാണ്. മുഴുവൻ സംഖ്യയും ചെലവഴിച്ചതിന് അവാർഡ് ലഭിച്ചത് കൃഷിവകുപ്പിനാണ്. അങ്ങനെ കൃത്യമായി തുക ചെലവഴിക്കുകയും ജീവനക്കാരുടെ ഒഴിവുകൾ വന്നതുമൂലം ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയുടെ തുക ബാക്കി വന്നത് തിരിച്ചടച്ചത് നോൺ പ്ലാൻ ഇനത്തിൽപ്പെട്ടതാണ്. ആ നോൺ പ്ലാൻ ഇനത്തിൽപ്പെട്ടത് തിരിച്ചടച്ചുവെന്ന് പത്രത്തിൽ വന്ന വാർത്തയെ വീണ്ടും വ്യാഖാനിച്ചുകൊണ്ട് ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചത് തികച്ചും അടിസ്ഥാനരഹിതമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടത്തെ പ്രതിപക്ഷം പാർലമെന്ററി മര്യാദ കാണിക്കുന്നില്ലെന്നുള്ളത് നിർഭാഗ്യകരമാണ്. ഘോരഘോരം ഗവൺമെന്റിനെ വിമർശിക്കുക, ഗവൺമെന്റിന്റെ മറുപടി കേൾക്കാൻ ക്ഷമ കാണിക്കാതെ പോകുക, ഇത് വലിയ മര്യാദകെട്ട ഒരു രീതിയാണ്. ഇതിനെ സഭതന്നെ അപലപിക്കേണ്ടതാണ്. അവരുടെ അസാന്നിദ്ധ്യത്തിലായാലും പറയാനുള്ള ചില കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടക്കുന്നില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് പറയുകയുണ്ടായി. അത് അടിസ്ഥാന രഹിതമാണ്. 2011-2012 മുതൽ 2014-2015 വരെയുള്ള കാലയളവിൽ 1046 പദ്ധതികൾ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചു. അവതരിപ്പിക്കുന്ന മുഴുവൻ പരിപാടികളും നടന്നിട്ടുള്ള ഒരു കാലഘട്ടവുമില്ല. കുറെ പരിപാടികൾ ചിലപ്പോൾ നടന്നില്ലെന്നുവരാം. ബഡ്ജറ്റിലൂടെ 1046 പദ്ധതികൾ അവതരിപ്പിച്ചതിൽ 583 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 347 പദ്ധതികൾ നടപ്പിലാക്കി. 236 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. 344 പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്. അത് വിവിധ ഘട്ടങ്ങളിലാണെന്നുള്ളതുകൊണ്ട് ഒന്നും

നടക്കുന്നില്ല, നടന്നില്ല എന്നുള്ള blanket ആയിട്ടുള്ള, സ്ലീപ്പിംഗായിട്ടുള്ള തരത്തിലുള്ള വിമർശനം വാസ്തവത്തിൽ അതിരുകടന്നതാണെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

ട്രാൻസ്ഫറുകളെപ്പറ്റി അദ്ദേഹം ഇവിടെ വിമർശിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ ഉദ്യോഗസ്ഥർ കഴിഞ്ഞ വർഷം റിട്ടയർ ചെയ്തു. ആവശ്യമായ ട്രാൻസ്ഫർ മാത്രമേ നടത്തിയിട്ടുള്ളൂ. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ടാക്സ് ഡിപ്പാർട്ടുമെന്റിലെ പ്യൂൺ വരെയുള്ളവരെ എങ്ങനെയാണ് സ്ഥലം മാറ്റിയതെന്ന് ഡോ. ടി. എം. തോമസ് ഐസക് ഒരു ആത്മപരിശോധന നടത്തിയാൽ കൊള്ളാം. അവനവന്റെ കണ്ണിൽ തടി കിടക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരട് കാണുന്നതുപോലെയാണ് പ്രതിപക്ഷം ഇതിനെ വീക്ഷിക്കുന്നത്. അതുകൊണ്ട് ഇതിനെപ്പറ്റി എനിക്കൊന്നും പറയാനില്ല. ഡോ. ടി. എം. തോമസ് ഐസക് കോഴിയുടെ ടാക്സ് കുറഞ്ഞതിനെപ്പറ്റി പറയുകയുണ്ടായി. അത് ശരിയാണ്. കോഴിയുടെ ടാക്സ് കുറഞ്ഞിട്ടുണ്ട്. കാരണം, കഴിഞ്ഞ വർഷം നമ്മുടെ നാട്ടിൽ പക്ഷിപ്പനി പടർന്ന് പിടിച്ചതുമൂലം എല്ലാ പക്ഷികളെയും കൊല്ലുകയും ഉടമസ്ഥർക്ക് പക്ഷി ഒന്നിന് 250 രൂപ വച്ച് കോമ്പൻസേഷൻ കൊടുക്കുകയും ചെയ്ത കാര്യം നമ്മൾ വിസ്മരിക്കരുത്. ഇതാണ് അതിന്റെ പശ്ചാത്തലം. ഇവിടെ നികുതി

വരുമാനം അല്പം കുറഞ്ഞതിന് കാരണങ്ങളുണ്ട്. 2014-15 വർഷം നികുതി പിരിവിൽ കുറവുണ്ടായിട്ടില്ല. ടാർജറ്റിലാണ് കുറവുണ്ടായത്. എന്നാൽ പ്രതീക്ഷിച്ച വർദ്ധനവും ഉണ്ടായില്ല. 2014-15 സാമ്പത്തിക വർഷം വാണിജ്യ നികുതി പിരിവിൽ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് 15 ശതമാനം വർദ്ധനവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 10 ശതമാനം വർദ്ധനവുമാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ. പ്രതീക്ഷിച്ച ടാർജറ്റിലാണ് കുറവ് വന്നിരിക്കുന്നത്. അല്ലാതെ നികുതി പുറകോട്ട് പോയിട്ടില്ല. റബ്ബറിന്റെ വില 240 രൂപയിൽ നിന്നും 120 രൂപയായി കിലോ ഗ്രാമിന് കുറഞ്ഞു. റബ്ബറിന്റെ വിലയിൽ വന്ന കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിച്ചു. ഇത് നികുതി വരുമാനത്തെയും ബാധിച്ചിട്ടുണ്ട്. കണക്കനുസരിച്ച് റബ്ബറിന്റെ വരുമാനത്തിൽ 41 ശതമാനം കുറവുണ്ടായിട്ടുണ്ട്. കൂടാതെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ റബ്ബറിനെ നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതാണ് നികുതി പിരിവിലുണ്ടായ കുറവിന്റെ പ്രധാനപ്പെട്ട കാരണം.

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിലെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം

വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനത്ത് ഈ വർഷം 31-03-2015 വരെ ഒരു ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എണ്ണ കമ്പനികളിൽ നിന്നുമുള്ള നികുതി പിരിവ് സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രധാനമായും പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമിൻ, ഫർണസ് ഓയിൽ എന്നിവയുടെ വില്പനയിൽ വന്ന കുറവുമാണ്. സ്വർണ്ണത്തിന്റെ നികുതി പിരിവ് പ്രധാനമായും കോമ്പൗണ്ടഡ് ഡീലർമാരിൽ നിന്നുമാണ്. നടപ്പ് സാമ്പത്തിക വർഷം കോമ്പൗണ്ടിംഗ് നിരക്ക് 125 ശതമാനത്തിൽ നിന്നും 115 ശതമാനമായി കുറച്ചു. അതിന് 2013-14 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യം നൽകി. പ്രസ്തുത ഇനത്തിൽ 2013-14 സാമ്പത്തിക വർഷം അടച്ച നികുതി നടപ്പുസാമ്പത്തിക വർഷത്തെ നികുതിയിൽ നിന്നും കുറച്ച് ബാക്കിയാണ് അടച്ചിരിക്കുന്നത്. അതും ഇക്കൊല്ലത്തെ നികുതി വരുമാനത്തിലെ കുറവിന്റെ മറ്റൊരു കാരണമാണ്. 31-03-2015-ലെ കണക്കനുസരിച്ച് ഈ ഇനത്തിൽ 3 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്. അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കിയത് നികുതി പിരിവ് കുറയുന്നതിനുള്ള മറ്റൊരു കാരണമാണ്. ചിക്കന്റെ

നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ സാധിച്ചില്ല. അതും ഒരു കാരണമാണ്. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 32 ശതമാനം കുറവാണ് സംഭവിച്ചിട്ടുള്ളത്. ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലും വില്പനയിൽവന്ന കുറവുമൂലം പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. Works Contract-ന്റെ പിരിവിൽ പ്രധാനമായും PWD Contractor-മാരുടെ പിരിവിലും കുറവ് സംഭവിച്ചു. നമ്മുടെ കൺട്രോളിനും അപ്പുറത്തുവന്ന സാഹചര്യങ്ങളാണ് നികുതി പിരിവിൽ വന്നിരിക്കുന്ന കുറവിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ. അത് ഗവൺമെന്റിന്റെ അനവധാനതയോ, പിടിപ്പുകേടോ, കെടുകാര്യസ്ഥതയോ അല്ലായെന്ന് വളരെ വ്യക്തമായി ഇതിൽനിന്നും കാണാവുന്നതാണ്.

കരാറുകാരുടെ കുടിശ്ശിക സംബന്ധിച്ച് ശ്രീ. എം. എ. ബേബി ഇവിടെ പറയുകയുണ്ടായി. കോൺട്രാക്ടർമാർക്ക് Letter of Credit അനുവദിക്കുന്നതിന് 2015 മാർച്ച് വരെ 2019 കോടി രൂപയുടെ നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിൽ ലഭ്യമായിട്ടുണ്ട്. Bill Discounting സമ്പ്രദായമനുസരിച്ച് പൊതുമരാമത്ത് റോഡ് വിഭാഗത്തിൽ 2014 സെപ്റ്റംബർ മാസംവരെയുള്ള കുടിശ്ശിക 2015 ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 2014 ഡിസംബർ

മാസംവരെയുള്ള കുടിശ്ശിക 2015 നവംബർ മാസത്തോടുകൂടിയും ജലവിഭവ വകുപ്പിൽ 2014 ഒക്ടോബർ മാസംവരെയുള്ള കുടിശ്ശിക 2015 നവംബർ മാസത്തോടുകൂടിയും കൊടുത്തുതീർക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. Bill Discounting സമ്പ്രദായം ഉപയോഗിച്ച് കരാറുകാർക്ക് കുടിശ്ശിക തുക ബാങ്കുകളിൽ നിന്നും ലഭിക്കുന്നതാണ്. അതനുസരിച്ച് കരാറുകാരുടെ ആറുമാസം വരെയുള്ള കുടിശ്ശിക ബാങ്കുകൾ മുഖേന മാറിയെടുത്തുവരികയാണ്.

ക്ഷേമ പെൻഷനുകളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. സാമൂഹ്യക്ഷേമ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ പെൻഷൻ, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങി ആകെ 2,375 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പെൻഷനുകൾ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്ന സമ്പ്രദായം നടപ്പിലാക്കി വരുന്നുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതൊരു വിപ്ലവകരമായ പരിപാടിയാണ്. 2010-11 മുതൽ 2015-16 വരെയുള്ള കാലയളവുകളിൽ മേൽപ്പടിയിനത്തിൽ അഞ്ചിരട്ടി വർദ്ധനവുണ്ടായിട്ടുണ്ട്. ........എന്റെ പ്രിയപ്പെട്ട പി. സി. ജോർജ് എന്നോട് ചോദ്യം ചോദിക്കാൻ തയ്യാറായി എന്നുള്ളത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കൃഷിക്കാരുടെ അടിസ്ഥാന നികുതി ഒരേക്കറിന്

40/-രൂപ എന്നുള്ളത് 205/-രൂപയാക്കി ഉയർത്തിയിരിക്കുകയാണ്. അതിലും വലിയ ഭീകരത ഒരു വർഷത്തേയ്ക്ക് മുൻകാലപ്രാബല്യം കൊടുത്തു എന്നുള്ളതാണ്. കഴിഞ്ഞ വർഷം 40/- രൂപ അടച്ച ആൾ ഇക്കൊല്ലത്തെ 205/- രൂപയും കഴിഞ്ഞ കൊല്ലത്തെ കുറവുവന്ന 165/-രൂപയും അതിന്റെ 24 ശതമാനം പലിശയും ടാക്സ് അടയ്ക്കണം. ഇന്നുവരെ കേരളത്തിൽ ഉണ്ടാകാത്ത ഒരു നികുതി നിർദ്ദേശമാണിത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് കുറയ്ക്കുന്നതിനെപ്പറ്റി സബ്മിഷൻ തന്നിട്ടുണ്ട്. അതിന് മറുപടി കിട്ടിയിട്ടില്ല. സഭയിൽ ഈ കാര്യം സംബന്ധിച്ച് ടി നികുതി കുറയ്ക്കും; കൃഷിക്കാരോട് നീതി ചെയ്യും; ഞാൻ ധനകാര്യമന്ത്രിയായിരിക്കുമ്പോൾ കർഷകനെ ഇതുപോലെ കൊല്ലില്ല എന്ന് പ്രഖ്യാപിക്കാൻ അങ്ങ് സമയം കണ്ടെത്തുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ സബ്മിഷൻ നല്കിയിരുന്നു. തീർച്ചയായും നികുതി കുറവ് ചെയ്യുമെന്ന മറുപടിയാണ് അതിന് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ: ആ സബ്മിഷന് മറുപടി തന്നിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: ശ്രീ. പി. സി. ജോർജിന് ഒന്നുകൂടി പറയണമെങ്കിൽ പറഞ്ഞോളൂ?

ശ്രീ. പി. സി. ജോർജ്: സർ, ഭൂമിയുടെ അടിസ്ഥാന നികുതി 40/- രൂപയായിരുന്നത് schedule പുതുക്കിയപ്പോൾ 205/- രൂപയായി, അതായത് അഞ്ചിരട്ടിയാക്കി, അതിന് മുൻകാല പ്രാബല്യംകൂടി കൊടുത്തിരിക്കുന്നു. അതുതന്നെയല്ല കഴിഞ്ഞകൊല്ലത്തെ 40/- രൂപ ടാക്സ് അടച്ച ആളുകൾ ഇത്തവണത്തെ 205/- രൂപയും അതോടൊപ്പം കഴിഞ്ഞ കൊല്ലത്തെ കുറവുവന്ന (205-40) 165/-രൂപയും അതിന്റെ 24 ശതമാനം പലിശയും അടയ്ക്കണം. അതുകൊണ്ട് അത് 40/-രൂപയാക്കി നിലനിർത്തണം. റബ്ബറിനും മറ്റും വിലയില്ലാതെ കൃഷിക്കാരൻ തകർന്ന സാഹചര്യത്തിൽ ഈ നികുതി നിർദ്ദേശത്തിൽ നിന്ന് അങ്ങ് കർഷകരെ രക്ഷിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. കെ. എം. മാണി: സർ, എല്ലാ കാലഘട്ടങ്ങളിലും ഇതുപോലുള്ള നികുതി നിർദ്ദേശങ്ങൾ വരും. ആ നികുതി നിർദ്ദേശങ്ങൾ, നികുതി കൊടുക്കേണ്ട ആളുകൾക്ക് ഒരു ഭാരമാണ്; അതിന് യാതൊരു സംശയവുമില്ല. അടിസ്ഥാന നികുതി വർദ്ധിപ്പിച്ചത് സാധാരണക്കാർക്ക് ഭാരമാണ്. പല ആളുകളും എന്റെയടുത്ത് പരാതിപ്പെട്ടിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അതിൽ ഉണ്ടാകുന്ന ദോഷകരമായ പ്രവണതകളൊക്കെ പരിശോധിച്ച് വേണ്ട നീക്കുപോക്കുകൾ വരുത്തുന്നത് ബഡ്ജറ്റ് കാലഘട്ടങ്ങളിലാണ്. നമുക്ക് അത് പരിശോധിക്കാം.

ശ്രീ. മോൻസ് ജോസഫ്: സർ, ഇന്ന് ശ്രീ. പി. സി. ജോർജ്ജും ശ്രീ. റോഷി അഗസ്റ്റിനും ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ തന്നിരുന്നു. അധികമായി കൊണ്ടുവന്ന ഭൂ നികുതി പിൻവലിക്കുക എന്നുള്ളതാണ് ഇവിടെ ഉന്നയിക്കുന്ന ആവശ്യം. കർഷകരെ സംബന്ധിച്ചിടത്തോളം കൂടുതലായി ഭൂ നികുതി ഈടാക്കുന്നത് അവർക്ക് ഒരു ബുദ്ധിമുട്ടായി വന്നിട്ടുണ്ട്. അക്കാര്യം പ്രത്യേകമായി പരിശോധിക്കാനും അധികമായി വന്ന ഭൂ നികുതിയിൽ ഇളവ് കൊടുക്കാനുമുള്ള ഒരു നടപടി വേണമെന്നുള്ളതാണ് പൊതുവെയുള്ള ആവശ്യം. അത് അങ്ങ് പരിശോധിക്കണം എന്നുള്ളതാണ്.

ശ്രീ. കെ. എം. മാണി: സർ, ഇളവുകൾ പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ, അടച്ച നികുതി നീക്കുപോക്ക് ചെയ്യാം. ഇത് ഒരു ഓപ്പൺ ആയി ഇരിക്കട്ടെ. ഞാനത് വളരെ അനുഭാവപൂർവ്വം പരിശോധിക്കും.

ശ്രീ. പി. സി. ജോർജ്: അങ്ങ് ദൈവത്തെയോർത്ത് ഇങ്ങനെ ഉരുളരുത്. ഇത് കർഷകവർഗ്ഗത്തിന്റെ പ്രശ്നമാണ്. കേരളത്തിലെ മുഴുവൻ കർഷകരും ദുഃഖത്തിലാണ്. ഇത് രാഷ്ട്രീയമായി നഷ്ടം ഉണ്ടാക്കുന്ന കാര്യമാണ്. അങ്ങ് ഇവിടെ ഒരു പ്രഖ്യാപനം നടത്തിയാൽ ഇന്നുകൊണ്ട് തീരുന്ന കാര്യമാണ്. അത് പിന്നത്തേക്ക് മാറ്റിവയ്ക്കണോ?

<u>ശ്രീ. കെ. എം. മാണി</u>: ശ്രീ. പി. സി. ജോർജ്, കർഷകന്റെ ശബ്ദം ഏറ്റവും കൂടുതൽ ഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് എനിക്കിതിന്റെ ഗ്രാഹ്യം ഉണ്ട്; അത് കുറച്ചു കൂടുതലാണ്. എനിക്കിതിൽ പരാതി കിട്ടിയിട്ടുണ്ട്. അത് എന്റെ ഹൃദയത്തെ സ്പർശിച്ചിട്ടുണ്ട്; അതിനുള്ള നീക്കുപോക്കുകൾ വേണ്ട സമയത്ത് ചെയ്യും.

വിപണി ഇടപെടലിനായി ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പിന് 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റേഷൻ സബ്സിഡിക്കായി 206 കോടി രൂപയും നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 125 കോടി രൂപയും അനുവദിച്ചു. നെല്ല് സംഭരണത്തിനാവശ്യമായ 225 കോടി രൂപ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയിൽ നിന്ന് കടമെടുക്കാൻ അനുവാദം നല്കിയിട്ടുണ്ട്. ഈ തുക തിരിച്ചെടുക്കാൻ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വിഹിതം വകയിരുത്തി അനുവദിച്ചു നല്കുന്നതാണ്. എത്രയോ ഉദാരമായ ഒരു സമീപനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്; പ്രതിപക്ഷം ഉണ്ടായിരുന്നെങ്കിൽ ഒന്നു മനസ്സിലാക്കിക്കൊടുക്കാമായിരുന്നു.

ലെഡ്ജർ അക്കൗണ്ട് - സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് രേഖപ്പെടുത്തുന്നത്, യഥാർത്ഥ ചെലവ് ഒഴിവാക്കി ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന തുക കൂടി കണക്കിലെടുത്താണ്. ഇത്തരത്തിൽ യഥാർത്ഥ ചെലവ് വരാത്ത തുകകൂടി

കണക്കിലെടുത്ത് റവന്യൂ കമ്മി കണക്കാക്കുന്നത് ഒഴിവാക്കാനാണ് ലെഡ്ജർ അക്കൗണ്ട് സമ്പ്രദായം നടപ്പിലാക്കുന്നത്. അത് വലിയൊരു മാറ്റമാണ്. 2014-15 സാമ്പത്തിക വർഷം ലെഡ്ജർ അക്കൗണ്ടിലേക്ക് രേഖപ്പെടുത്തിയ വിഹിതം നടപ്പു സാമ്പത്തിക വർഷം ചെലവഴിക്കുവാൻ അനുവദിച്ച് നല്കി വരുന്നുണ്ട്. യഥാർത്ഥത്തിൽ ചെലവഴിക്കാൻ സാധിക്കാതെ ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റിയിടുന്ന തെറ്റായ പ്രവണതയ്ക്ക് കടിഞ്ഞാണിടുന്ന നടപടിയാണ് ഇപ്പോൾ ഇതുമൂലം സാധിച്ചിരിക്കുന്നത്.

റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി - സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച റബ്ബർ വിലസ്ഥിരതാ ഫണ്ടിനായി 300 കോടി രൂപ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ഓൺലൈനായി സഹായം നല്കുന്നു. പത്തുലക്ഷത്തിൽപ്പരം ചെറുകിട റബ്ബർ കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കർഷകർക്ക് ഒരു കിലോ റബ്ബറിന് 150 രൂപ ഉറപ്പാക്കും. ഈ മേഖലയിൽ ഒരു പുത്തനുണർവ് ഇതുമൂലമുണ്ടാകുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ:</u> സർ, കർഷകർക്ക് രജിസ്റ്റർ ചെയ്യാനുള്ള സമയം നീട്ടിക്കിട്ടണമെന്നുള്ള ഒരാവശ്യം ഉണ്ടായിട്ടുണ്ട്. പലകാരണങ്ങൾ കൊണ്ടും

എല്ലാവർക്കും രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഡേറ്റ് 30-ാം തീയതി തീരുകയാണ്; അതുകൊണ്ട് ഡേറ്റ് അല്പം കൂടി നീട്ടിക്കൊടുക്കണം.

ശ്രീ. കെ. എം. മാണി: സർ, നീട്ടിക്കൊടുക്കാം. ഏതായാലും ശ്രീ. ജോസഫ് വാഴക്കൻ ഇത് ഉന്നയിച്ചത് നന്നായി. രജിസ്റ്റർ ചെയ്യുന്നതിനുള്ള ഡേറ്റ് നീട്ടിക്കൊടുക്കാം. പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിരവധി നടപടികൾ എടുത്തിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതൊന്നും ഇവിടെ പ്രതിപാദിക്കുന്നില്ല. മൊത്തത്തിൽ ഇതു മാത്രമേ എനിക്ക് പറയുവാനുള്ളൂ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത വിഹിതം വെട്ടിക്കുറച്ചത് പല പദ്ധതികളെയും സാരമായി ബാധിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന്റെ കാര്യം, 75 ശതമാനം വിഹിതം കേന്ദ്രം വഹിച്ചിരുന്നത് ഇപ്പോൾ 40 ശതമാനം മാത്രമേ വഹിക്കുന്നുള്ളൂ. ഫിഷിംഗ് ഹാർബർ പോലെയുള്ള ഭൂരിപക്ഷം പ്രവർത്തനങ്ങളും പൂർത്തീകരിച്ച പദ്ധതികൾക്ക് സംസ്ഥാനം അതിന്റെ വിഹിതം വഹിക്കാൻ തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിക്കണം. ഈ കാര്യത്തിൽ അങ്ങയുടെ ഒരു തീരുമാനം ആവശ്യമാണ്.

ശ്രീ. കെ. എം. മാണി: സർ, അത് തീർച്ചയായും പരിശോധിക്കാവുന്നതാണ്. റബ്ബർ കർഷകരെ മാത്രമല്ല, നാളികേര കർഷകരെയും സഹായിക്കാൻ എന്തെല്ലാം

ചെയ്യാൻ കഴിയുമോ അതെല്ലാം ഈ ഗവൺമെന്റ് ചെയ്യുന്നതാണ്. അതിനുള്ള ക്രിയാത്മകമായ പദ്ധതികൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുന്നോട്ടുകൊണ്ടുപോകും.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, പൈനാപ്പിൾ കൃഷിക്കാർക്ക് കഴിഞ്ഞവർഷം ബഡ്ജറ്റിൽ തുക വച്ചിരുന്നു. ഈ വർഷം അവർക്ക് ഒന്നും വകയിരുത്തിയിട്ടില്ല. അതുകൂടി പരിഗണിക്കണം.

ശ്രീ. കെ. എം. മാണി: സർ, ആ വിഷയം തീർച്ചയായും പരിഗണിക്കാം. പൈനാപ്പിൾ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. ഇപ്പോൾ ബഡ്ജറ്റിൽ തുക വച്ചിട്ടില്ലെങ്കിൽ അഡീഷണൽ ഓതറൈസേഷൻ തരാം. ധനകാര്യവകുപ്പ് അത് പരിശോധിച്ചിട്ട് അതിനാവശ്യമായ നടപടികൾ ചെയ്യാം. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,52,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂ നികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 59,17,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 180,40,20,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,22,66,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,57,67,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,35,28,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,06,82,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,05,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 326,12,65,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,00,02,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,03,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,96,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,34,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും എന്ന എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 38,99,12,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.